
# കേരള സഭയുടെ വ്യക്തിത്വം

റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ, C.M.I



J. ELAMKUNNAPUZHA

www.malankaralibrary.com

# കേരള സഭയുടെ വ്യക്തിത്വം

REV. DR. PLACID J. PODIPARA C. M. I. (ROME)

മാർത്തോമ്മാ ശ്ലീഹായുടെ

പത്തൊമ്പതാം ചരമശതാബ്ദി

സ്മാരകം

പ്രസാധകർ :

പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ.

www.malankaralibrary.com

# Kerala Sabhayude Vikathuthuam

( MALAYALAM )

SOUVENIR

OF

THE 1900 th ANNIVERSARY OF THE MARTYRDOM OF ST. THOMAS

(72-1972)

BY

REV. DR. PLACID J. PODIPARA C. M. I. (ROME)

PUBLISHERS

PRAKASAM PUBILICATIONS, ALLEPPY, S. INDIA.

2-50.

PRINTED AT : EDESSA PRESS, KOTTAYAN.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ഒരുവാക്ക്

കേരള സഭയ്ക്ക് ക്രൈസ്തവ സഭയോളംതന്നെ പ്രായമുണ്ട്. ക്രിസ്ത്വാബ്ദം 52-ലാണല്ലോ ഇവിടെ ഇതിന്റെ ആരംഭം. യഹൂദവംശജനും യേശു ശിഷ്യനുമായ മാർത്തോമ്മായാണ കേരളത്തിൽ ആദ്യമായി ക്രിസ്തുമതം പ്രസംഗിച്ചതും പ്രചരിപ്പിച്ചതും.

അക്കാലത്ത് കേരളത്തിൽ പ്രാബല്യത്തിലിരുന്നത് ബ്രാഹ്മണ മേധാവിത്വത്തോടുകൂടിയ ഹിന്ദുമതമായിരുന്നു. വ്യാപാരപരവും അന്യവുമായ കാരണങ്ങളാൽ, മാർത്തോമ്മായുടെ വരവിന്നു വളരെ മുമ്പുതന്നെ, ഒരുപററം യഹൂദന്മാർ കേരളത്തിൽ കുടിയേറിപ്പാർപ്പുറപ്പിച്ചിരുന്നു. ഇവരുടെ സാന്നിദ്ധ്യം മാർത്തോമ്മായെ ഇവിടേയ്ക്കു് ആകർഷിച്ചിരിക്കാം.

ആദ്യകാല ക്രിസ്തുമതാവലംബികളിൽ ഭൂരിപക്ഷവും ഇവിടത്തെ ഉയർന്ന ജാതിയിൽപ്പെട്ട ബ്രാഹ്മണരായിരുന്നു. അന്നു മതംമാറിയ ബ്രാഹ്മണകുടുംബങ്ങളിൽ ചിലതെങ്കിലും അതേ ഇല്ലപ്പേരുകളിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

ചാവക്കാടിനു സമീപമുള്ള പാലയൂർ ക്ഷേത്രത്തിലെ പൂജാരികളുമായി മാർത്തോമ്മാ സംവാദത്തിലേർപ്പെട്ടതും അവരിൽ ഏതാനും ബ്രഹ്മണകുടുംബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചതും, അതുകണ്ട് കുപിതരായ അവരുടെ സഹജർ 'ഇനിയത്തെ കുളി വെമ്പേനാട്ടു'' എന്നു പറഞ്ഞു് ആ നാടിനെ ശപിച്ചുകൊണ്ടു് കുടിയി

www.malankaralibrary.com

റങ്ങിപ്പോയതുമൊക്കെ തലമുറകൾ കടന്നു് നമ്മുടെ ഓർമ്മയിലും വന്നു തങ്ങിനിൽപ്പുണ്ടു്.

അങ്ങിങ്ങായി ക്രിസ്തുമതം സ്വീകരിച്ചവർക്കു വേണ്ടി മാർത്തോമ്മാ, അന്നേ ഏഴു സഭാകേന്ദ്രങ്ങൾ സ്ഥാപിച്ചു; ആദ്യ ക്രിസ്ത്യാനികളിൽ നിന്നുതന്നെ ഏതാനും പേരെ തിരഞ്ഞെടുത്തു വൈദികരായി അഭിഷേചിച്ചു് സഭാഭരണവും അവരെ ഏൽപിച്ചു.

ഈ വൈദിക പരമ്പര എന്നുവരെ ഇവിടെ നില നിന്നെന്നോ, അന്നവർ നടത്തിപ്പോന്ന 'ആരാധന'യുടെ പ്രകൃതമെന്തെന്നോ, അതിനായി അവർ ഉപയോഗിച്ച ഭാഷ ഏതെന്നോ—നമുക്കു് ഒരു പിടിയുമില്ല. എന്നാൽ നാലാം നൂററാണ്ടുമുതൽ കേരളസഭ, ആദ്യം പേർഷ്യയിലെയും പിന്നീടു് മെസോപ്പൊട്ടേമിയയിലെയും സഭകളുമായി വളരെ അടുത്ത ബന്ധം പുലർത്തിപ്പോന്നെന്നും അവിടങ്ങളിൽനിന്നു മെത്രാന്മാരെയും അവരുടെ ആരാധനക്രമവും സ്വീകരിച്ചുപോന്നെന്നും ചരിത്രരേഖകൾ പറയുന്നുണ്ടു്.

ആദ്യക്രിസ്ത്യാനികളിൽ സിംഹഭാഗവും ഹിന്ദുമതത്തിലും സമുദായത്തിലും പെട്ടവരായിരുന്നതുകൊണ്ടു് അവരുടെ ജീവിതരീതിയും സാമൂഹ്യാചാരങ്ങളുമാണു് ക്രിസ്ത്യാനികൾ അവലംബിച്ചുപോന്നതു്. ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ, വിശ്വാസവിഷയങ്ങളിലല്ലാതെ മററൊന്നിലും കാര്യമായ വ്യത്യാസങ്ങളുണ്ടായിരുന്നില്ല. ഇങ്ങനെ ഇവിടത്തെ മാർത്തോമ്മാ നസ്രാണികൾ, അദ്യാപി, 'സംസ്ക്കാരത്തിൽ ഹിന്ദുക്കളും വിശ്വാസത്തിൽ ക്രിസ്ത്യാനി

www.malankaralibrary.com

കളും ആരാധനയിൽ പൗരസ്ത്യരും ആയുള്ളൊരു വ്യക്തിത്വമാണ് പുലർത്തിപ്പോന്നത്. അനന്യസാധാരണവും അസൂയാർഹവുമായ തീക്ഷ്ണതയോടെ പൂർവ്വപിതാക്കന്മാർ ഈ വ്യക്തിത്വം സംരക്ഷിച്ചുപോരികയും ചെയ്തു.

എന്നാൽ 16-ാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തോടെ മാർത്തോമ്മാ നസ്രാണികളുടെ ദുർദ്ദശ ആരംഭിച്ചു. അധിനിവേശ കുതുകികളായ പോർത്തുഗീസുകാർ കേരളത്തിലെത്തി തങ്ങളുടെ ദുർമ്മോഹസിദ്ധിക്ക് അവരെ ഉപകരണമാക്കുവാൻവേണ്ടി കേരള സഭയെ, റോമായുടെ തണലിൽ, 'പാഷാണ്ഡ'യെന്നു മുദ്രകുത്തുകയും നാനാതരത്തിൽ മർദ്ദിച്ച് അവശയാക്കി കീഴ്പ്പെടുത്തുകയും ചെയ്തു. അതോടെ അവളുടെ വ്യക്തിത്വം നഷ്ടപ്പെട്ടു; പാരതന്ത്ര്യം ആരംഭിച്ചു.

തുടർന്നുള്ള നൂററാണ്ടുകളിൽ, കേരളസഭാ നായകന്മാരുടെ പരിശ്രമങ്ങളത്രയും ഈ പാരതന്ത്ര്യച്ചങ്ങലയെ പൊട്ടിച്ചെറിയുന്നതിനും, നഷ്ടപ്പെട്ട വ്യക്തിത്വത്തെ എത്തിപ്പിടിക്കുന്നതിനും വേണ്ടിയായിരുന്നു. പക്ഷെ, അതിനവർ വലിയ വിലകൊടുക്കേണ്ടിവന്നു. പലക്കും അവരുടെ മാനവും ജീവനും പണയപ്പെടുത്തേണ്ടതായിവന്നു. വിജയം അവരെ കടാക്ഷിക്കുവാൻ കനിഞ്ഞതു് കഴിഞ്ഞ നൂററാണ്ടിന്റെ അന്ത്യപാദത്തോടെ മാത്രമാണ്. അപഹൃതമായ വൈദികാദ്ധ്യക്ഷക്രമം ഭാഗികമായിട്ടെങ്കിലും പുനഃസ്ഥാപിതമായി; വികൃതമാക്കപ്പെട്ട ആരാധനക്രമം പുനഃപരിശോധനക്കും അനുകൂലമായ തീരുമാനത്തിനും വിഷയമായി. പക്ഷെ, ഇന്നത്തെ നസ്രാണി നേതാക്കന്മാർക്ക് പണ്ടുള്ളവർക്കുണ്ടാ

www.malankaralibrary.com

യിരുന്നത്ര ഉൾക്കാഴ്ചയും, വംശബോധവും, ചരിത്ര ജ്ഞാനവും ഇല്ലാതെ പോയതുകൊണ്ടു് ഇന്നത്തെ കേരള സഭയ്ക്കു് പാശ്ചാത്യ–പൗരസ്ത്യ സമ്മിളിതമായ ഒരു വക സങ്കര സംസ്ക്കാരവും ആരാധനക്രമവും പേറേണ്ട ഗതികേടാണു് വന്നുകൂടിയിരിക്കുന്നതു്

ഈ കഥയാണു് — ചരിത്രമാണു് — തെളിവുകൾ സഹിതം പണ്ഡിതാഗ്രഗണ്യനായ ഗ്രന്ഥകാരൻ ഈ പുസ്തകത്തിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്.

വരുംതലമുറയ്ക്കെങ്കിലും ഇതുകൊണ്ടു് ഉപകാരമുണ്ടാകട്ടെ !

**ഫാ. ഹോർമ്മിസ്സ്, സി. പെരുമാലി**

മാ. എഡിററർ, പ്രകാശം പബ്ളിക്കേഷൻസ്സ്.

www.malankaralibrary.com

# കേരളസഭയുടെ വ്യക്തിത്വം

**ആമുഖം**

കേരളസഭ, അതിൻെറ ആരംഭകാലംമുതൽ, ഇൻഡ്യയുടെ തെക്കുപടിഞ്ഞാറൻതീരത്തുള്ള കേരളത്തിൽ സ്ഥിതിചെയ്തുപോരുന്നു. സ്വന്തം ഹയരാക്കിയോടും, ആരാധനക്രമത്തോടും, ആകയാൽ മററെല്ലാ "പ്രത്യേക സഭക"ളിൽ നിന്നും വിഭിന്നമായ വ്യക്തിത്വത്തോടും കൂടിയ ഒരു "പ്രത്യേക സഭ"യാകുന്നു അതു്.

അതീതകാലങ്ങളിൽ കേരളസഭയുടെ വ്യക്തിത്വം അതിൻെറ സ്വയം ഭരണത്തിലാണു നിലനിന്നതു്. അതിൻെറ പ്രത്യേക സ്വഭാവ വിശേഷതകളാൽ അതു തീർത്തും പൗരസ്ത്യ-ഭാരതീയവുമായിരുന്നു. പതിനാറാം ശതകത്തിൻെറ അവസാനത്തോടും പതിനേഴാം ശതകത്തിൻെറ ആരംഭത്തോടുംകൂടി അതു നിയമപരമായി നിർത്തലാക്കപ്പെടുകയും വിരൂപമാക്കപ്പെടുകയുംചെയ്തു. എന്നാൽ സുദീർഘവും ക്ലേശകരവുമായ സമരത്തിനുശേഷം ഈ സഭയ്ക്കു അതു വീണ്ടെടുക്കാൻ കഴിഞ്ഞു. പൂർവ്വ പൂർണ്ണതയും പ്രാചീന സൗന്ദര്യവും പുനഃപ്രാപിക്കാൻ കഴിഞ്ഞാൽ അതിൻെറ പ്രാധാന്യം മഹത്തായിരിക്കും. പക്ഷേ അതിൻെറ നിലനില്പിനും അഭിവൃദ്ധിക്കുംവേണ്ടി ഇനിയും വളരെയേറെ ബുദ്ധിമുട്ടേണ്ടതായിട്ടാണിരിക്കുന്നതു്. ഇവയെപ്പററി നാതി ദീർഘമായി ഇതിനുപരി പ്രതിപാദിക്കാം.

www.malankaralibrary.com

# I

## കേരളസഭയുടെ വിദേശ ബന്ധം—ആരാധനക്രമം

അതീതകാലങ്ങളിൽ കേരളസഭയുടെ വ്യക്തിത്വം അതിന്റെ സ്വയംഭരണസമ്പ്രദായത്തിലാണ് നിലനിന്നതു്. അതിന്റെ പ്രത്യേക സ്വഭാവവിശേഷതകളാൽ അതു തീർത്തും പൗരസ്ത്യവും ഭാരതീയവുമായിരുന്നു.

ശരിയായ അടിസ്ഥാനത്തോടുകൂടിയ പാരമ്പര്യമനുസരിച്ച് കേരളസഭയുടെ സ്ഥാപകൻ മാർത്തോമ്മാ ശ്ലീഹായാണ്. അതിനാൽ കേരളീയരെ ''മാർത്തോമ്മാക്രിസ്ത്യാനികൾ''എന്നു വിളിക്കുന്നു. അതിപ്രാചീനമായകാലത്തുതന്നെ കേരളസഭ, ആദ്യം സാക്ഷാൽ പേർഷ്യായിലെ സഭയുമായും പിന്നീടു മെസോപ്പൊട്ടേമിയായിലെ സഭയുമായും ബന്ധം സ്ഥാപിച്ചിരുന്നു. കേരളസഭയ്ക്കു് അതിന്റെ മെത്രാന്മാരെ തുടരെത്തുടരെ ലഭിച്ചിരുന്നതു ഈ സഭകളിൽനിന്നായിരുന്നു. ഈ സഭകളിൽനിന്നുതന്നെയാണ് അതിന്റെ പൗരസ്ത്യ സുറിയാനി ആരാധനക്രമ രീതിയും അതിനു ലഭിച്ചതും. എന്നാൽ ഈ സഭ മേല്പറഞ്ഞ സഭകളുടെ പ്രവർത്തനഫലമോ, അവയുടെ ഒരു അവിഭാജ്യ ഘടകമോ ആയിരുന്നില്ല. ഈ സഭ അതിന്റെ ശ്ലൈഹികോൽപത്തിയിൽ അഭിമാനം കൊണ്ടിരുന്നു. കേരളീയ ജീവിതരീതിയെ അടിസ്ഥാനപ്പെടുത്തിയുള്ള സ്വന്തമായ ആചാരങ്ങളും ശിക്ഷണരീതികളുമാണ് അതിനുണ്ടായിരുന്നതു്. മുകളിൽപ്പറഞ്ഞ സഭകളിൽനിന്നു സമ്പാദിച്ച പൗരസ്ത്യസുറിയാനി ആരാധനക്രമം അഭംഗം കാത്തുസൂക്ഷിച്ചുകൊണ്ടു്, കേരളീയർക്കു സുപരിചിതമായ ഹൈന്ദവജീവിതരീതിയെ [1] നവീകരിച്ചും ക്രൈസ്തവീകരിച്ചും അതിനെ സമ്പന്നമാക്കിത്തീർക്കുകയും ചെയ്തു.

www.malankaralibrary.com

## അധികാരികം– സ്ഥാനപ്പേരുകം

കേരള സഭയുടെ പ്രധാന വൈദികാധികാരിയെ "അഖിലേന്ത്യായുടെയുംമെത്രാപ്പോലീത്തായും പടിവാതിലും" എന്നു വിളിക്കപ്പെട്ടിരുന്നു. [2] പൗരസ്ത്യദിക്കിൽ "പടിവാതിൽ" പരമാധികാരത്തെദ്യോതിപ്പിക്കുന്നു. ഈ മെത്രാപ്പോലീത്തായുടെ ഭരണാധികാരം ഇൻഡ്യാ മുഴവൻ വ്യാപിച്ചിരുന്നു. [3] മെസോപ്പൊട്ടേമിയായിലെ പൗരസ്ത്യ സുറിയാനി പാത്രിയക്കീസാണ് അദ്ദേഹത്തെ അയച്ചിരുന്നതെങ്കിലും അദ്ദേഹത്തിനു ഒരു സ്വതന്ത്ര പദവിയാണുണ്ടായിരുന്നത്. അതു കൊണ്ടായിരിക്കണം അദ്ദേഹത്തെ ചിലപ്പോൾ പാത്രിയക്കീസ് [4] എന്നുകൂടി വിളിച്ചിരുന്നത്. എന്നാൽ പാരമ്പര്യത്തിൽനിന്നും 16-ം 17-ം നൂററാണ്ടുകളിലെ ചില രേഖകളിൽനിന്നും നമുക്കറിയാവുന്നതുപോലെ കേരളസഭയുടെ ഭരണം യഥാർത്ഥത്തിൽ വഹിച്ചിരുന്നതു അർക്കദിയാക്കോൻ എന്നറിയപ്പെട്ടുന്ന ഏതദ്ദേശീയ വൈദികാധികാരിയായിരുന്നു. അർക്കദിയാക്കോൻെറ സ്ഥാനപ്പേരു് "അഖിലേന്ത്യായുടെയും അർക്കദിയാക്കോൻ" [5] എന്നായിരുന്നു. ആകയാൽ ഇൻഡ്യ മുഴവനിലെയും സഭ കേരളത്തിലേക്കു കേന്ദ്രീകരിക്കപ്പെട്ടു. അർക്കദിയാക്കോന്മാരുടെ നിയന്ത്രണത്തിൽ കേരളസഭ അതിൻെറ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. കേരളീയരുടെ സാമൂഹ്യ–രാഷ്ട്രീയ നേതാക്കന്മാരും അർക്കദിയാക്കോന്മാർതന്നെയായിരുന്നു. മററെല്ലാ പ്രവർത്തനങ്ങളെയും മാററിനിർത്തിക്കൊണ്ടു കേരളത്തിലെ പള്ളിയോഗങ്ങളുടെ പ്രവർത്തനങ്ങളെപ്പററി ഇവിടെ കുറഞ്ഞൊന്നു പ്രതിപാദിക്കാം.

www.malankaralibrary.com

## ഇടവകയോഗങ്ങൾ

ഒരു ഇടവകയിലെ പ്രായപൂർത്തിവന്നവരുടെയും ആ ഇടവകയിലെ വൈദികരുടെയും യോഗമാണ് ഇടവകയുടെ ഭൗതിക സ്വത്തുക്കളുടെ ഭരണം നടത്തുകയും, ജനങ്ങളുടെ ക്രൈസ്തവജീവിതത്തിന്റെ മേലന്വേഷണം വഹിക്കുകയും ചെയ്തിരുന്നതു. പരസ്യക്കുററക്കാരെ മഹറോൻചൊല്ലുവാൻ, സമൂഹത്തിൽനിന്നു നിഷ്കാസനം ചെയ്യുവാൻപോലും ഈ യോഗങ്ങൾക്ക് അധികാരമുണ്ടായിരുന്നു. ഗുരുതരസ്വഭാവത്തോടുകൂടിയ കാര്യങ്ങൾ രണ്ടോ അധികമോ പള്ളികളിലെയോ ഇടവകകളിലെയൊ യോഗങ്ങൾ ഒരുമിച്ചിരുന്നു കേട്ടുതീരുമാനിച്ചിരുന്നു. സഭയേയോ സമൂഹത്തെയോ ഒന്നാകെ ബാധിക്കുന്നകാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ ചേർന്നു കൈകാര്യം ചെയ്തിരുന്നു. അങ്ങനെ കേരളസഭ ഒരു ക്രിസ്ത്യൻറിപ്പബ്ലിക്കിന്റെ ഛായയാണു കൈക്കൊണ്ടിരുന്നതു്.[6]

മുകളിൽപറഞ്ഞ തരത്തിലുള്ള സ്വയംഭരണത്തിലും, പൗരസ്ത്യസുറിയാനി ആരാധനാക്രമത്തിലും, ക്രൈസ്തവീകരിക്കപ്പെട്ട ഹൈന്ദവാചാരങ്ങളിലും മററും പ്രകടിതമായ കേരളസഭയുടെ വ്യക്തിത്വം കേരളീയക്ക് "തോമ്മായുടെ നിയമം" തന്നെയായിരുന്നു. "തോമ്മായുടെ ഈ നിയമം" മതപരവും സാംസ്കാരികവുമായ വീക്ഷണത്തിൽ കേരളസഭയെ ഇൻഡ്യൻ മണ്ണിൽ പൂർണ്ണമായും ഏതദ്ദേശീയമാക്കിത്തീർത്തിരുന്നു. കേരളസഭയുടെ വ്യക്തിത്വത്തിന്റെ പ്രത്യേക സ്വഭാവവിശേഷതകൾ പൂർണ്ണമായും പൗരസ്ത്യവും ഭാരതീയവുമായിരുന്നു.[7]

www.malankaralibrary.com

# II

## പോത്തുഗീസുകാരുടെ വഴിപിഴച്ച നയം—കേരളീയരുടെ എതിപ്പ്

കേരളസഭയുടെ വ്യക്തിത്വം പതിനാറാം ശതകത്തിന്റെ അവസാനത്തോടും പതിനേഴാം ശതകത്തിന്റെ ആരംഭത്തോടുംകൂടി നിയമപരമായി നിത്തലാക്കപ്പെട്ടകയും വിരൂപമാക്കപ്പെട്ടകയും ചെയ്തുവെന്നതു ഖേദകരമായ ഒരു വസ്തുതയാണ്. കേരളസഭയുടെ നേരേ പോത്തുഗീസുകാർ സ്വീകരിച്ച നയമാണ് ഇതിനു കാരണം.

പോത്തുഗീസുകാർ കേരളത്തിൽ അവരുടെ വ്യാപാരപരവും മതപരിവത്തനപരവുമായ പ്രവത്തനങ്ങൾ ആരംഭിച്ചതു 16-ാം നൂററാണ്ടിലാണ്. 1534 മുതൽ ഒരു പോത്തുഗീസു മെത്രാസനമായിരുന്ന ഗോവാ, 1558 ൽ ഒരു അതിമെത്രാസനമായി ഉയത്തപ്പെട്ടു. കേരളത്തിൽ 1558 ൽ ഒരു പോത്തുഗീസു മെത്രാസനമായി സ്ഥാപിക്കപ്പെട്ട കൊച്ചി, ഗോവായുടെ സാമന്ത രൂപതയായിരുന്നു. ഈ രണ്ടു മെത്രാസനങ്ങളും പോത്തുഗീസു രാജാവിന്റെ പദ്രുവാദോ അധികാരത്തിനു വിധേയവുമായിരുന്നു.

### എല്ലാം പാഷണ്ഡത

പോർത്തുഗീസുകാരുടെ ദൃഷ്ടിയിൽ കേരളസഭയുടെ "തോമ്മായുടെ നിയമ"വും അതുൾക്കൊണ്ടിരുന്നവ സമസ്തവും പാഷണ്ഡതയും അന്ധവിശ്വാസവുമായിരുന്നു. കേരളീയരെ ലത്തീൻ റീത്തുകാരാക്കി പദ്രുവാദോ ലത്തീൻ ഭരണത്തിൻകീഴിൽ കൊണ്ടുവരികയെന്നതായിരുന്നു അവരുടെ നയം. 16-ാം നൂററാണ്ടിൽ കേരളത്തിലുണ്ടായിരുന്ന പൗരസ്ത്യ സുറിയാനി മെത്രാന്മാരിൽ ചിലരോടു "കത്തോലിക്കരെന്ന"പോലെയും മററു ചിലരോടു "പാഷണ്ഡികളെ"ന്നപോലെയുമാണ പോത്തുഗീസുകാർ പെരുമാറിപ്പോന്നതു്.[8] തങ്ങളുടെ റീത്തിനെ ലത്തീനീകരിക്കുന്നതിനെ കേരളീയർ

www.malankaralibrary.com

ശക്തിയായിഎതിത്തു. പോത്തുഗീസുകാർ ലത്തീൻ റീത്തിൽ പട്ടം കൊടുത്ത തങ്ങളുടെ സ്വന്തം മക്കൾക്കുപോലും അവർ എതിരായിരുന്നു.[9] ഗോവാ ഒരു അതി മെത്രാസനമായിത്തീരുന്നതിനു മുൻപുതന്നെ ഗോവാ മെത്രാൻ കേരളത്തിൻെറയും ഇൻഡ്യാ മുഴവൻെറയും[10] മെത്രാനാണെന്നു പോത്തുഗീസുകാർ വാദിച്ചിരുന്നു.

## മാർ അബ്രാഹം

16-ാംനൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ കേരള സഭയുടെ മെത്രാപ്പോലീത്താ അങ്കമാലിയിലെ മാർ അബ്രാഹമായിരുന്നു. മാർപ്പാപ്പായുടെ നിർദ്ദേശമനുസരിച്ചാണു പൗരസ്ത്യസുറിയാനിപാത്രിയക്കീസ് അദ്ദേഹത്തിനു അങ്കമാലി എന്ന സ്ഥാനപ്പേരു നൽകിയതു്.[11] അദ്ദേഹവും അഖിലേന്ത്യാ-യുടെയും പടിവാതിലും[12] തൻെറ റീത്തിൽപെട്ട എല്ലാ മെത്രാന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും മേലധികാരിയും (Superior)[13] ആയിരുന്നു. അദ്ദേഹത്തിൻെറ ഭരണകാലത്തു്, കേരളീയരെ സംബന്ധിച്ച തങ്ങളുടെ നയം നടപ്പാക്കുന്നതിനു പോർത്തുഗീസുകാർ തങ്ങളാലാവതെല്ലാം ചെയ്തു. 1575 ലെയും 1585 ലെയും ഗോവാ സുനഹദോസുകളിൽ കേരളസഭയെ സംബന്ധിച്ച പാസാക്കിയിട്ടുള്ള നിശ്ചയങ്ങളെല്ലാം ഈ ലക്ഷ്യത്തെ മുൻനിത്തി ചെയ്തിട്ടുള്ളവയാകുന്നു.[14] തൻെറ സുഹൃത്തായിരുന്ന മാർ യൗസേപ്പി-ലെന്നപോലെ മാർ അബ്രാഹത്തിലും അവർ പാഷണ്ഡത ആരോപിച്ചു. 1595 ഡിസംബർ 27-ാം തീയതിയിലെ ഒരു അപ്പസ്തോലിക തിരുവെഴുത്തനുസരിച്ചു മാർ അബ്രാഹ-ത്തിൻെറ പിൻഗാമിയെ പൗരസ്ത്യസുറിയാനി പാത്രിയക്കീസല്ല, റോമയിൽനിന്നു നേരിട്ടാണു നിയമിക്കേണ്ടതെന്നു[15] തീരുമാനിച്ചിരുന്നു.

## ഡോം മെനേസിസ്— ഉദയംപേരൂർ സൂനഹദോസ്

മാർ അബ്രാഹം 1597 ൽ നിര്യാതനായി. മുൻപറഞ്ഞ തിരുവെഴുത്തിനെയും, 1597 ജനുവരി 21-ാം തീയതിയിലെ

www.malankaralibrary.com

മററൊരു തിരുവെഴുത്തിനെയും—ഇവരണ്ടും മാർ അബ്രാഹ ത്തിനുവേണ്ടി[16] പുറപ്പെടുവിച്ചിട്ടുള്ളവയാണ്—ആധാരമാക്കി, ഗോവായിലെ പോർത്തുഗീസ് ലത്തീൻ മെത്രാപ്പോലീത്തായായ ഡോം മെനേസീസ് കേരളത്തിൽ പ്രവേശിച്ച്, കേരളസഭയിൽ ഭരണാധികാരം പ്രയോഗിക്കുകയും, ''ഉദയംപേരൂർ സൂനഹദോസ്'' എന്നു ചരിത്രത്തിൽ അറിയപ്പെടുന്ന സമ്മേളനം വിളിച്ചുകൂട്ടുകയുംചെയ്തു. ഇതെല്ലാം മുകളിൽപ്പറഞ്ഞ പോർത്തുഗീസ് നയം നടപ്പിൽ വരുത്തുന്നതിനായിരുന്നു. പക്ഷേ എല്ലാം നിയമവിരുദ്ധമായിട്ടായിരുന്നു.[17] ഉദയംപേരൂർ സൂനഹദോസിൻെറ കാനോനാകൾ അനുസരിച്ചു കേരളീയർ അവരുടെ പാത്രിയാക്കീസിനെ പാഷണ്ഡിയെന്നു ശപിക്കുകയും, റോമാ നേരിട്ടു നിയമിക്കുന്നയാളെമാത്രമേ തങ്ങളുടെ മെത്രാനായി സ്വീകരിക്കു എന്നും മററും വാഗ്ദാനം ചെയ്യുകയും ചെയ്തു. പക്ഷേ സൂനഹദോസിൽ സന്നിഹിതരായിരുന്ന റോസ് എസ്.ജെ.യും കാംപോറി എസ്.ജെ.യും പറയുന്നതു, ''സൂനഹദോസു ക്രമപ്രകാരമല്ലായിരുന്നു, അവിടെ യാതൊരു ചർച്ചയും നടന്നില്ല, സന്നിഹിതരായിരുന്നവക്കു യാതൊന്നും മനസ്സിലായില്ല, റോസ് എസ്. ജെ. യുടെ നിർബന്ധം കൊണ്ടാണു സന്നിഹിതരായിരുന്നവർ നടപടികൾക്കു ഒപ്പുവെച്ചതു, സൂനഹദോസ് കഴിഞ്ഞതിനുശേഷം മെനേസീസ് അതിൽ പലതും കൂട്ടിച്ചേർത്തു, ആകയാൽ അത്തരമൊരു സൂനഹദോസിനെ മാർപ്പാപ്പാ അംഗീകരിക്കരുതു എന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു''വെന്നും മററുമാണ്.[18]

## അങ്കമാലിയുടെ തരംതാഴ്ത്തൽ. പദ്രുവാദോ നിലവിൽവരുന്നു.

മെനേസീസ് കേരളത്തിൽ ചെയ്തതെന്തെന്ന് അറിയുന്നതിനു മുൻപുതന്നെ, 1599 നവംബർ 5-ാം തീയതി ഒരു

www.malankaralibrary.com

ലത്തീൻകാരനായ റോസ് എസ്. ജെ.യെ അങ്കമാലിയിലെ മാർ അബ്രാഹത്തിൻെറ പിൻഗാമിയായി റോമാ നിയമിച്ചു. എന്നാൽ കൂടുതൽ ആശ്ചര്യകരമായിരിക്കുന്നതു് കേരളീയരുടെ പരമാധികാര ഭദ്രാസനമായ അങ്കമാലിയെ 1599 ഡിസംബർ 20-ാം തീയതി ഒരു മെത്രാസനമായി തരം താഴ്ത്തി ഗോവായിലെ പോർത്തുഗീസ് ലത്തീൻ അതിമെത്രാസനത്തിൻെറ സാമന്ത രൂപതയാക്കിത്തീർത്തുവെന്നതാണ്. [19] അങ്ങനെ സ്വയം ഭരണാധികാരമുണ്ടായിരുന്ന ഒരു അപ്പസ്തോലിക സഭയെ, അതിൻെറ സ്വയം ഭരണാവകാശം എടുത്തുകളഞ്ഞുകൊണ്ടു്, 16-ാം നൂററാണ്ടിലെ ഒരു മിഷ്യനറിസഭയുടെ കീഴിലാക്കിത്തീർത്തു.

തങ്ങളുടെ സഭയ്ക്കു നേരിട്ട അധഃപതനത്തെപ്പററി അറിഞ്ഞപ്പോൾ കേരളീയർ അവരുടെ സങ്കടകരമായ വികാരങ്ങളെ ഇങ്ങനെ പ്രകാശിപ്പിച്ചു. ''ഞങ്ങൾ എന്തുതെററു ചെയ്തു?...ഞങ്ങളുടെ സഭ ഒരു അപ്പസ്തോലനാൽ സ്ഥാപിതമല്ലേ? ഇൻഡ്യയിലെ ഏററവും പ്രാചീനമായസഭ ഇതായിരുന്നില്ലേ? ഇതു ഗോവാ മെത്രാപ്പോലീത്തായുടെ പ്രവൃത്തിയാണ്... ഞങ്ങളുടെ സഭ അദ്ദേഹത്തിൻേറതിനേക്കാൾ പ്രാചീനമായിരിക്കുമ്പോൾ അദ്ദേഹത്തിനെങ്ങനെ ഞങ്ങളുടെ സഭയുടെ പ്രൈമററാകുവാൻ കഴിയും...? [20]

1600 ആഗസ്റ്റ് 4-ാംതീയതി പോർത്തുഗൽ രാജാവിൻെറ പദ്രുവാദോ അധികാരം അങ്കമാലിയുടെ മേലും ബാധകമാക്കി.

### ലത്തിനീവൽകരണം

ഇതോടുകൂടി റീത്തിൻെറയും ആരാധനക്രമത്തിൻെറയും (അതായതു തോമ്മായുടെ നിയമത്തിൻെറ) ലത്തിനീകരണം ആരംഭിച്ചു. ലത്തീൻ നിയമങ്ങൾ നടപ്പാക്കിത്തുടങ്ങി.

www.malankaralibrary.com

ദീൎഘകാലമായി നിലനിന്നുപോരുന്ന അൎക്കദിയാക്കോൻെറ അധികാരങ്ങൾ വെട്ടിച്ചുരുക്കി. ആരാധനക്രമത്തിന്റെ ലത്തീനീകരണം ഒരു പരിപൂൎണ്ണവിജയമായില്ല. ആരാധനക്രമം വളരെയധികം വിരൂപമാക്കപ്പെട്ടു. അതിലെ പല ഭാഗങ്ങൾക്കും പകരം ലത്തീൻ (റോമൻ) ആരാധനക്രമത്തിൻെറ സുറിയാനി പരിഭാഷ നടപ്പാക്കി [21]

കേരളീയരുടെയും ബിഷപ്പ റോസ് എസ്. ജെ. യുടെയും നിരന്തരമായ അഭ്യൎത്ഥനകളുടെ ഫലമായി അങ്കമാലിയുടെ അതിമെത്രാസനപദവി 1608 ൽ, അതുനിൎത്തലാക്കിയില്ലായിരുന്നാലെന്നപോലെ, പുനഃസ്ഥാപിക്കപ്പെട്ടു. എന്നാൽ അതിൻെറ സ്ഥാനപ്പേരും, അധിവാസകേന്ദ്രസ്ഥാനവും കൊടുങ്ങല്ലൂരേക്കുമാററി. കൊടുങ്ങല്ലൂർ ഗോവയുടെ സമാന്തര ഭദ്രാസനമായിരുന്നില്ല; എങ്കിലും അതു പദ്രുവാദോ അധികാരത്തിൻ കീഴിൽ തന്നെ സ്ഥിതിചെയ്തു. [22]

## കേരളീയർ ചിതറിക്കപ്പെടുന്നു.

മറെറാരു സംഭവവികാസം. റോസ് എസ്. ജെ. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായിരിക്കുമ്പോൾതന്നെ, 1610–ൽ, ഇൻഡ്യയിലെ പദ്രുവാദോ വൈദീക സംസ്ഥാനം ഗോവാ, കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ (1606–ൽ സ്ഥാപിതമായി) എന്നീ പദ്രുവാദോ വൈദീകാദ്ധ്യക്ഷന്മാൎക്കായി വിഭജിക്കപ്പെട്ടു. തൽഫലമായി, കേരളീയ സുറിയാനിക്കാർ കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകളിലായി വിഭജിക്കപ്പെടുകയുംചെയ്തു. ആ രണ്ടു രൂപതകളിലും ലത്തിൻകാരുമുണ്ടായിരുന്നു. കേരളസഭയുടെ വ്യക്തിത്വത്തിനെതിരായി, അതായതു ഇൻഡ്യയിലെ സഭയ്ക്കും, അതിൻെറ പ്രധാന വൈദീകമേലദ്ധ്യക്ഷന്മാരുണ്ടായിരുന്ന

www.malankaralibrary.com

അഖിലേൻഡ്യാ ഭരണാധികാരത്തിനുമെതിരായി 23 നൽകപ്പെട്ട അവസാനത്തെ അടി ഇതായിരുന്നു. കേരളസഭയുടെ ലത്തീനീകരിക്കപ്പെട്ട റീത്തും, ആരാധനാക്രമവും അതിന്റെ വസ്തുനിഷ്ഠമായ വ്യക്തിത്വത്തിൽ അവശേഷിച്ചിരുന്നവയെ കൂടി വികൃതമാക്കിത്തീർത്തു.

III

# നഷ്ടപ്പെട്ട വ്യക്തിത്വത്തിനായിട്ടുള്ള സമരം

## കൂനൻകുരിശു സത്യവും പിളർപ്പും

തങ്ങളുടെ സഭയുടെ വ്യക്തിത്വം നഷ്ടപ്പെട്ടതു കേരളീയരെ അഗാധമായി സ്പർശിച്ചു. അവർ ശാന്തരായിരുന്നില്ല. ലത്തീനീകരിച്ചതെങ്കിലും അവരുടെ ആരാധനക്രമം സുറിയാനിഭാഷയിൽ തന്നെയായിരുന്നു. അവക്കു തങ്ങളുടേതായ സാമൂഹ്യവും വൈദികവുമായ ആചാരങ്ങളും നടപടികളും ഉണ്ടായിരുന്നു. ഇതെല്ലാം ലത്തീൻകാരിൽനിന്നു വിഭിന്നവും വസ്തുനിഷ്ഠവുമായ ഒരു വ്യക്തിത്വം അവക്കു പ്രദാനം ചെയ്തു. ഇതിനെ മുറുകെപ്പിടിച്ചുകൊണ്ടു, തങ്ങളുടെ സ്വന്തം റീത്തുകാരനായ ഒരു വൈദീകമേലദ്ധ്യക്ഷന്റെ കീഴിൽ തങ്ങളുടെ സഭയുടെ നിയമപരമായ വ്യക്തിത്വം വീണ്ടെടുക്കുന്നതിനുള്ള സമരവും അവർ ആരംഭിച്ചു. ഈ സമരം

www.malankaralibrary.com

നീണ്ടതും ക്ലേശഭൂയിഷ്ഠവുമായിരുന്നു. 1653-ൽ കൊട്ട ങ്ങല്ലരെ അവരുടെ ലത്തീൻ വൈദീക മേലദ്ധ്യക്ഷനായ്യ ഗാർസീയ എസ്. ജെ. ശ്ലേതിരായ ഒരു വിപ്ളവമായി അതു പൊട്ടിത്തെറിച്ചു. ഈ വിപ്ലവത്തിനു ഉടനടിയുണ്ടായ കാരണം ഒരു പൗരസ്ത്യമെത്രാന്റെ (അഹത്തള) ആഗമനവും പോർത്തുഗീസുകാർ അദ്ദേഹത്തെ ഗോവയ്ക്കു നാടുകടത്തിയ തുമാണു്. ആ പൗരസ്ത്യമെത്രാനെ മാർപ്പാപ്പാ തങ്ങൾക്കായി അയച്ചതാണന്നത്രേ കേരളീയർ ഒന്നടങ്കം വിശ്വസിച്ചിരുന്ന തു്. [24] ഒരു ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ ഈ വിപ്ലവം ശീശ്മയിലും യാക്കോബായ വിശ്വാസം സ്വീകരിക്കുന്ന തിലും [25] ചെന്നവസാനിച്ചു.

## ഇൻഡ്യൻ സഭ കേരള സഭയായി ചുരുങ്ങുന്നു

ഈ വിപ്ലവത്തിന്റെ ഫലമായി ലത്തീൻ പ്രൊപ്പഗാന്താ അധികാരവും കേരളത്തിൽ നടപ്പായി. വിശ്വസ്തരായിനിന്ന ഭൂരിപക്ഷം വരുന്ന കേരളീയരും അങ്ങനെ ലത്തീൻ പ്രൊപ്പഗാന്താഭരണത്തിലും ലത്തീൻ പദ്രുവാദോഭരണത്തിലുമായി വിഭജിക്കപ്പെട്ടു. കേരളീയറീത്തു് അവസാനിപ്പിക്കുവാനും തൽസ്ഥാനത്തു ലത്തീൻ റീത്തുനടപ്പാക്കുവാനും ആദ്യത്തെപ്രൊപ്പഗാന്താ വൈദീകമേലദ്ധ്യക്ഷനോടു പ്രൊപ്പഗാന്താതിരുസംഘം ആവശ്യപ്പെട്ടിരുന്നു. [26] പ്രൊപ്പഗാന്താവൈദീകമേലദ്ധ്യക്ഷന്മാരെ സാധാരണയായി വികാരി അപ്പസ്തോലിക്കന്മാർ എന്നാണു് വിളിച്ചിരുന്നതു്. 1700 മുതൽ 1887 വരെ അവരെല്ലാം വിദേശികളായ ലത്തീൻ കർമ്മലീത്താക്കാരായിരുന്നു. [27] എല്ലാ കേരളീയരും ഏതെങ്കിലും ഒരു ഭരണാധികാരത്തിനു കീഴായിരുന്ന കാലഘട്ടങ്ങളുമുണ്ടായിരുന്നു. രണ്ടു ഭരണാധികാരങ്ങളുടെകീഴും ലത്തീൻ കാരുമുണ്ടായിരുന്നു. ഈ ഭരണാധികാരങ്ങളുടെ കീഴിലുണ്ടായിരുന്ന ഭൂവിഭാഗം ക്രമേണ വിസ്തൃതിയിൽ ചുരുങ്ങി

www.malankaralibrary.com

ച്ചുരുങ്ങിവന്നു. അങ്ങനെ ഇൻഡ്യയിലെ സഭ അഥവാ ഇൻഡോ കേരളീയസഭ വെറും കേരളീയസഭയായിത്തീന്നു. ഈ കേരളസഭയുടെ ഭൂവിഭാഗം കേരളത്തിൻെറ മദ്ധ്യഭാഗം മാത്രവുമായിത്തീന്നു. ഇതിലും നിയമപരമായ അതിൻെറ വ്യക്തിത്വം ഇനിയും പുനഃപ്രാപിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

## മിഷണറിമാക്കെതിരെ
## താക്കീതു

തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി കേരളീയർ മുന്നേപ്പോലെ തന്നെ തുടർന്നു സമരംചെയ്തു. തങ്ങളുടെലത്തീൻ മേലധികാരികളിൽനിന്നു് പല നല്ലകാര്യങ്ങളും അവക്കുലഭിച്ചിട്ടുണ്ടെങ്കിലും അവരിൽനിന്നും വളരെയേറേ അവക്കുസഹിക്കേണ്ടതായും വന്നിട്ടുണ്ടു്. കേരളീയരുടെ പല പരാതികളിൽ ഒന്നു് പ്രൊപ്പഗാന്ത മിഷ്യനറിമാർ അവരുടെ വൈദികരെ ക്രൂരമായി മർദ്ദിച്ചുപോന്നുവെന്നുള്ളതാണു്. പ്രൊപ്പഗാന്താ തിരുസംഘം ഇതിൽ 'ദീനാനുകമ്പരായി' വികാരി–അപ്പസ്തോലിക്കയേയും അദ്ദേഹത്തിൻെറ മിഷ്യനറിമാരെയും ശകാരിക്കുകയും, "സേച്ഛാധിപതികളായ യജമാനന്മാരെപ്പോലെയാകാതെ സ്നേഹസമ്പന്നരായ പിതാക്കന്മാരെപ്പോലെ" വത്തിക്കുവാൻ അവരോടു് ആജ്ഞാപിക്കുകയും ചെയ്തു. [28] ഇക്കാലഘട്ടത്തിൽ കേരളീയരുടെ ഇടയിൽ പല കക്ഷിമത്സരങ്ങളും തലയുയത്തി. 1715, 1799, 1861, 1874 എന്നീ കാലഘട്ടങ്ങളിലെ സമരങ്ങൾ യഥാക്രമം, ഗബ്രിയേൽ, പണ്ടാരി, റോക്കോസു്, മേലൂസു് എന്നീമെത്രാന്മാരാണു് നയിച്ചതു്. ഇവരിൽ പണ്ടാരി മെസോപ്പൊട്ടോമിയയിൽ അഭിഷിക്തനായ ഒരു കേരളീയനും മററുള്ളവർ മെസോപ്പൊട്ടേമിയാക്കാരും ആയിരുന്നു. മേലൂസിനെ അനുഗമിച്ചവരിൽ ചുരുക്കം ചിലർ 1908–ൽ "നെസ്തോറിയ"ന്മാരായി. [29]

www.malankaralibrary.com

## റോമായ്ക്കു പരാതികൾ; പരാതിക്കാർ ശിക്ഷിതരാകുന്നു.

1874 ലെ കുഴപ്പക്കാലത്തു് കേരളീയർ അവരുടെ പരാതികളും അഭ്യർത്ഥനകളും തിരുസിംഹാസനത്തിലേക്കു് നേരിട്ടയച്ചു. [30] പക്ഷേ ഈ പ്രസ്ഥാനത്തെ നയിച്ചവർക്കെതിരായി പ്രൊപ്പഗാന്താവികാരി അപ്പസ്തോലിക്കാ കർശന നടപടികൾ സ്വീകരിക്കയാണുണ്ടായതു്. ഏഴ കേരളീയസന്യാസികളെ അവരുടെ സന്യാസസ്ഥാപനത്തിൽ നിന്നും അദ്ദേഹം ബഹിഷ്കരിക്കുകൂടി ചെയ്തു. തിരുസിംഹാസനത്തിലേക്കു എഴുതുന്നതു ഒരു പിടിക്കപ്പെട്ട പാപമായിപോലും അദ്ദേഹം പ്രഖ്യാപിച്ചു. [31]

## വിസിറ്റർമാർ വരുന്നു.

രണ്ടു വിസിററർ അപ്പസ്തോലിക്കമാർ മുഖേന തിരുസിംഹാസനം അന്വേഷണം നടത്തി. 1877—ൽ പ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കയ്ക്കു് (ലെത്തീൻ) ഒരു സഹായമെത്രാനെ കൊടുത്തു. ഈ സഹായമെത്രാനു തനിച്ചു കേരളീയരുടെ മേലന്വേഷണാവകാശം നൽകി. വികാരി അപ്പസ്തോലിക്കാ എല്ലാ അധികാരങ്ങളും അദ്ദേഹത്തിനു നൽകേണ്ടിയിരുന്നു. സഹായമെത്രാൻെറ അനുവാദം കൂടാതെ കേരളീയരുടെ കാര്യത്തിൽ ഒന്നും ചെയ്യുവാൻ അദ്ദേഹത്തിനു് (വികാരി അപ്പസ്തോലിക്കയ്ക്കു്) അനുവാദമുണ്ടായിരുന്നില്ല. [32] കേരളീയരിൽനിന്നു ഒരു വികാരി ജനറാളിനെയും നാലു് ആലോചനക്കാരെയും എടുക്കണമെന്നു് തിരുസിംഹാസനം സഹായമെത്രാനോടു് അവശ്യപ്പെട്ടിരുന്നു. പക്ഷേ അതു് അദ്ദേഹം കൂട്ടാക്കിയില്ല. [33]

www.malankaralibrary.com

## പദ്രൂവാദോ അധികാരം നിർത്തലാക്കപ്പെടുന്നു

1886—ൽ കേരളീയരുടെ മേലുണ്ടായിരുന്ന പദ്രൂവാദോ അധികാരം പൂർണ്ണമായി നിർത്തലാക്കപ്പെട്ടു. [34] അടുത്തവർഷം കേരളീയരെയും ലത്തീൻകാരെയും റീത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കയുണ്ടായി. കേരളീയരെ ലത്തീൻപ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കാമാരുടെ കീഴിലാക്കി. ഇവർ മുൻഗാമികളെപ്പോലെ കർമ്മലീത്താക്കാർ ആയിരുന്നില്ല. ഈ വികാരി അപ്പസ്തോലിക്കമാർക്ക കേരളീയരിൽനിന്നു പോണ്ടിഫിക്കൽ അധികാരങ്ങളോടുകൂടിയ വികാരി ജനറൽമാരും ആലോചനക്കാരും ഉണ്ടായിരിക്കണമെന്നായിരുന്നു നിർദ്ദേശം; നിർദ്ദേശാനുസരണം അവർ പ്രവർത്തിക്കയും ചെയ്തു. [35]

ഈ ഏർപ്പാട്, ഭാഗികമായിട്ടാണെങ്കിലും കേരളസഭയുടെ വ്യക്തിത്വത്തിന്റെ നിയമപരമായ ഒരംഗീകാരമായിരുന്നു; മുകളിൽപറഞ്ഞ സഹായമെത്രാന്റെ നിയമനത്തിൽ ഇതു നിഴലിക്കുകയും ചെയ്തിരുന്നു.

## അപ്പസ്തോലിക്ക വികാരിയാത്തുകളുടെ സ്ഥാപനം

കേരളീയർ ഒരു വിധത്തിലും അവരുടെ ശ്രമങ്ങൾ മന്ദീഭവിപ്പിച്ചിരുന്നില്ല. 1896-ൽ, തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി എന്നു മൂന്നു പ്രൊപ്പഗാന്താ അപ്പസ്തോലിക്കാ വികാരിയാത്തുകളായി അവരെ വ്യവസ്ഥാപിക്കുകയും അവ കേരളീയരായ വൈദികമേലദ്ധ്യക്ഷന്മാരുടെ കീഴിലാക്കുകയും ചെയ്തു. ഇവയോടുകൂടി 1911—ൽ കോട്ടയം അപ്പസ്തോലിക്ക് വികാരിയാത്തും കൂട്ടിച്ചേർത്തു. [36] 1917-ൽ കേരളീയർ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ നിന്നു

www.malankaralibrary.com

പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിലായി. 1923–ൽ എറണാകുളം അതിമെത്രാസനമാക്കിയും മററുഘടകങ്ങൾ സാമന്തരൂപതകളാക്കിയും കേരളീയ ഹയരാക്കി പുനഃസ്ഥാപിതമായി.

1950–ൽ ചങ്ങനാശേരിയെ വിഭജിച്ച് പാലാരൂപത സ്ഥാപിതമായി. 1953–ൽ അന്നത്തെ കേരളീയസുറിയാനി പ്രവിശ്യയ്ക്കുപുറമേയായിരുന്ന കേരളീയരായ കുടിയേററക്കാർക്കുവേണ്ടി തലശ്ശേരി രൂപതസ്ഥാപിതമായി. 1955–ൽ പ്രവിശ്യ തെക്കോട്ടും വടക്കോട്ടും വടക്കുകിഴക്കോട്ടും വ്യാപിപ്പിച്ചുകൊണ്ടു് കല്പനയുണ്ടായി. 1956–ൽ കോട്ടയവും പാലായും സാമന്തരൂപതകളാക്കി, ചങ്ങനാശേരിയെ ഒരു അതിമെത്രാസനമായി ഉയർത്തി. എറണാകുളത്തിന്റെ സാമന്തരൂപതകൾ തൃശ്ശൂരും തലശ്ശേരിയും കോതമംഗലവുമാണു്. കോതമംഗലം, 1956–ൽ എറണാകുളംവിഭജിച്ച് സ്ഥാപിച്ചതാണു്. [37] ഇതിനും പുറമേ മദ്ധ്യയിൻഡ്യയിൽ ഇപ്പോൾ നാലു മിഷ്യൻ അപ്പസ്തോലിക് എക്സാർക്കേററുകളുണ്ടു് അവ ഛന്ദാ(1962), സാഗർ (1968), സാററ്നാ (1968) ഉജ്ജെയിൻ(1968) എന്നിവയാണു്.

അങ്ങനെ കേരളീയസഭയുടെ ശ്ലൈഹികവ്യക്തിത്വം നിയമപരമായി പുനഃർലബ്ധമായിരിക്കയാണിന്നു്. ഇതു വീണ്ടും കിട്ടുന്നതിനു കേരളീയർ വളരെയധികം സഹിക്കേണ്ടിവന്നു; നൂററാണ്ടുകളായി ഇതിലേക്കു അവർ നടത്തിയ സമരം ചെറുതൊന്നുമായിരുന്നില്ല.

www.malankaralibrary.com

IV

# പൗരസ്ത്യ(?)

# പൂർവ്വീകന്മാർ കൃതജ്ഞത അർഹിക്കുന്നു.

### അവരുടെ സേവനത്തിന്റെ വില.

കേരളസഭയുടെ ശ്ലൈഹികവ്യക്തിത്വത്തിന്റെ പ്രാധാന്യം നിസ്സംശയം സീമാതീതമാണ്. അസൂയാർഹമാംവിധം കാത്തുസൂക്ഷിക്കേണ്ട അമൂല്യമായ ഒരു നിധിതന്നെയാണിത്. കേരളീയസഭയേപ്പോലെ നേരിട്ടുള്ള ശ്ലൈഹികോല്പത്തിയോ വ്യക്തമായ തുടർച്ചയോ എല്ലാ പ്രത്യേക സഭകൾക്കുമോ ഏതെങ്കിലും മിഷിനറിസഭയ്ക്കോ അവകാശപ്പെടാവതല്ല. തങ്ങൾക്കു ഇങ്ങനെയൊരു പദവി ലഭിച്ചിരുന്നുവെങ്കിൽ എന്നു് എത്ര സഭകൾ ആഗ്രഹിക്കുന്നുണ്ടാകും!!

ഇൻഡ്യയിലെ വളരെയധികം അക്രൈസ്തവർ ധരിച്ചിരിക്കുന്നതു് ക്രിസ്തുമതം ഒരു പാശ്ചാത്യമതമാണെന്നും യൂറോപ്യൻ വിജേതാക്കളോടുകൂടി അതു് ഇൻഡ്യയിൽ പ്രവേശിച്ചുവെന്നുമാണു്. ആകയാൽ അതു് ഇൻഡ്യവിട്ടുപോകേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും അവർ കരുതുന്നു. എന്നാൽ ക്രിസ്തുമതം ഒരു പാശ്ചാത്യമതമല്ലെന്നും ഇൻഡ്യയിലെ ക്രിസ്തുമതം ക്രിസ്തുമതത്തോളം തന്നെ പ്രാചീനമാണെന്നുമുള്ളതിനു കേരളത്തിലെ ശ്ലൈഹികസഭ ഒരു തെളിവായിരിക്കുന്നു. തങ്ങളുടെ സഭയുടെ ശ്ലൈഹികവ്യക്തിത്വം നിയമേനതന്നെ വ്യക്തമായ ഒരു ആസ്തിത്വമായി സംരക്ഷിക്കുന്നതിനുവേണ്ടി ജീവന്മരണസമരം നടത്തിയ ത്യാഗമതികളായ കേരളീയരെ, ചുഴിഞ്ഞു ചിന്തിക്കുന്നവരാരും തീർച്ചയായും അഭിനന്ദിക്കാതിരിക്കയില്ല. നമ്മുടെ മുൻഗാമികളായ

www.malankaralibrary.com

കേരളീയർ പോർത്തുഗീസ്സു സമ്മർദ്ദത്തിനു വഴങ്ങിയിരുന്നു വെങ്കിൽ, ഇത്ര അമൂല്യമായ ഈ നിധി ഇൻഡ്യയ്ക്കു് എന്നേക്കുമായി നഷ്ടപ്പെട്ടുമായിരുന്നു.

"ഞങ്ങളുടെ സഭ ഒരു അപ്പസ്തോലൻ സ്ഥാപിച്ചതല്ലേ? ഇൻഡ്യയിലെ ഏററവും പ്രാചീനമായസഭ ഞങ്ങളുടെ സഭയല്ലേ?......" (മുകളിൽ നോക്കുക) എന്നുപറഞ്ഞുകൊണ്ടു മുൻകാലങ്ങളിലെ കേരളീയർ പോർത്തുഗീസ്സു നയത്തിനെതിരായി നിലകൊണ്ടതു മക്കടമുഷ്ടികൊണ്ടോ അന്ധമായ വികാരാവേശംനിമിത്തമോ അല്ലായിരുന്നു.

കേരളസഭയുടെ വ്യക്തിത്വവും അതിൻെറ പ്രാധാന്യവും പൂർവ്വവൽപ്രകടമാകേണ്ടതിനു കേരളസഭയെ അതിൻെറ പ്രാചീനപദവിയിലേക്കും സൗന്ദര്യത്തിലേക്കും കൊണ്ടുവരേണ്ടിയിരിക്കുന്നു.

## ഒരു ന്യൂനത പരിഹരിക്കേണ്ടിയിരിക്കുന്നു.

കേരളസഭക്കു് ഇപ്പോൾ തുല്ല്യപദവികളോടുകൂടിയ രണ്ടു മെത്രാപ്പോലീത്താമാരുണ്ടു്. ഒരു പൊതു തലവൻ— ഒരു മേജർ മെത്രാപ്പോലീത്താ, ഒരു പാത്രിയർക്കീസായാൽ ഏററം നല്ലതു്—നിയമപരമായി ഹയരാർക്കിയെ അതിൻെറ പൂർണ്ണതയിൽ എത്തിക്കുന്നതാണു്. വിവാദസഭ കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ചിരുന്ന സ്വയംഭരണത്തിൻെറ സ്വാഭാവികമായ ഒരു വികസനംമാത്രമാണിതു്. പ്രാചീന "അഖിലേന്ത്യാ ഭരണാധികാരം"—ഇൻഡ്യയിലെങ്ങും ചിതറിക്കിടക്കുന്ന കേരളീയരുടെമേൽമാത്രമുള്ള ഭരണാധികാരം— പുനഃസ്ഥാപിക്കുന്നതു വിവാദ വ്യക്തിത്വത്തെ നിയമപരമായി പൂർത്തിയാക്കുന്നതിനു സഹായിക്കുന്നതാണു്. കേരള

www.malankaralibrary.com

സഭയിൽനിന്നു പ്രത്യക്ഷമായോ പരോക്ഷമായോ വേർപിരിഞ്ഞുപോയ അകത്തോലിക്ക പൗരസ്ത്യസഭകൾ ഇൻഡ്യ-യിലെങ്ങും ഇൻഡ്യയ്ക്കുപുറമേയുമുള്ള തങ്ങളുടെ ജനങ്ങളുടെ മേൽ ഈ അധികാരം പ്രയോഗിക്കുന്നുണ്ട്.

റീത്തും അതിനോടുബന്ധപ്പെട്ട സമസ്തവും യഥാസമയം പുനസ്ഥാപിക്കുന്നതു കേരളസഭയുടെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുകമാത്രമല്ല, അതിൻെറ എല്ലാ ബാഹ്യരൂപങ്ങളിലും അതു പൗരസ്ത്യമായി പ്രകാശിക്കുകയുംചെയ്യും. ഇൻഡ്യയിലെ അകത്തോലിക്ക പൗരസ്ത്യസഭകളിൽ കാണാത്ത കൊളോണിയലിസത്തിൻെറ ഛായ യാതൊരു ഭാരതീയ അക്രൈസ്തവനും ഈ സഭയിൽ കാണാതിരിക്കട്ടെ.

V

# പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

പൊരിഞ്ഞ സമരത്തിനുശേഷം വീണ്ടെടുത്ത കേരള സഭയുടെ വ്യക്തിത്വത്തിൻെറ നിലനില്പിനും അഭിവൃദ്ധിക്കും വേണ്ടി ഇനിയും വളരെ അദ്ധ്വാനിക്കേണ്ടതുണ്ട്.

## 1. ഏകറീത്തു പ്രസ്ഥാനം

"ഏക റീത്തു പ്രസ്ഥാനം" എന്നറിയപ്പെടുന്നതു്, കേരളസഭയുടെ വ്യക്തിത്വത്തെ ഉന്മൂലനം ചെയ്യുമെന്നു ഭീഷണിപ്പെടുത്തുന്നു. ഒരേസ്ഥലത്തു ഒന്നിലധികം ഭരണാധി–

www.malankaralibrary.com

കാരമുണ്ടാകുന്നതിൻെറ ദോഷംകണ്ട ഭയപ്പെട്ടിട്ടോ, ആരാധനയിലുള്ള ഐകരൂപ്യം എന്ന ആശയത്താൽ ആകൃഷ്ടരായിട്ടോ, മററെന്തെങ്കിലും ലക്ഷ്യത്താൽ പ്രേരിതരായിട്ടോ ഇൻഡ്യയ്ക്കുമുഴവനായോ കേരളത്തിനു തനിച്ചോ ഏകറീത്തു സ്വീകരിക്കണമെന്നു വാദിക്കുന്നവരുണ്ട്.

### അതിൻെറ

### തിക്തഫലം

ഏകറീത്തുകാരുടെ വാദഗതിയനുസരിച്ച് ഒരു പ്രദേശത്തുഒരു ഭരണാധികാരം മാത്രമേ ഉണ്ടാകൂ. പക്ഷേ അതിന്റെ ഫലം കേരളസഭയുടെ വ്യക്തിത്വം — ശ്ലൈഹിക വ്യക്തിത്വം — പൂർണ്ണമായി തുടച്ചുനീക്കുകയെന്നതാണ്. ആ വ്യക്തിത്വത്തിൻെറ പ്രാധാന്യത്തെപ്പററിയാണല്ലോ നാം ഇതുവരെ പറഞ്ഞുവന്നതു്. ഏകറീത്തു നടപ്പാകുന്നതോടുകൂടി കേരളീയ സുറിയാനിക്കാർ, സ്വന്തമായൊരു റീത്തോ ഹയരാർക്കിയോ ഇല്ലാതെ, കേരളീയരല്ലാത്തവരോടുകൂടെ പല ഭരണാധികാരങ്ങൾക്കകീഴായി ചിതറിക്കപ്പെടും. സ്വന്തമായി ഒരു ഹയരാർക്കിയെങ്കിലും ഇല്ലാതെ ഒരു പ്രത്യേക സഭയോ അതിൻെറ വ്യക്തിത്വമോ ഉണ്ടാകുന്നതെങ്ങനെയെന്നു മനസ്സിലാവുന്നില്ല. മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇതുമൂലമുള്ള നഷ്ടം അതി ഭീമമാകുന്നു. മുകളിൽപ്പറഞ്ഞ തിന്മകൾ ഇല്ലാതാക്കാമെന്ന അനിശ്ചിതമായ പ്രത്യാശയിലാണ് (വ്യർത്ഥമായ പ്രത്യാശയല്ലെങ്കിൽ തന്നെ) ഇത്തരമൊരുനഷ്ടം സഹിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ ഈ തിന്മകൾ റീത്തിൻെറയോ ഭരണ വൈവിദ്ധ്യത്തിൻെറയോ എന്നതിനേക്കാൾ ക്രിസ്തീയ ഉപവിയുടെ അഭാവത്തിൻെറ ഫലമല്ലയോ? ക്രിസ്തീയ ഉപവിമൂലം നിയന്ത്രിക്കപ്പെടാവുന്നവയാണ്, ഈ തിന്മകൾ. ഭരണ വൈവിദ്ധ്യമുണ്ടായിരുന്നാൽപോലും ഒരു ക്രിസ്ത്യാനിക്കും ഏതു സമയത്തും സ്ഥലത്തും ക്രിസ്തീയ ഉപവിയുടെ അനുഷ്ഠാനത്തിൽ

www.malankaralibrary.com

നിന്നു് ഒഴിഞ്ഞു മാറാവതല്ല. എന്നു തന്നെയല്ല, ഒരേ ആളിൻെറമേൽ ഒന്നിലധികം ഭരണാധികാരം പ്രയോഗിക്കപ്പെടുന്നുമില്ല.

ആരാധനയിലെ ഐകരൂപ്യം വിവിധ പ്രത്യേകസഭകൾ ചേർന്നുള്ള കത്തോലിക്കസഭയുടെ സാർവ്വത്രികതയ്ക്കു ചേന്നതല്ല. ഓരോ പ്രത്യേക സഭവഴിയാണു അതു സാധിക്കുന്നതു്.

ഏകറീത്തിനുവേണ്ടി വാദിക്കുന്നതിനുള്ള മററു കാരണങ്ങൾ എന്തെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല.

## 2. കുടിയേററക്കാരും റീത്തും

കുടിയേററക്കാരായ കേരളീയ സുറിയാനിക്കാരുടെ ആവശ്യങ്ങൾ സാധിക്കുകയെന്നതു ഗുരുതരമായ ഒരു പ്രശ്നമാണു്. കേരളീയ സുറിയാനി വൈദിക പ്രവിശ്യക്കുപുറമേ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലായി അത്തരം ശതക്കണക്കിനു കുടിയേററക്കാരുണ്ടു്. തങ്ങളുടെ റീത്തു അനുഷ്ഠിക്കുന്നതിനും പോഷിപ്പിക്കുന്നതിനും അവക്കു ചുമതലയും അവകാശവുമുണ്ടു്. രണ്ടാം വത്തിക്കാൻ തീരുമാനമനുസരിച്ചു് ഇത്തരം കുടിയേററക്കാക്കു് അവരുടെ സ്വന്തം റീത്തിൽ വൈദികരും ഇടവകകളും, ആവശ്യമെങ്കിൽ എപ്പാർക്കികളും ഉണ്ടായിരിക്കേണ്ടതാണു്.[38] എന്നാൽ ഇൻഡ്യയിൽ, രണ്ടാം വത്തിക്കാൻ ഡിക്രികൾ പൂർണ്ണമായി നടപ്പാക്കുന്നതിനു ബന്ധപ്പെട്ടവർ സന്നദ്ധരായികാണുന്നില്ല. കേരളീയസുറിയാനി വൈദികഭരണം വികസിപ്പിക്കുന്നതിനു അവർ പൂർണ്ണമായും എതിരാണു്. എന്നാൽ കേരളീയ സുറിയാനിക്കാക്കു സ്വന്തമായി ഭരണമില്ലാതെ എങ്ങനെ അവരുടെ പൂർണ്ണ വളർച്ച പ്രാപിക്കുവാൻ അവക്കു സാധിക്കും! അലക്സാന്ത്രിയാ

www.malankaralibrary.com

യിലെ വിശുദ്ധ ക്കുറില്ലോസിനെപ്പററിയുള്ള ചാക്രിക ലേഖനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതുപോലെ ൩൭ റീത്തിൽ ആരാധനക്രമം മാത്രമല്ല, പ്രത്യുത ഈ ജനങ്ങളുടെ ചരിത്രവും, ബുദ്ധിവൈഭവവും, സ്വഭാവവിശേഷവുംമററും ഉൾപ്പെടുന്നുണ്ട്. ഇവ പൂർണ്ണമായി വികസിപ്പിക്കുന്നതിനു കേരളീയസുറിയാനിക്കാരെ സഹായിക്കുവാൻ മറെറാരു റീത്തിലെ ഒരു വൈദിക മേലദ്ധ്യക്ഷനും സാദ്ധ്യമല്ല. ലത്തീൻ വൈദിക മേലദ്ധ്യക്ഷന്മാരുടെകീഴിൽ കേരളീയസുറിയാനിക്കാർ എന്നും ഒരു മുരടിച്ച സമുദായമായിരുന്നു. എന്നാൽ സ്വന്തം വൈദിക മേലദ്ധ്യക്ഷന്മാരുടെ കീഴിൽ, അവർ അത്ഭുതകരമായ പുരോഗതി പ്രാപിച്ചിരിക്കുന്നു. ഇതു മററു സമുദായക്കാർക്കു അനുകരണീയമായും ഭവിച്ചിരിക്കുന്നു. അനുകരണത്തിൻെറ സ്ഥാനം അസൂയ കൈയടക്കുമ്പോഴാണു കുഴപ്പങ്ങൾ ഉണ്ടാകുന്നതു്.

## ഭരണാധികാരനിഷേധം വംശവിച്ഛേദതുല്യം

ഭരണാധികാരനിഷേധം കുടിയേററക്കാരെ അവരുടെ മാതൃസഭയിൽനിന്നു വിച്ഛേദിക്കും; അതു സഭയുടെ ഓജസ്സു നശിപ്പിച്ചു അതിൻെറ സ്വാഭാവികമായ വികാസത്തെ തടയുകയുംചെയ്യും. എന്നാൽ കേരളീയ സുറിയാനി കുടിയേററക്കാക്കു ഇന്നു സ്വന്തം വൈദികർപോലും ഉണ്ടായിരിക്കുന്നില്ല!!.

## ദ്വിഭരണസമ്പ്രദായം പുത്തരിയൊന്നുമല്ല

വൈദികരും ഇടവകകളും ഭരണാധികാരത്തിൻെറ— നമ്മുടെ കാര്യത്തിൽ ഒരേ പ്രദേശത്തു ഒന്നിലധികം ഭരണാധികാരത്തിൻെറ—മുന്നോടികളാണു്. അവ കൂടാതെതന്നെ

www.malankaralibrary.com

ഭരണാധികാരം ഉണ്ടായിക്കൂടെന്നില്ല. ഒന്നിലധികം ഭരണാധികാരമെന്നതുകൊണ്ടു ഭയപ്പെടാനൊന്നുമില്ല. കാരണം, അത്തരമൊരു ഭരണാധികാരം ഒരേസമയം ഒരാളിൻെറമേൽ പ്രയോഗിക്കപ്പെടുന്നില്ല. കൂടാതെ, ഇന്നു ലോകത്തിൻെറ എല്ലാ ഭാഗത്തും കാണപ്പെടുന്ന ഒന്നുമാണതു്. ഇന്നത്തെ ചുററുപാടുകളിൽ പ്രത്യേക സഭകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ അതൊരു മാർഗ്ഗം മാത്രമേയുള്ളുതാനും.

ഒരു സ്ഥലത്തു ഒരു ഭരണാധികാരം മാത്രമേ പാടുള്ളു എന്ന ആശയത്തിനു എതിരാണു് ഒന്നിലധികം ഭരണാധികാരമെന്നതു്.

സഭ, ''ആരാധന നടത്തുന്ന ദൈവജന''മാണു്. രാഷ്ട്രം പോലെ അതൊരു ഭൂവിഭാഗമല്ല. ആകയാൽ വൈദികഭരണാധികാരമെന്നതു വ്യക്തിയെ മുൻനിർത്തി പരിഗണിക്കേണ്ടതാണു്. അല്ലാതെ ഭൂമിശാസ്ത്രത്തെ മുൻനിർത്തിയല്ല. അതിലെ ജനങ്ങൾ ഏതെങ്കിലും റീത്തിലോ സമുദായത്തിലോ പെട്ടതായി പരിഗണിക്കപ്പെടണമെന്നുള്ളതാണു പ്രധാനം. ഭൂവിഭാഗം പരിഗണനയിൽ വരുന്നതു ആ അധികാരം പ്രയോഗിക്കപ്പെടുന്ന ആളുകൾ വളരെ വ്യാപകമായി ചിതറിക്കിടക്കുമ്പോഴോ ഒരാൾക്കുമാത്രം നോക്കുവാൻ സാധിക്കാത്തത്ര അധികമായിരിക്കുമ്പോഴോ ആണു്.

### ഏക ഭരണാധികാരശാഠ്യം ദുശ്ശാഠ്യം. ലാററൻകാനോനു

ഒരു പ്രദേശത്തു് ഒരു ഭരണാധികാരം എന്ന ശാഠ്യം നാലാം ലാററൻ സൂനഹദോസിൻെറ 9-ാം കാനോനയിലുള്ള ശാഠ്യമാകുന്നു. പൗരസ്ത്യദിക്കിൽ വളരെയേറെ ദോഷം ചെയ്തിട്ടുള്ള, ശീശ്മകളെ വ്യാപകവും വിപുലവുമാക്കിയിട്ടുള്ള, ഈ കാനോനായ്ക്കു ഇന്നു യാതൊരു നിയമസാധുതപവുമില്ല.

www.malankaralibrary.com

അതിന് എന്തെങ്കിലും പ്രാബല്യമുണ്ടായിരുന്നെങ്കിൽ, പൗരസ്ത്യ കത്തോലിക്കർക്ക് ഇന്നു പശ്ചിമ യൂറോപ്പിലും, അമേരിക്കകളിലും, ഇംഗ്ലണ്ടിലും, ആസ്ത്രേലിയായിലും ഭരണാധികാരം ഉണ്ടായിരിക്കയില്ലായിരുന്നു; രണ്ടാം വത്തിക്കാൻ സൂനഹദോസ് ചെയ്തതുപോലെ ഒരു ഡിക്രി പാസാക്കുകയുമില്ലായിരുന്നു (മുകളിൽ നോക്കുക). വീണ്ടും, പൗരസ്ത്യ തിരുസംഘത്തിന്റെ അധികാരപരിധിയെ സംബന്ധിച്ച് വിശുദ്ധ പിതാവ് ആറാം പൗലോസു മാർപ്പാപ്പാ 1967 ആഗസ്റ്റ് 15-ാംനു പ്രസിദ്ധപ്പെടുത്തിയ അപ്പസ്തോലികതിരുവെഴുത്തിൽ, വിസിററർമാരെ നിയമിച്ചും, ജനസംഖ്യയും പരിതസ്ഥിതികളും ആവശ്യപ്പെടുന്നപക്ഷം സ്വന്തം ഹയരാർക്കിതന്നെ സ്ഥാപിച്ചും ലത്തീൻ ഭൂവിഭാഗങ്ങളിൽ കാണപ്പെടുന്ന പൗരസ്ത്യ സഭക്കാരുടെ കാര്യവും ഈ പൗരസ്ത്യ തിരുസംഘംതന്നെ അന്വേഷിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. 40 ഇന്നത്തെ കേരളീയ സുറിയാനി ഭരണാധികാരത്തിന്റെസ്സൃഷ്ടിയും വ്യാപനവും കേരളസഭയെ സംബന്ധിച്ചിടത്തോളം വിവാദകാനോനായുടെ അസാധുവാക്കലാകുന്നു.

## ലാറ്ററന്റെ 9-ാം കാനോനായുടെ ചുരുക്കം

നാം മുകളിൽപ്പറഞ്ഞതൊക്കെ ഉണ്ടായിരുന്നിട്ടും നാലാം ലാററന്റെ ഒൻപതാം കാനോനാ ഭൂരിപക്ഷ ഭരണത്തിന്റെ രൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുകയാണിന്ന്. അതിങ്ങനെ സംഗ്രഹിക്കാം: ഒന്നിലധികം റീത്തുകളുള്ള ഒരു നിശ്ചിത ഭൂവിഭാഗത്തിൽ, മററുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗാമികളുള്ള റീത്തുകാർക്ക് അവരുടെ മെത്രാൻ ആകാമെന്നും മററുള്ളവരെല്ലാം ഈ മെത്രാന്റെ കീഴായിരിക്കണമെന്നുമാണ്. മററു വിധത്തിൽ പറഞ്ഞാൽ സ്വന്തം മെത്രാനാൽ ഭരിക്കപ്പെടുന്നതിനുള്ള അവകാശം

www.malankaralibrary.com

ന്യൂനപക്ഷത്തിനു നിഷേധിക്കപ്പെടുകയും, പൂർണ്ണമായി വികസിക്കുന്നതിൽ നിന്നു് അതിനെ തടയുകയും ചെയ്യുന്നു!! കേരളീയ സുറിയാനിക്കാരായ കുടിയേററക്കാർ ഒരിക്കലും ഭൂരിപക്ഷക്കാരാകാത്ത പ്രദേശങ്ങൾ ഇൻഡ്യയിലുണ്ടു്. ഇന്നത്തെനയം തുടരുന്നതായാൽ കാലക്രമത്തിൽ അവക്കു അവരുടെ വ്യക്തിത്വം ഇല്ലാതാകുന്നതാണു്. മുകളിൽ ഉദ്ധരിച്ചരേഖകളാകട്ടെ ഭൂരിപക്ഷത്തെപ്പററി ഒന്നും പറയുന്നില്ലതാനും.

കേരളത്തിലെ അകത്തോലിക്ക പൗരസ്ത്യസഭകൾ അവരുടെ ആളുകളുടെമേൽ ഇൻഡ്യയിലെങ്ങും ഭരണാധികാരം പ്രയോഗിക്കുന്നുണ്ടു്. അവർ കത്തോലിക്കരായാൽ ഈ നിയമം അവക്കു നിഷേധിക്കപ്പെടുമോ?

മുകളിൽ ഉദ്ധരിച്ച രേഖകൾ കത്തോലിക്കാസഭയിലെ അതിപ്രധാനങ്ങളായ പ്രമാണ രേഖകളാണു്. അവ നടപ്പാക്കാതിരിക്കുന്നതു് കത്തോലിക്കാസഭയെ അപമാനിക്കലാണു്; അകത്തോലിക്കപൗരസ്ത്യസഭകളെ കത്തോലിക്കാ സഭയിൽയിന്നു അകററുകയുമാണു്.

## ബഹുഭരണ ദൂഷ്യങ്ങൾ

ബഹുവിധഭരണാധികാരത്തിനു അതിൻേറതായഅസൗകര്യങ്ങളുണ്ടു്. നാം മുകളിൽഉദ്ധരിച്ച പ്രമാണരേഖകളുടെ കർത്താക്കൾ അവയൊന്നും കാണാത്തതുമല്ല. ഈ അസൗകര്യങ്ങൾ, നാം മുകളിൽ പറഞ്ഞതുപോലെ, സൗഹാർദ്ദപരമായ ഭാഷണബന്ധം വഴിയും ഉപവിവഴിയും വളരെയൊക്കെ നിയന്ത്രിക്കുവാൻ സാധിക്കും. ഒരേപ്രദേശത്തു രണ്ടുഭരണാധികാരങ്ങൾ തമ്മിലുള്ളതിനേക്കാൾ വളരെയധികമായിരിക്കും

www.malankaralibrary.com

ഒരേഭരണാധികാരത്തിൻകീഴിലുള്ള വിവിധ റീത്തുകാരായ സമുദായങ്ങരം തമ്മിലുണ്ടാകുന്ന പ്രക്ഷുബ്ധാവസ്ഥ. (ഇതു ചിലപ്പോരം നിശബ്ദമായിരിക്കാം.) അത്തരമൊരു പരിതഃസ്ഥിതിയെ ഉപശമിപ്പിക്കുവാൻ ബഹുവിധ ഭരണാധികാരത്തിനേ സാധിക്കുകയുള്ളു [41]. എക്യൂമെനിസത്തിൻെറ ഒരു ഘട്ടത്തിലാണു നാം ജീവിക്കുന്നതെന്നുള്ള പ്രസ്തുത മറക്കരുത്.

## 3. 'ദൈവവിളി' കേട്ടുള്ള കൂട്ടപ്പലായനം.

വൈദികരും സന്യാസിനികളുമെന്ന നിലയിൽ ലത്തീൻ റീത്തിലേക്കുള്ള കേരളീയ സുറിയാനിക്കാരുടെ കൂട്ടമായ പ്രവാഹം കാലക്രമത്തിൽ കേരളീയ സഭയുടെ വ്യക്തിത്വത്തെ ആഭ്യന്തരമായി ക്ഷീണിപ്പിക്കുന്നതാണ്. 1969 ലെ സ്ഥിതിവിവരക്കണക്കുകളനുസരിച്ച് 645 ഇടവക വൈദികരും, 703 മേജർ സിമ്മനാരിക്കാരും 401 മൈനർ സിമ്മനാരിക്കാരും 593 സന്യാസ വൈദികരും, 9345 സ്കോളാസ്റ്റിക്കുകളും, 547 സന്യാസ സഹോദരന്മാരും 6197 സന്യാസിനീ സഹോദരികളും ലത്തീൻ റീത്തിൽ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ജോലിചെയ്യുന്നുണ്ട് [42]. മുൻപ് ഇത്തരം ദൈവവിളിക്കാർ റീത്തുമാറേണ്ടിയിരുന്നു. ഇപ്പോരം നിയമപരമായി അവർ അവരുടെ റീത്തു നിലനിത്തുകയും ലത്തീൻ റീത്ത് അനുസരിക്കുകയും ചെയ്യുന്നു. പക്ഷേ പ്രായോഗികമായി ഇവ തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നില്ല. ഈ പ്രവാഹം നിരന്തരം തുടരുകയാണ്. യാദൃച്ഛികമായ ഒന്നായിട്ടല്ല, പ്രത്യുത നിരന്തരമായ ഒരു അനുദിന പ്രതിഭാസമെന്ന

www.malankaralibrary.com

നിലയിൽ. അതുകൊണ്ടാണു് അതു് അപകടകരമായിരിക്കുന്നതും.

### അവർനിമിത്ത മുളവാകുന്ന വിപത്തു്.

പുറമേക്കുപോകുന്നവക്ക് തങ്ങളുടെ മാതൃസഭയുടെ ചരിത്രം, ആരാധനക്രമം, മുതലായവയെപ്പററി യാതൊരു ജ്ഞാനവുമില്ല. അവരെല്ലാം ലത്തീൻ റീത്തിൽ പരിശീലിപ്പിക്കപ്പെട്ടുന്നവരാണു്. സുവിശേഷഘോഷണത്തിനും കത്തോലിക്കത്വത്തിനും ഒരു പ്രതിബന്ധമായി അവർക്കു തോന്നുന്ന കേരളീയ സഭയുടെ വ്യക്തിത്വത്തിൽ അവർ ഇടർച്ചയുള്ളവരും ഒരുപക്ഷേ പരിഭ്രാന്തരുമാകുന്നതിൽ അൽഭുതപ്പെടാനില്ല. അവർ സ്വാഭാവികമായി നാട്ടിലുള്ള തങ്ങളുടെ ബന്ധുക്കളിലും സുഹൃത്തുക്കളിലും സ്വാധീനം ചെലുത്തുന്നു; അങ്ങനെയുള്ളവരുടെ സംഖ്യ ചുരുക്കമെല്ലതാനും. അങ്ങനെ, കേരളത്തിൽതന്നെ, പലരിലും ഒരുതരം കേരളീയ വിരുദ്ധമനോഭാവം സംജാതമാക്കപ്പെട്ടുന്നുണ്ടു്. ഈ മനസ്ഥിതിയോടു കൂടിയവക്കു് "ഏക റീത്തു പ്രസ്ഥാനം" ആകർഷകമായിത്തീരുന്നുണ്ടു്. അങ്ങനെ എപ്പോഴും വദ്ധിച്ചുകൊണ്ടിരിക്കുന്ന പുറത്തേക്കുള്ള കുട്ടപ്രവാഹം കേരളസഭയെ അഭ്യന്തരമായി ക്ഷീണിപ്പിക്കുന്നുണ്ടു്. ഈ പുറംപോക്കിൽപ്പെട്ട ചിലരെങ്കിലും ലത്തീൻ റീത്തിൽകേരളത്തിൽതന്നെ പ്രവത്തിക്കുന്നതുകൊണ്ടു ഈ അപകടം കൂടുതലുമായിരിക്കുന്നു.

### അവരുടെ കഴിവു് അവരുടെ സഭയ്ക്കായി വിനിയോഗിക്കട്ടെ.

ഈ ദൈവവിളികളെ ഭാവിയിൽ ഇൻഡ്യയിൽ കേരളീയ സഭയുടെ വികസനത്തിന്നായി ഉപയോഗി

www.malankaralibrary.com

ച്ചുകൂടേ? കേരളീയ സഭയുടെ വളർച്ചയെ തടഞ്ഞുകൊണ്ടു്, അതും കേരളീയ സഭയുടെ മക്കളിലൂടെ, ലത്തീൻ സഭ എന്തിനു പരിപുഷ്ടി പ്രാപിക്കണം? അവരുടെ സന്താനങ്ങളുടെ പ്രയത്നം മുഖേനെയുള്ള കേരളീയ സഭയുടെ വളർച്ച കത്തോലിക്ക സഭയുടെതന്നെ വളർച്ചയാകുന്നു. അതു സ്വാഭാവികവുമാണു്. ഇപ്പോഴുംതന്നെ കത്തോലിക്കരായവരുടെ കാര്യങ്ങൾ നോക്കുന്നതിനു ലത്തീൻകാർക്കു വേണ്ടത്ര വൈദികരില്ലെങ്കിൽ കേരളീയ സുറിയാനിക്കാർ ലത്തീൻ റീത്തു സ്വീകരിച്ചുപോലും അവരെ സഹായിക്കേണ്ടതാണു്. എന്നാൽ സ്വന്തം മാതൃരാജ്യത്തിൽ മിഷ്യൻവേലനടത്തുന്നതിനു എന്തിനു കേരളീയ സുറിയാനിക്കാർ ലത്തീൻ റീത്തു സ്വീകരിക്കണം.! അതും യാതൊരു റീത്തുമില്ലാത്ത അക്രൈസ്തവരുടെ ഇടയിൽ? ലത്തീൻ മിഷ്യനുകാർക്കു സ്വവിശേഷവേല നടത്തുന്നതിനുവേണ്ടത്ര ആളുകളില്ലെങ്കിൽ, കേരളീയ സുറിയാനിക്കാരെ ലത്തീൻകാരാക്കുന്നതിനുപകരം അവർ ആ മിഷ്യനുകൾ കേരളീയ റീത്തിനെ ഏല്പിക്കുകയാണു വേണ്ടതു്. ഒരു പൗരസ്ത്യ രാജ്യമായ ഇൻഡ്യയിൽ പ്രത്യേകിച്ചും ഇതു സ്വാഭാവികവും കാതോലികവുമാകുന്നു. അവർ "കൂടുതൽ ദൈവവിളികൾ" എന്നു വിശേഷിപ്പിക്കുന്ന അവസ്ഥയെ പ്രോൽസാഹിപ്പിക്കുവാനുള്ള മാർഗ്ഗവും ഇതാകുന്നു.

### സന്യാസ സ്ഥാപനങ്ങൾ കേരളീയപ്രവിശ്യകളും ഭവനങ്ങളും സ്ഥാപിക്കട്ടെ.

ലത്തീൻ സന്യാസ സ്ഥാപനങ്ങൾക്കു കേരളീയ സുറിയാനി ഭവനങ്ങളും പ്രവിശ്യകളും ആരംഭിച്ചു് കേര

www.malankaralibrary.com

ളീയ സുറിയാനി വൈദിക സംസ്ഥാനത്തിനു പുറമേ മിഷ്യൻവേല നടത്തിക്കൂടെ? ഈ വിധത്തിൽ, അവക്ക് അവരുടെ സന്യാസ സ്ഥാപനത്തിനും *കേരളീയ സുറിയാനി സഭയ്ക്കും പ്രയോജനം ചെയ്യാവുന്നതാണു്, ഇന്നു കേരളത്തിൽ ചിലർ സ്വീകരിച്ചുവരുന്ന ദ്വീ–റീത്തു രീതി ഈ പ്രശ്നത്തിനു ഒരു വിധത്തിലും പരിഹാരമാകുന്നില്ല.

വിവാദ ദൈവവിളികളെ പ്രോൽസാഹിപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർ കേരളീയ സഭയുടെ വളർച്ചയേയും അഭിവൃദ്ധിയേയും പററി ചിന്തയില്ലാത്തവരാണു്. കത്തോലിക്കത്വത്തിന്റെയും ഔദാര്യത്തിന്റെയും പേരിൽ—ഉത്തമ വിശ്വാസത്തിൽ തന്നെ—അവർ, കേരളീയസഭ അതിന്റെ മുഴുവൻ അവകാശങ്ങളും പ്രയോഗിക്കുന്നതിനെ തടസ്സപ്പെടുത്തുകയും ഉള്ളിൽ നിന്നു് അതിനെ ക്ഷീണിപ്പിക്കുന്നതിനു പരോക്ഷമായി പരിശ്രമിക്കുകയുമാണു് ചെയ്യുന്നതു്.

റീത്തുകളെല്ലാം
തുല്യം.

എല്ലാ റീത്തുകളും തുല്യങ്ങളാണെന്നും [43] എല്ലായിടത്തും (Ubique terrarum) ഓരോ റീത്തും (പ്രത്യേക സഭ) സംരക്ഷിക്കപ്പെടുകയും വളരാൻ അനുവദിക്കപ്പെടുകയും ചെയ്യണമെന്നും [44] റോമാ മാർപ്പാപ്പായുടെ നിയന്ത്രണത്തിൽ മിഷ്യൻവേല ചെയ്യുന്നതിനു ഓരോ റീത്തിനും ചുമതലയും കടമയുമുണ്ടെന്നും [45] രണ്ടാം വത്തിക്കാൻ സൂനഹദോസു വ്യക്തമായി അനുശാസിച്ചിട്ടുണ്ടു്. പൗരസ്ത്യർ ലത്തീൻ റീത്തു സ്വീകരിച്ചു മിഷ്യൻ വേല

www.malankaralibrary.com

നടത്തണമെന്നു ഏതെങ്കിലും റോമാ മാർപ്പാപ്പാ പറഞ്ഞിട്ടുണ്ടോ? ഒരു പ്രത്യേക സഭയുടെ വളർച്ചയെ തളർത്തിക്കൊണ്ടു മറെറാരു പ്രത്യേക സഭ വളരേണ്ടതുണ്ടോ?

ഒരു മഹാദ്വാക്യം.

ദൈവവിളിയനുസരിച്ച് ആളുകളെ സ്വീകരിക്കുന്നവർ ഉരുവിടാറുള്ള ഒരു സിദ്ധാന്തമാണ്, കാര്യമായിട്ടുള്ളതു റീത്തല്ല, വിശ്വാസമാകുന്നുവെന്നതു്. ശരി. അങ്ങനെയെങ്കിൽ തങ്ങളുടെ ഉത്തമ വിശ്വാസത്തിനു തെളിവായി അവർ സ്വീകരിക്കുന്ന ദൈവവിളികൾ ലത്തീൻ റീത്തിലായിരിക്കണമെന്നു കരുതുന്നതിനു പകരം അവ കേരളീയ റീത്തിൽതന്നെ ആയിരിക്കുന്നതിനു അവർ ആത്മാർത്ഥമായി യത്നിക്കട്ടെ. അപ്പോൾ അവർ പറയുന്ന "കൂടുതൽ ദൈവവിളിക"ളുടെ പ്രശ്നംതന്നെ ഉണ്ടാകുന്നതല്ല. അവർക്കു എതിരായിത്തന്നെ നിഷ് പ്രയാസം തിരിച്ചടിക്കാവുന്ന അവരുടെ സിദ്ധാന്തത്തിന്റെ ഉദാരമായ പ്രയോഗംമൂലം കേരളത്തിലെ പ്രത്യേക സഭയുടെ അഭിവൃദ്ധി അപകടത്തിലാകുന്നതുമല്ല [46]. തങ്ങൾ സ്വീകരിക്കുന്ന ദൈവവിളികൾ, ആത്മസംതൃപ്തിയിൽ സുഷുപ്തിയിലാണ്ടിരിക്കുന്ന കേരളീയ സഭയുടെ ന്യായമായ അവകാശങ്ങൾക്കെതിരായി പ്രത്യക്ഷത്തിൽതന്നെ നിലകൊണ്ടേക്കാൻ സാദ്ധ്യതയുണ്ടെന്നു് അവർ അറിയാതിരിക്കുന്നില്ല.

4. സഭയുടെ വ്യക്തിത്വം എന്തിൽ അടങ്ങിയിരിക്കുന്നു.

കേരളീയ സുറിയാനിക്കാരുടെ ഹയരാർക്കി, ആരാധനക്രമം, ബുദ്ധിവൈഭവം, ചരിത്രം, സ്വഭാവവി

www.malankaralibrary.com

ശേഷം, സാമൂഹ്യാചാരങ്ങൾ, വൈദികമായ പ്രത്യേക നടപടികൾ മുതലായവയിലാണ് അവരുടെ സഭയുടെ വ്യക്തിത്വം അടങ്ങിയിരിക്കുന്നത്. ഈ വ്യക്തിത്വത്തിനു, എല്ലാ നിലകളിലും, അതിനു പൂർണ്ണമായി അനുയോജ്യമായ ഒരു ദൃശ്യാകൃതി അവശ്യം ഉണ്ടായേ മതിയാവൂ. എന്നാൽ, പ്രത്യേകിച്ചും, ദീർഘകാലത്തെ ലത്തീൻ പരിശീലനംമൂലം ലത്തീൻ രൂപത്തിലല്ലാതെ ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കാത്ത വൈദികരുണ്ട്, ഈ വൈദികരുടെ ലത്തിനീകരണമനോഭാവം മൂലം മേല്പറഞ്ഞ (ആകൃതി) വിരൂപമാക്കപ്പെട്ടിരിക്കുകയാണിന്ന്. അതേസമയം തന്നെ അവർക്കു എല്ലാവിധത്തിലും കേരളീയരും പൗരസ്ത്യരുമായിരിക്കുകയും വേണം. ചില ഉദാഹരണങ്ങൾ നൽകാം.

## പണ്ട് പോർത്തുഗീസുകാർ ചെയ്തതു് ഇന്ന് കേരളീയസഭ സ്വയംചെയ്യുന്നു.

ആരാധനക്രമത്തെ അതിന്റെ ശുദ്ധമായ രൂപത്തിൽ പുനസ്ഥാപിക്കുന്ന കാര്യത്തിൽ തിരുസിംഹാസനം വളരെയധികം പ്രവർത്തിച്ചിരിക്കുന്നു. എന്നാൽ ഇതു തന്നെയും ലത്തീൻ രൂപത്തിൽ പിന്നെയും പരിഷ്കരിച്ചിരിക്കുന്നു. ലത്തീൻ അംശങ്ങൾ അതിൽ തിരുകി ചേർത്തിരിക്കുകപോലും ചെയ്തിരിക്കുന്നു. മുൻകാലത്തെ കേരളീയരുടെ എതിർപ്പിനെ അവഗണിച്ചു പോർത്തുഗീസുകാർ ചെയ്തതും ഇതുതന്നെയാണ്. പരീക്ഷണത്തിന്റെ പേരിലാണ് ഇതൊക്കെ ചെയ്യുന്നതെന്നതു ശരിതന്നെ. എന്നിരുന്നാലും ഇതേവരെ ചെയ്തതെല്ലാം അതിന്റെ കർത്താക്കളുടെ മനസ്ഥിതിയെ വെളിവാക്കുന്നുണ്ട്. ലത്തീൻ (റോമൻ) പോന്തിഫിക്കൽസിന്റെ ഒരു സുറിയാനി പരിഭാഷ, അംഗീകാര

www.malankaralibrary.com

ത്തിനുവേണ്ടി, 1929–ൽ കേരളീയ സുറിയാനി ഹയ
രാർക്കി തിരുസിംഹാസനത്തിനു സമർപ്പിക്കുകയുണ്ടാ
യി. 1923–ൽ കേരളീയ സുറിയാനി ഹയരാർക്കി പു
നസ്ഥാപിച്ച അതേ മാർപ്പാപ്പാ, പരിശുദ്ധ പിതാവു
പതിനൊന്നാം പീയൂസു തിരുമേനി അംഗീകാരം നി
ഷേധിച്ചുകൊണ്ടു പറഞ്ഞു: "പൗരസ്ത്യരുടെ ഇടയിൽ
ലത്തീൻ സമ്പ്രദായം പ്രോൽസാഹിപ്പിക്കയല്ല വേ
ണ്ടതു്. അദ്ധ്നടപടികാം ഉദാരമോ ഫലപ്രദമോഅല്ല".
ഇങ്ങനെ പറഞ്ഞുകൊണ്ടു, കേരളീയ സുറിയാനിക്കാർ
ക്കു പ്രാചീന (പൗരസ്ത്യ സുറിയാനി) പോന്തിഫി
ക്കൽസു കൊടുക്കുവാൻ അവിടുന്നു കൽപ്പിക്കുകയും
ചെയ്തു[47]. പ്രാചീന ആരാധനക്രമങ്ങളുടെ ദൈവശാ
സ്ത്രപരവും വ്യപദേശകവുമായ മഹത്തായ മൂല്യങ്ങളെ
സംരക്ഷിക്കുകയും അവയുടെ ശുദ്ധരൂപത്തിൽ വിക
സിപ്പിക്കുകയും ചെയ്യേണ്ടതു ആവശ്യമായിരിക്കുന്നു.
പ്രാചീന ആരാധനക്രമങ്ങാം ഓരോന്നും, അതാതിന്റെ
നിലയിൽ, അതിപ്രാചീന ഗ്രൈഹിക ആരാധനക്രമ
ത്തിന്റെ വികാസമാകുന്നു. അവയിൽ ക്രിസ്തീയ
പാരമ്പര്യങ്ങളുടെ അപരിമേയങ്ങളായ നിധികാം ഉാം
ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. "കാലത്തിന്റെയൊ
വ്യക്തികളുടെയോ സാഹചര്യങ്ങാംനിമിത്തം അവർ
(പൗരസ്ത്യർ) അതിൽനിന്നു് അവിഹിതമായവിധം
വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ, അവർ അവരുടെ
പിതാക്കന്മാരുടെ മാർഗങ്ങളിലേക്കു പിന്തിരിയുവാൻ
പരിശ്രമിക്കേണ്ടതാണു്[48], എന്നു രണ്ടാം വത്തി
ക്കാൻ സൂന്നഹദോസ് അനുശാസിക്കുന്നു.

കേരളീയസഭ എന്നെങ്കിലും അതിനുസ്വന്തമായ
ഒരു ആരാധനക്രമം വികസിപ്പിച്ചെടുത്തുവെന്നതിനു
തെളിവൊന്നുമില്ല. പ്രാചീന ആരാധനക്രമം പൗര

www.malankaralibrary.com

സ്ത്യ സുറിയാനി ആരാധനക്രമംതന്നെയാണ്. കേരളീയസഭ "പിതാക്കന്മാരുടെ മാർഗ്ഗങ്ങളിലേക്ക്" പിന്തിരിഞ്ഞുകൊണ്ട് അതിന്റെ ശുദ്ധരൂപത്തിൽ അത് അനുഷ്ഠിക്കുകതന്നെ വേണ്ടിയിരിക്കുന്നു. ലത്തീൻ (റോമൻ) ആരാധനക്രമം ജർമ്മനിക്കെന്നതെന്നെയൊ അത്രപോലും വൈദേശികമല്ല, അതു കേരളീയ സഭയ്ക്ക്. സംക്ഷേപണവും ആധുനീകരണവും, അനുരൂപണവും, പുതിയ നിബന്ധനകളുമെല്ലാം അവശ്യംതന്നെ; എന്നാൽ മൂലത്തിന്റെ സത്തയ്ക്കു ചേർന്ന വിധത്തിൽ അതുമായി പൂർണ്ണമായി യോജിച്ചിരിക്കണം. "നിയമാനുസൃതമായ രീതികളും അവരുടെ (പൗരസ്ത്യരുടെ) അംഗീകൃത ജീവിതക്രമവും, ഉചിതവും സാവയവവുമായ വികാസത്തിനായിട്ടല്ലാതെ മാററിക്കൂടാ''49, എന്നു രണ്ടാം വത്തിക്കാൻ സൂനഹദോസു കല്പിക്കുന്നു. പുതിയതോ വിരൂപമാക്കപ്പെട്ടതോ ആയ ഒരു ആരാധനക്രമം ഒരു പ്രാചീനസഭയ്ക്കു ഭൂഷണമല്ല. എന്നുതന്നെയല്ല ലത്തീനീകരണം എക്യുമെനിസത്തിനു് എതിരുമാകുന്നു; പ്രത്യേകിച്ചും കേരളത്തിൽ. കാരണം, ലത്തീനീകരണ ഭ്രമമാണ് കേരളത്തിലെ എല്ലാ ശീശ്മകൾക്കും ഇടംകൊടുത്തിട്ടുള്ളതു് 50.

### വൈദികാദ്ധ്യക്ഷന്മാരുടെ വേഷം.

കൗതുകമുളവാക്കുന്ന മറെറാരു കാര്യം വൈദികമേലദ്ധ്യക്ഷന്മാരുടെ വേഷമാണ്. ലത്തീൻ വൈദികമേലദ്ധ്യക്ഷന്മാരെപ്പോലെതന്നെ അവരും വേഷം കെട്ടിനടക്കുന്നു. ആരാധനക്രമത്തിന്റെ സത്തയ്ക്കു ചേർന്നവിധത്തിൽ ഒരു ഭാരതീയ—പൗരസ്ത്യ വേഷം സംവിധാനം ചെയ്യുക വിഷമകരമായ കാര്യമൊന്നുമല്ല.

www.malankaralibrary.com

## നോയമ്പു ഉപവാസ
## കാര്യങ്ങളിൽ....

ഉപവാസങ്ങളുടെയും നോയമ്പുകളുടെയും അനുഷ്ഠാനത്തിൽ ലത്തീൻ നൈയമിക മനസ്ഥിതി കുറച്ചൊന്നുമല്ല സ്വാധീനം ചെലുത്തിയിരിക്കുന്നത്. പൗരസ്ത്യ സമ്പ്രദായം പാരമ്പര്യത്തെ നിലനിർത്തുന്നതും അനുഷ്ഠിക്കുവാൻ പ്രയാസം കുറഞ്ഞതുമാകുന്നു.

കേരളീയ സഭയുടെ പാരമ്പര്യങ്ങൾക്കു ചേർന്ന വിധത്തിൽ കേരളീയ മതസാഹിത്യവും ക്രമീകരിക്കേണ്ടതുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. വ്യക്തിത്വത്തിന്റെ അഗാധമായ ബോധം ഇവയിലെല്ലാം വ്യാപിച്ചുകിടക്കുന്നു. പ്രത്യേകിച്ചു ദൈവാലയ ശിൽപം, ദൈവാലയ സംഗീതം മുതലായവയിലും. ഒരു സഭയുടെ വ്യക്തിത്വത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ, കുരിശടയാളം വസ്തുക്കൾ തുടങ്ങിയ നിസ്സാര സംഗതികൾക്കും വലിയ പ്രാധാന്യം കൽപ്പിക്കേണ്ടതാണ്.

വിഭാഗീയതത്തിനു വേണ്ടി വാദിക്കുകയാണെന്ന് ആരും ധരിക്കേണ്ടതില്ല. വിശ്വാസത്തിന്റെയും ഉപവിയുടെയും ഐക്യത്തിലും, മററു പ്രത്യേക സഭകളുമായുള്ള പരസ്പര സഹകരണത്തിലും ഓരോ പ്രത്യേക സഭയ്ക്കും അതിന്റെ പ്രത്യേകമായ സ്വഭാവങ്ങളും പാരമ്പര്യങ്ങളും സംരക്ഷിക്കുവാനും വേണ്ടവണ്ണം വികസിപ്പിക്കുവാനും കർത്തവ്യവും കടമയുമുണ്ട്. അങ്ങനെ കത്തോലിക്കാസഭയുടെ സൗന്ദര്യത്തിനും സാർവ്വത്രികതയ്ക്കും ഉജ്ജ്വലവും അവയെല്ലാം സംയുക്തവുമായ സാക്ഷ്യംവഹിക്കുന്നതും, അവ ഓരോന്നിലുംകത്തോലിക്കാ സഭ പൂർണ്ണമായി താദാത്മ്യം പ്രാപിക്കുന്നതുമാണ്"[51].

www.malankaralibrary.com

## കുറിപ്പുകൾ :


1. Placid J. Podipara C. M. I., Die Thomas Christem, wiezburg 1966, Kapitil 4, The Thomas Christians, London, Bombay, 1970, Chapter—4.

2. Paulinus a S. Barthalomaeo. O. C. D. India Orientalis Christiana Roma, 1794, P. 88.

3. Jesuit Archieves, Rome, Goa, 65 ff. 45, 43.

4. Schurhammer 9. S. J. The Malabar Church and Rome during the early portuguese period and before, Trichinopoly, 1934, P. 29.

5. Jesuist Arehieves, Rome, 1. c f. 43.

6. Puolino di S. Bartholomaeo, O. C. D. Viaggio. All India Orientali, Roma 1796. P. 80, (Propaganda, Arehieves, Rome, Istoria della Missione del Malabar (Congr. pat. vol. 1 & 9)

7. The Prospects of Pluralism in Catholicism, the Eastern Churches Review, England vol. II. No. 4. P. 412, 413.

8. Placid J. Podipara C. M. I. op. cit Chapter 6.


www.malankaralibrary.com

9. British Museum Add. Ms. 9853 Relacao de Serra, 1064, f. 90. Jesuit Archieves Rome, Goa, 65 f 43 (Relcaao 1606) D'souza f. S. T. Oriente Conquistado a Jesu Christo. II Bombay 1886. P. 71.

10. Letter of Antonio do Perto, Nov. 20. 1557. cited by Baltrami G., La Chiesa Coldea nel accola dell' unione, Rome, 1933, P. 43.

11. The Dcree of the patriarch—Belrami G. op. cit PP. 95, 96.

12. Jesuit Archieves, Rome, Goa 65 f. 5

13. The Decree of the Patriarch 1-c.

14. പ്രധാന തീരുമാനം കേരളസഭയെ ഭരിക്കേണ്ടു പോർത്തുഗീസു രാജാവു നിശ്ചയിക്കുന്ന മെത്രാന്മാർ ആയിരിക്കണം; അല്ലെങ്കിൽ ഗോവാ സൂനഹദോസുകളിൽ മാർ അബ്രഹാം സംബന്ധിക്കണമെന്നതാണ്. 1585 ലെ സൂനഹദോസിൽ ആരാധന ക്രമത്തിന്റെ ലത്തീനീകരണം തീരുമാനം ചെയ്യപ്പെട്ടു. (See Beltrami G. op. cit. P. 97 note 23 : P. 111) ഗോവാ മെത്രാപ്പോലീത്താ മാർ അബ്രാഹത്തെ തന്റെ "സാമന്ത മെത്രാൻ" എന്നു വിളിക്കുന്നു. പക്ഷേ അദ്ദേഹം അങ്ങനെയായിരുന്നില്ല. (Ibid P. 97 note 23)

15. See the Brief in Beltrami G. op. cit. pp. 248, 249.

www.malankaralibrary.com

16. See the second Brief in Beltrami G. op. Cit. PP. 252, 253.

ഒന്നാമത്തെ തിരുവെഴുത്തനുസരിച്ച്, മററു കാര്യങ്ങളുടെ കൂട്ടത്തിൽ, മാർ അബ്രാഹത്തെപ്പററി ഒരു വിചാരണ നടത്തേണ്ടതും, അദ്ദേഹം കുററക്കാരനെന്നു കാണപ്പെടുന്നപക്ഷം അദ്ദേഹത്തെ തടവിൽ വെക്കേണ്ടതും, അദ്ദേഹത്തിൻെറ സ്ഥാനത്തു് ഒരു വികാരി അപ്പസ്തോലിക്കയെ നിയമിക്കേണ്ടതുമാണു്, രണ്ടാമത്തെ തിരുവെഴുത്തനുസരിച്ചു മാർ അബ്രഹം തൻെറ പിൻഗാമിയെ നിയമിക്കുന്നതിനുമുൻപു മരിക്കുന്നതായാൽ അങ്കമാലിക്കുവേണ്ടി ഒരു വികാരി അപ്പസ്തോലിക്കയെ നിയമിക്കണം. ഇവയെപ്പററി വീണ്ടും പ്രതിപാദിക്കുന്നതാണു്.

17. ഈ തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ മാർ അബ്രാഹത്തിൻെറ മരണശേഷം മെനേസ്സിനു ചെയ്യാമായിരുന്നതു ഇതാണു്: അദ്ദേഹത്തിനു് അങ്കമാലിക്കുവേണ്ടി ഒരു വികാരി അപ്പസ്തോലിക്കയെ നിയമിക്കാം (രണ്ടാം തിരുവെഴുത്തു്); പാഷണ്ഡത ഉണ്ടെന്നു സംശയിക്കപ്പെടുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരായി അദ്ദേഹത്തിനു വിചാരണ നടത്താം (ഒന്നാം തിരുവെഴുത്തു്); റോമാ നേരിട്ടു നിയമിക്കാത്ത ഏതെങ്കിലും വൈദികാദ്ധ്യക്ഷൻ കേരളത്തിലേക്കു വരുന്നതിനെ അദ്ദേഹത്തിനു തടയാം (ഒന്നാം തിരുവെഴുത്തു്) ഇവ തീർച്ചയായും അദ്ദേഹം ചെയ്തവ ചെയ്യുവാൻ അദ്ദേഹത്തെ അർഹനാക്കുന്നില്ല. സ്വയം നീതീകരിക്കുവാൻ വേണ്ടി കിഴക്കിൻെറ പ്രൈമററു് എന്ന തൻെറ നിലയേ അദ്ദേഹം ആശ്രയിച്ചു. പക്ഷേ കിഴക്കുള്ള ലത്തീൻ സഭയുടെ പ്രൈമററു മാത്രമായിരുന്നു അദ്ദേഹം; അഖി

www.malankaralibrary.com

ലേന്ത്യായുടെയും മെത്രാപ്പോലീത്തായും പടിവാതില്ലമായ (പൗരസ്ത്യ റീത്തിൽപെട്ട) വൈദിക മേലദ്ധ്യക്ഷനോടുകൂടിയ അങ്കമാലിയുടെ പ്രൈമറൊയിരുന്നില്ല. വൈദികാദ്ധ്യക്ഷനില്ലാതിരുന്ന അങ്കമാലി ഭദ്രാസനത്തിൽ ഒരു കത്തീഡ്രൽ ചാപ്റ്ററർ ഇല്ലായിരുന്നുവെന്നതാണ് അദ്ദേഹം ആശ്രയിച്ച മറ്റൊരു അവകാശം. പക്ഷേ കത്തീഡ്രൽ ചാപ്റ്ററർ എന്നതു ഒരു ലത്തീൻ സ്ഥാപനം മാത്രമാകുന്നു.

18. Jesuit Archieves, Rome, Goa, 15 ff. 155, 156, 176–179, 182, 183, 196–200, 242, 243, 246.

സുനഹദോസിന്റെ നടപടികൾവഴി, ഉദയംപേരൂർ സുനഹദോസിൽവച്ചോ അതിനൽപം മുൻപോ മെനേസിസ് കേരളീയരെ ശീശ്മയിലും പാഷണ്ഡതയിലും നിന്നു മാനസാന്തരപ്പെടുത്തിയെന്നു പോർത്തുഗീസുകാർ ലോകത്തെ മുഴുവൻ വിശ്വസിപ്പിച്ചു. എന്തൊരു അപവാദം !!!

19. Beltrami, G. op. cit p. 133.

20. Letter of Roz S. J. to Fr. Alvarez. S. J. Dec. 1, 1601. The Examiner, Bombay, March 26, 1936. ഉദയംപേരൂർ സുനഹദോസ് സമാപിച്ചതു് 1599 ജൂൺ 24–ാംതീയതിയാണ്. 1599 ഡിസംബർ 20–ാം തീയതി അങ്കമാലിയെ ഗോവയുടെ സാമന്ത രൂപതയാക്കി. പക്ഷെ മറ്റുചില പോർത്തുഗീസു രേഖകളെപ്പോലെതന്നെ സുനഹദോസു നടപടികളും ഇതു മുൻകൂട്ടി പ്രതീക്ഷിച്ചിരുന്നു. റോസ്.എസ്. ജെ. കേവലം ഒരു മെത്രാനായിരുന്നെങ്കിലും "ഇൻഡ്യ

www.malankaralibrary.com

യുടെ മെത്രാപ്പോലീത്താ"യെന്നു് സ്വയം വിളിച്ചിരുന്നു. തന്റെ രൂപതയെ "ഇൻഡ്യാ എപ്പാർക്കി"യെന്നും അദ്ദേഹം വിളിച്ചിരുന്നു. (Un Manuscint Oublie De La Liturgie Syro–Malabar Latinisee, Ajuenda 25 VIII–4, article by E R. Hambaye S. J. in Memorial Mgr. Gabriel Khouri–Sarkis (1898–1868) Louvain 1969 pp. 223–224.

21. Article of E. R, Hambaye S. J. Just cited.

22. ക്രമേണ ഗോവാ മെത്രാപ്പോലീത്താ. കൊടുങ്ങല്ലൂർ ഭദ്രാസനത്തിൽ വൈദിക മേലദ്ധ്യക്ഷന്മാരില്ലാതിരുന്നപ്പോഠം, തന്റെ സമാന്തരരൂപതകളിൽ അദ്ദേഹം ചെയ്തിരുന്നതുപോലെ, അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചുതുടങ്ങി.

23. റോസ് എസ് ജെ യുടെ പിൻഗാമിയായ ബ്രിട്ടോ എസ്. ജെ. "ഇൻഡ്യയുടെ മെത്രാപ്പോലീത്താ"യെന്നു സ്വയം വിളിച്ചിരുന്നു വെന്നതു രസകരമായ ഒരു വസ്തുതയാണു്. K. V. Rangaswami Aiyngar Commemoratin Volume P. 366, The Travancore University Publications, Trivandrum 1946.

24. 1659 ജനു: 3–ാംതീയതിയിലെ ഗാർസ്യാ എസ്. ജെ. യുടെ കത്തുനോക്കുക (Propaganda Archieves, Rome; Scritture rif nelle Congr. Gener. vol. 232 11 297 Sq. വിപ്ലവത്തിന്റെ നേതാക്കൾ ജനക്കൂട്ടത്തെ വഞ്ചിക്കുന്നതിനുവേണ്ടി, ദുഷ്ടം ഉദ്ദേശ്യത്തോടുകൂടി, മാർപ്പാപ്പായുടെ അധികാരത്തെ ആശ്രയിക്കുകയുണ്ടായി (Ibid)

www.malankaralibrary.com

25. കാലക്രമേണ അവർ പാശ്ചാത്യ സുറിയാനി ആരാധനക്രമം അംഗീകരിച്ചു. അവർ പല സഭാവിഭാഗങ്ങളായി വിഭജിക്കപ്പെടുകയും ഉപവിഭജിക്കപ്പെടുകയും ചെയ്തു. പല ആഭ്യന്തരകലാപങ്ങൾക്കും ശേഷം യാക്കോബായക്കാരായി നിലനിന്നവർ ഇപ്പോൾ ഒരു കാതോലിക്കോസിന്റെ കീഴിലാണ്. അദ്ദേഹം വിദേശീയ യാക്കോബായ പാത്രിയർക്കീസുമായി സംസർഗ്ഗത്തിലുമാണ്. പൗരസ്ത്യ സുറിയാനി പാത്രിയർക്കീസുമാരുടെ കീഴിൽ കേരളീയ സഭ അനുഭവിച്ചിരുന്ന സ്വയംഭരണം മറെറാരുവിധത്തിൽ അവർ അങ്ങനെ പുനസ്ഥാപിച്ചിരിക്കുന്നു. 1653 ലെ വിപ്ളവത്തെ തുടർന്നു ഉടനെതന്നെ ഏതദ്ദേശീയ നേതാക്കന്മാരെ മെത്രാന്മാരായി അവർ പ്രതിഷ്ഠിച്ചിരുന്നു; പഴയകാലത്തെ അർക്കദിയാക്കോൻ സ്ഥാനം പുനസ്ഥാപിക്കുന്നതിനു് അവർ ആലോചിച്ചില്ല. പ്രാചീന കേരളീയ സഭയുടെ യഥാർത്ഥ നേതാവു്, ആ സഭയും വിദേശീയ വൈദികമേലദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നെങ്കിലും, അർക്കദിയാക്കോൻ ആയിരുന്നുവെന്നാണു് ഇതു തെളിയിക്കുന്നതു്. വിപ്ളവം നടത്തിയവർ ഒരു ഏതദ്ദേശീയ നേതാവിനെ പ്രതിഷ്ടിച്ചതിനാൽ ഏതദ്ദേശീയനായ ഒരു അർക്കദിയാക്കോനെപ്പററി അവർ ചിന്തിച്ചില്ല: ആ നേതാവുതന്നെ അർക്കദിയാക്കോന്റെ സ്ഥാനവും വഹിച്ചു. അവരുടെ നേതാക്കന്മാർ "അഖിലേന്ത്യാ" "ഇന്ത്യയുടെ തലവൻ" എന്ന പ്രാചീന സ്ഥാനപ്പേരു സ്വീകരിക്കുകയും ചെയ്തു (Assemaini J. S. Bibliotheca Orintalcs IV 416). കാതോലിക്കോസു, എന്ന ഈ സ്ഥാനപ്പേരു ഇപ്പോൾ ഇൻഡ്യയുടെ കാതോലിക്കോസു എന്നായി സ്വീകരിച്ചിരിക്കുന്നു. യാക്കോബായക്കാർ തങ്ങളെ

www.malankaralibrary.com

ഓർത്തഡോക്സ് എന്നു് ഇപ്പോഴും വിളിച്ചുവരുന്നു. യാക്കോബായ സഭയിൽനിന്നാണ് അഞ്ഞൂറിലെ സ്വതന്ത്രസഭ (C. 1772), ചർച്ച് മിഷ്യനറി സൊസൈററിയുടെ ഒരു ഭാഗവും (C. 1836) രൂപം പ്രാപിച്ചതു്. ഈ ഒടുവിൽപറഞ്ഞവർ ഇന്നു ദക്ഷിണേൻഡ്യാ ഐക്യസഭ (സി. എസ്. ഐ.) യുടെ ഭാഗമായിരിക്കുന്നു. വീണ്ടും C. 1875–ൽ യാക്കോബായ സഭയിൽനിന്നു രൂപം പ്രാപിച്ചതാണു മാർത്തോമ്മാസഭ. 1961–ൽ മാർത്തോമ്മാസഭ മാർത്തോമ്മാ സഭയെന്നും സെൻറു തോമസ് ഇവാൻജലിക്കൽ സഭയെന്നും രണ്ടായി പിരിഞ്ഞു.

മുകളിൽപ്പറഞ്ഞ സഭാവിഭാഗങ്ങളിൽനിന്നു 1930 നുശേഷം കത്തോലിക്കരായവർ പ്രധാനമായി ഉൾപ്പെട്ടതാണു് കാത്തോലിക്ക (സീറോ) മലങ്കരസഭ എന്ന പ്രത്യേക സഭ.

26. Propaganda Archives, Rome, Seritture rif (origin) vol. 233, f. 29.

27. ഈ വികാരി അപ്പസ്തോലിക്കമാരുടെ കൂട്ടത്തിൽ ഒരു കേരളീയൻ—അലക്സാണ്ടർ പറമ്പിൽ (1663–1687) ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിനു കേരളീയനായ ഒരു പിൻഗാമിയെ ലഭിച്ചില്ല. ഒരു സ്ഥാനികമെത്രാൻ മാത്രമായിരുന്നെങ്കിലും "അഖിലേന്ത്യാ മെത്രാപ്പോലീത്താ"യെന്നു് അദ്ദേഹം സ്വയം വിളിച്ചിരുന്നു. (Paulinus a. s. Bartholomaeo, OCD, India Orient. Bhristi. op, cit. P. 263) പദ്രുവാദോ മെത്രാപ്പോലീത്താമാരുടെ കൂട്ടത്തിൽ ഒരു കേരളീയനുണ്ടായിരുന്നു. മാർജോസഫ് കരിയാററിൽ 1782–1786) അദ്ദേഹത്തിൻെറ റീത്തു് ലത്തീനായി മാററി

www.malankaralibrary.com

യിരുന്നെങ്കിലും (vati. Arch, Acta Camarari S. Coll. S. R. E. Card. No. 39 f. 238) അദ്ദേഹം തൻെറ സ്വദേശീയറീത്തും അനുസരിച്ചിരുന്നു. അദ്ദേഹത്തിൻെറ 'പിൻഗാമിക'ളായി രണ്ടു കേരളീയരുണ്ടായിരുന്നു, തോമ്മസ് പാറേമ്മാക്കലും ജോർജ് ശങ്കുരിക്കലും. ഭദ്രാസനം ഒഴിവായിരുന്നകാലത്തെ അഡ്മിനിസ്ട്രേറ്റർമാർ (1786-1801) ആയിരുന്നു അവർ. അർക്കദിയാക്കോൻ എന്ന സ്ഥാനപ്പേരോടുകൂടി മറ്റൊരു കേരളീയൻ മത്തായി (1694-1701) കൊടുങ്ങല്ലൂർ അഡ്മിനിസ്ട്രേറ്റർ ആയുണ്ടായിരുന്നു. "ഇൻഡ്യയുടെ പടിവാതിൽ" എന്നു് അദ്ദേഹം സ്വയം നാമകരണം ചെയ്തിരുന്നു. (P. Kurian, 'The Orthodoxy of the St. Thomas Christians' Trivandrum 1908, P. 148 ഈ പുസ്തകം മലയാളത്തിലാണു്.) മത്തായിയുടെ ഭരണകാലത്തു് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ പോർത്തുഗലിൽതന്നെ താമസിച്ചിരുന്നു.

കേരളീയ സുറിയാനിക്കാരുടെ മനസ്സിൽ അഖിലേന്ത്യാ ഭരണാധികാരം എന്ന ആശയം എത്ര ആഴമായി പതിഞ്ഞിരിക്കുന്നുവെന്നാണു് ഇവയെല്ലാം കാണിക്കുന്നതു്.

28. Propaganda Archieves, Rome, Instruction 1774; Seritture rif nelle Congregea. Gena 1774, V. 839 ff. 220-225.

29. ഈ "നെസ്തോറിയന്മാരുടെ" വൈദികമേലദ്ധ്യക്ഷൻ "ഇൻഡ്യയുടെ മെത്രാപ്പോലീത്താ" എ

www.malankaralibrary.com

ന്ന പ്രാചീന സ്ഥാനപ്പേരു സ്വയം സ്വീകരിച്ചിരിക്കുന്നു. 1861 ലെയും 1874 ലെയും വിഷമഘട്ടങ്ങളിൽ പ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കമാരുടെ വികാരി ജനറാൾമാരായി കേരളീയ സുറിയാനി (സന്യാസ) വൈദികരെ നിയമിച്ചിരുന്നു. റോമ ഇഷ്ടപ്പെട്ടമായിരുന്നെങ്കിലും അവരിൽ ആരെയും ആക്സിലറിമാരായി നിയമിക്കുക ഉണ്ടായില്ല. അക്കാലത്തുണ്ടായിരുന്ന പുരുഷന്മാർക്കായുള്ള ഏക ഏതദ്ദേശീയ സന്യാസസഭയിലെ അംഗങ്ങളായിരുന്നു ഈ കേരളീയ സന്യാസ വൈദികർ. ഈ സ്ഥാപനം 1831 ൽ മാന്നാനത്തു തുടങ്ങി. 1855 ൽ കാനോനികമായി സ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ ഈ സന്യാസസഭയ്ക്കു സി. എം. ഐ. എന്ന പേരു നൽകിയിരിക്കുന്നു.

30. 'കേരളീയ കത്തോലിക്ക സുറിയാനിക്കാരുടെ ചരിത്രത്തിലെ ഒരു അതിപ്രധാന ഘട്ടത്തിന്റെ വിവരണം' (പുത്തൻപള്ളി, 1920) എന്ന മാർ ളൂയീസ് പഴേപറമ്പിലിന്റെ പുസ്തകത്തിൽ ഈ നിവേദനങ്ങളിൽ ചിലതുകാണാം.

31. Propaganda Archieves, Rome, (now in the S. Or. Congr) Scritture rif. Malabaresi 1879–1899 f. 1431) അങ്ങനെ ബഹിഷ്കൃതരായ സന്യാസികളിൽ ഒരാൾ ളൂയിസ് പഴേപറമ്പിൽ ആയിരുന്നു. ആദ്യത്തെ കേരളീയ സുറിയാനി വികാരി അപ്പസ്തോലിക്കമാരിൽ ഒരാളായിത്തീർന്നു അദ്ദേഹം. മുകളിൽ ഉദ്ധരിച്ച മാർ ളൂയീസ് അദ്ദേഹമാണ്. ഇവി

www.malankaralibrary.com

ടെ പറയുന്ന സന്യാസസഭ 29-ാം കുറിപ്പിൽ പറഞ്ഞിരിക്കുന്നതുതന്നെയാണ്.

32. Mar Louis Pareparampil, op. cit, P. 109 (Documents)

33. Propaganda Archieves Roma (now in the S. Or. Congr) Letteere e Decrti per gli affari orintali, vol. XXII 1889, f. 216.

34. പോർത്തുഗലിലെ കുഴപ്പങ്ങൾനിമിത്തം അതു് താൽക്കാലികമായി 1838 മുതൽ 1857/64 വരെ നിർത്തലാക്കുകയുണ്ടായി.

35. വടക്കുംഭാഗരെന്നും തെക്കുംഭാഗരെന്നും അറിയപ്പെടുന്ന കേരളീയ സുറിയാനിക്കാരിലെ രണ്ടു സമുദായങ്ങൾ കീഴിലുണ്ടായിരുന്നതിനാൽ വികാരി അപ്പസ്തോലിക്കന്മാരിൽ ഒരാൾക്കു രണ്ടു് വികാരി ജനറൽമാർ ഉണ്ടായിരുന്നു.

36. ഇതു തെക്കുംഭാഗർക്കു വേണ്ടിയായിരുന്നു.

37. എറണാകുളത്തെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ ഒരു കർദ്ദിനാളാണ്.

38. "........ലോകമാസകലമുള്ള ഓരോ പ്രത്യേക സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവക

www.malankaralibrary.com

കളും അവരുടെ സ്വന്തം ഹയരാർക്കികളും സ്ഥാപിക്കണം.” (പൗരസ്ത്യ സഭകളെപ്പററിയുള്ള ഡിക്രി–4) “വിവിധ റീത്തുകളിൽപെട്ട വിശ്വാസികൾ വസിക്കുന്ന സ്ഥലങ്ങളിൽ അവരുടെ ആത്മീയാവശ്യങ്ങൾക്കു വേണ്ടവ മെത്രാന്മാർ ചെയ്തുകൊടുക്കണം. അതു നിർവഹിക്കേണ്ടതു അതതു റീത്തിൽപെട്ട വൈദികർ അഥവാ ഇടവകകൾ വഴിയോ ആവശ്യമായ അധികാരങ്ങളോടുകൂടിയ എപ്പിസ്കോപ്പൽ വികാരിവഴിയോ ആണ്. ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ എപ്പിസ്കോപ്പൽ വികാരിക്കു മെത്രാൻ പട്ടവുമുണ്ടായിരിക്കേണ്ടതാണ്. അല്ലെങ്കിൽ മെത്രാൻതന്നെ വ്യത്യസ്ത റീത്തുകളിൽപ്പെടുന്നവരുടെ മേലദ്ധ്യക്ഷസ്ഥാനം വഹിക്കേണ്ടതായിവരും. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ ഇപ്പറഞ്ഞ നടപടികൾ ദുഷ്ക്കരമായി പരിശുദ്ധ സിംഹാസനം വിധിക്കുന്നെങ്കിൽ ഓരോ റീത്തിനും സ്വന്തമായി ഒരു ഹയരാർക്കിതന്നെ സ്ഥാപിക്കേണ്ടതാണ്”. (മെത്രാന്മാരുടെ അജപാലനധർമ്മം സംബന്ധിച്ച ഡിക്രി 23/3)

‘ആദ്ധ്യാത്മിക നന്മ’യും ‘ആത്മീയാവശ്യങ്ങ’ളും എന്നതു കൂദാശകളുടെ പരികർമ്മം മാത്രമാക്കി പരിമിതപ്പെടുത്തിക്കൂടായെന്നു എടുത്തുപറയേണ്ട കാര്യമില്ല. സാംസ്കാരികവും സാമൂഹ്യവും വിദ്യാഭ്യാസപരവും മററുമായ ആവശ്യങ്ങളും ആത്മീയാവശ്യങ്ങളിൽ പെടുന്നു.

39. “ഓരോ പ്രത്യേക ജനതയുടെയും ചരിത്രത്തെയും ബുദ്ധിശക്തിയെയും സ്വഭാവവിശേഷത്തെ

www.malankaralibrary.com

യും ആശ്രയിക്കുന്ന എല്ലാ കാര്യങ്ങളിലും പൗരസ്ത്യ റീത്തിൽപെട്ട ഓരോ ജനതക്കും ന്യായപൂർവമായ സ്വാതന്ത്ര്യം അനുവദിക്കേണ്ടതാകുന്നു". (Encyclical Orentalium Ecclesiae Decus, AAS XXXVI (1944) pp. 137, 138)

40. "........ലത്തീൻ ഭൂവിഭാഗങ്ങളിൽ (പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘം) വിസിറ്റർമാർവഴിയായും, പൗരസ്ത്യ റീത്തുകളിലെ വിശ്വാസികളുടെ ഇനിയും വികസിച്ചിട്ടില്ലാത്ത കേന്ദ്രങ്ങളെ സോൽസാഹമായ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കുകയും, വിശ്വാസികളുടെ സംഖ്യയും പരിതസ്ഥിതികളും ആവശ്യപ്പെടുന്നപക്ഷം അവർക്കായി ഹയരാർക്കികൾ തന്നെ സ്ഥാപിച്ചുകൊണ്ട് സാദ്ധ്യമാകുന്നത്ര അവരുടെ ആത്മീയാവശ്യങ്ങളിൽ ശ്രദ്ധചെലുത്തുകയും ചെയ്യുന്നു" (AP. Constitution, Regiminis Ecclesiae Univerae–De Curia Romana–N. 44. 15/VIII/1967)

41. ഇൻഡ്യയിൽ ഒരോ ഭരണാധികാരത്തിൻ കീഴിലുള്ള ഒരേ റീത്തിൽപെട്ട വിവിധ സമുദായങ്ങൾ തമ്മിൽ വലുതായ ഉരംത്തിക്കൽഉണ്ടെന്നുള്ളതു അനിഷേദ്ധ്യമായ ഒരു വസ്തുതയാകുന്നു. ഇതു ചിലപ്പോൾ ഒരേ സ്ഥലത്തു് രണ്ടു ഭരണാധികാരങ്ങൾ തമ്മിൽ കാണപ്പെടുന്നതിനേക്കാൾ വളരെ വലുതാണു്. ഈ ഉരംത്തിക്കലിന്റെ ഉഗ്രത ഓരോ സമുദായവും പ്രാപിച്ചിട്ടുള്ള അഭിവൃദ്ധിയുടെ തോതിനു് അനുപാതമായിരിക്കുന്നു. ആകയാൽ ഒരേ പ്രദേശത്തുള്ള വളരെ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള സമുദായങ്ങൾക്കു്, അവർ ഒരേ റീത്തിൽ പെട്ടവരാണെങ്കിലും സ്വന്തം മെത്രാന്മാരെയും ഭരണാധികാരവും അനുവദിക്കുകയാണു് എല്ലാവർക്കും നന്നാ

www.malankaralibrary.com

യിരിക്കുകയെന്നു തോന്നിപ്പോകുന്നു. തിരുസിംഹാസനത്തിന് ഇതു പുത്തരിയായ കാര്യമൊന്നുമല്ല.

42. Orientalie Christiana Analecta N. 186, Roma, 1970, PP. 278–280.

43. Decree on the Catholic Oriental Churches N. 3.

44. Ibid No. 4.

45. Ibid No. 3.

46. ചിലർക്കു കാര്യമായിട്ടുള്ളത് ആത്മാവുകളുടെ രക്ഷമാത്രമാണ്. മററുയാതൊന്നുമല്ല. രക്ഷിക്കപ്പെടേണ്ട ആത്മാവുകളുടെ യോഗ്യതയേയും നാം പരിഗണിക്കേണ്ടതല്ലേ ?

47. Ordo persolvendi Ritus Pontificalis Juxta usum Ecelesiae Syro–Malabarensis, Sacra Congregatio Orientalis, Roma, 1958 Prefatio.

48. Decree on the Catholic Oriental Churches N. 6.

49. Ibid.

50. കേരളീയ സഭയിൽനിന്നു പിരിഞ്ഞുപോയ യാക്കോബായക്കാരും കേരളത്തിലെ "നെസ്തോറിയ" ന്മാരും അവരുടെ ആരാധനക്രമപരവുംമററുമായ പാരമ്പര്യങ്ങളും വളരെ ശ്രദ്ധാപൂർവം കാത്തുസൂക്ഷിച്ചുപോരുന്നു. ലത്തീൻ സ്പർശനങ്ങളോടുകൂടിയ പ്രാചീന

www.malankaralibrary.com

കേരളീയ സഭ അവർക്കു ഒരു ഇടർച്ചയായിരിക്കുന്നു. ലത്തീനീകരിക്കപ്പെടാതെതന്നെ ഒരാറംക്കു കത്തോലിക്കനാകാമെന്നു കേരളീയ സുറിയാനിക്കാർ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവർക്കു കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

51. "വിവിധങ്ങളായ സ്ഥലകാല മാർഗ്ഗങ്ങളനുസരണമായി ജീവിതത്തെ ക്രമവൽകരിച്ചുകൊണ്ടു ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണു തിരുസ്സഭയുടെ ലക്ഷ്യം." (Decree on the Catholic Oriental Churches N· 2)

www.malankaralibrary.com

# 2

# സംസ്കാരത്തിൽ ഹൈന്ദവം
# മതത്തിൽ ക്രൈസ്തവം
# ആരാധനയിൽ പൗരസ്ത്യഭാരതീയം

www.malankaralibrary.com

# സംസ്കാരത്തിൽ ഹൈന്ദവം
# മതത്തിൽ ക്രൈസ്തവം
# ആരാധനയിൽ പൗരസ്ത്യ ഭാരതീയം

1947–ൽ ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടുപോകുകയും, ഇൻഡ്യാ ഒരു പരമാധികാര റിപ്പബ്ളിക്കാകുകയും ചെയ്തു. പല കേന്ദ്രങ്ങളിലും ഇന്നു കേടംകുന്ന ഒരു മുറവിളി "ഇൻഡ്യൻ ക്രിസ്ത്യാനികളെ അഥവാ ഇൻഡ്യൻ ക്രിസ്തുമതത്തെ ഭാരതീകരിക്കുക"യെന്നതാണ്. പക്ഷേ, ഇൻഡ്യയിൽ ക്രിസ്തുമതത്തോളം തന്നെ പ്രാചീനമായ കേരളത്തിലെ "മാർത്തോമ്മാ ക്രിസ്ത്യാനികളെ" പലരും വിസ്മരിക്കുന്നതായി കാണുന്നു. അവർ സംസ്ക്കാരത്തിൽ ഹിന്ദുക്കളും അഥവാ ഭാരതീയരും, മതത്തിൽ ക്രിസ്ത്യാനികളും ആരാധനയിൽ പൗരസ്ത്യ സുറിയാനിക്കാരുമാണ്. ആരാധനയ്ക്കു അവർ ഉപയോഗിക്കുന്ന സുറിയാനി റീത്തുമൂലം സുറിയാനിക്കാർ എന്നും അവർ അറിയപ്പെടുന്നു.

പതിനാറാം നൂററാണ്ടിൽ പോർത്തുഗീസുകാരുടെ ആഗമനംവരെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പാശ്ചാത്യ ദിക്കുമായി യാതൊരു നിരന്തര സമ്പക്ക്വും ഉണ്ടായിരുന്നില്ല. സാധാരണമായി അവരുടെ എല്ലാ ബന്ധങ്ങളും മെസൊപ്പൊട്ടമിയായിലെ പൗരസ്ത്യ സുറിയാനി പാത്രിയർക്കീസുമായിട്ടായിരുന്നു. ഈ പാത്രിയർക്കീസുമാർ അയച്ചിരുന്ന മെത്രാന്മാർ, പ്രായോഗികമായി വൈദികാധികാരം പ്രയോഗിക്കുന്നതു കൊണ്ടു തൃപ്തിപ്പെട്ടുപോന്നു. ഫലപ്രദമായ ഭരണം തദ്ദേ

www.malankaralibrary.com

ശ നേതാക്കന്മാരുടെ അഥവാ അക്ക്ദിയാക്കോന്മാരുടെ കൈകളിലായിരുന്നു. ഇങ്ങനെയാണു് മാർത്തോമ്മാ ക്രിസ്ത്യാനികഠം അവർക്കു സ്വന്തമായ ഒരു വ്യക്തിത്വത്തോടുകൂടി അവരുടെ അസ്തിത്വം നിലനിർത്തിപ്പോന്നതു്. ഈ വ്യക്തിത്വത്തെ രൂപപ്പെടുത്തിയിരുന്നതു രാജ്യത്തിന്റെ സാമൂഹ്യ–രാഷ്ട്രീയ വ്യവസ്ഥിതിയെ ആധാരമാക്കിയുള്ള അവരുടെ സാംസ്ക്കാരിക സാഹചര്യമാണു്. കേരളത്തിലെ അക്രൈസ്തവ സമുദായങ്ങളുടെ അഥവാ ജാതികളുടെ കാര്യത്തിലും ഇതു ശരിയാണു്. അവയോരോന്നിനും ജാതിനിയമങ്ങളാൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഓരോ സംസ്കാരം സ്വന്തമായുണ്ടായിരുന്നു. ഈ ഓരോ പ്രത്യേക സംസ്കരങ്ങളും ചേർന്നതാണു് കേരളത്തിലെ ഹിന്ദു സംസ്കാരം. ആകയാൽ അശ്രദ്ധനായ ഒരു നിരീക്ഷകനു മാർത്തോമ്മാ ക്രിസ്ത്യാനികഠം കേരളത്തിലെ അനേകങ്ങളായ ഹിന്ദുജാതികളിൽ ഒന്നായി തോന്നിയെന്നു വരാം. എന്നാൽ അവരുടെ സംസ്കാരത്തിൽ അതായതു സാമൂഹ്യ–രാഷ്ട്രീയ രൂപവത്കരണത്തിലും ജീവിതരീതിയിലും–മാത്രമേ അവർ ഹൈന്ദവമായിരിക്കുന്നുള്ളു. എന്നിരുന്നാലും ഈ സംസ്കാരം അവരുടെ വിശ്വാസത്താൽ ക്രൈസ്തവീകൃതവും, പൗരസ്ത്യ സുറിയാനി ആരാധനരീതിയാൽ ഭേധാ പൗരസ്തീകൃതവുമായിരുന്നു. ആകയാൽ അവർ, ഇന്നത്തെ ഭാരതീകരണക്കാർ, ക്രിസ്ത്യാനികഠം എങ്ങനെയായിരിക്കണമെന്നു ആഗ്രഹിക്കുന്നുവോ അതിനേക്കാഠം ഭാരതീയരായിരിക്കുന്നു.

ഹൈന്ദവ സംസ്കാരത്തിന്റെയും ക്രൈസ്തവ വിശ്വാസത്തിന്റെയും പൗരസ്ത്യ സുറിയാനി ആരാ

www.malankaralibrary.com

ധനാരീതിയുടെയും അൽഭുതകരമായ സമ്മിശ്രതയെ വേണ്ടത്ര വിവരിക്കുവാൻ ഇതുപോലുള്ള ഒരു ചെറിയ ലേഖനത്തിൽ സാദ്ധ്യമല്ല. വിശാലവും കെട്ടുപിണഞ്ഞതുമായ ഈ വിഷയത്തിന്റെ ഒരു സ്ഥൂലരേഖ കിട്ടുന്നതിന് ആവശ്യമായ ഏതാനും കാര്യങ്ങൾ കൊണ്ടു നമുക്കു തൽക്കാലം തൃപ്തിപ്പെടാം. പ്രസക്തങ്ങളായ പല ആചാരങ്ങളും കാലപ്രവാഹത്തോടൊപ്പം അന്തർദ്ധാനം ചെയ്തിരിക്കുന്നുവെന്നു ആദ്യമേ പറഞ്ഞുകൊള്ളട്ടെ. എന്നിരുന്നാലും അവ രൂപപ്പെടുത്തിയ മാതൃകകൾ മാർത്തോമ്മാ ക്രിസ്ത്യാനികളിൽ മൗലികമായ മാററങ്ങൾകൂടാതെ സ്ഥിതിചെയ്യുന്നു.

## 1. സംസ്കാരം

കേരളത്തിലെ പ്രാചീന സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥിതിയാൽ പ്രശ്നത്തിന്റെ സാംസ്കാരിക വശത്തെപ്പററി ആദ്യമേ പറയാം. ഈ വ്യവസ്ഥിതി അനേകം ജാതികളോ, സാമൂഹ്യ ഗ്രൂപ്പുകളോ ഉൾപ്പെട്ട അർദ്ധഫ്യൂഡൽ സംപ്രദായത്തിലുള്ളതായിരുന്നു. അവയെല്ലാരോന്നിനും പ്രത്യേകമായ ഒരു തൊഴിലോ തൊഴിലുകളോ ഉണ്ടായിരുന്നതായി കാണാം. അവ ഓരോന്നും രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനു തങ്ങളുടെ വീതം സംഭാവന നൽകിയിരുന്നു.

### ചില ആചാരങ്ങൾ.

സാമൂഹ്യപദവിയിൽ, ജന്മനാ അക്രൈസ്തവ ഭരണാധികാരികളുടെ പുരോഹിതന്മാരായ ബ്രാഹ്മണർ(1) കഴിഞ്ഞാൽ അടുത്ത സ്ഥാനമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്. അവക്കു

www.malankaralibrary.com

ബ്രാഹ്മണർക്കും മാത്രം പൊതുവായ പല ആചാരങ്ങളും അവർക്കുണ്ടായിരുന്നു. ഉദാഹരണമായി, നവജാതമായ ഒരു ശിശുവിനു തേനിൽ പൊന്നുരച്ചുകൊടുത്തിരുന്നതും ജനനശേഷം പതിനൊന്നാം മാസത്തിൽ ആദ്യമായി ശിശുവിനു ആഘോഷമായി ചോറൂണു നടത്തിയിരുന്നതും, പൊന്നിൽപ്പൊതിഞ്ഞ കീരിപ്പല്ലുകളും പുലിനഖങ്ങളും ശിശുക്കളുടെ ആഭരണങ്ങളിൽ പെട്ടിരുന്നു. സ്കൂളിൽപോകുന്ന കുട്ടികളെ ആദ്യമായി അക്ഷരമാലയിലെ ആദ്യാക്ഷരങ്ങൾ അരിയിൽ എഴുതിച്ചാണു പഠിപ്പിച്ചിരുന്നതു്.

ആഘോഷമായ കുളി, 'അയിനി' എന്നു വിളിക്കപ്പെടുന്ന മധുരം ഉപയോഗിക്കൽ, 'മന്ത്രകോടി' എന്നു അറിയപ്പെടുന്ന വധുവിന്റെ ശിരോവസ്ത്രം വിവാഹത്തിനുശേഷം നാലുദിവസത്തേക്കു നവദമ്പതിമാർ പള്ളിയിൽ പോകാതിരിക്കൽ, മുതലായി വിവാഹത്തോടു അനുബന്ധിച്ചുള്ള ചടങ്ങുകൾ മിക്കവാറും ഉൽപ്പത്തികൊണ്ടു ബ്രാഹ്മണാചാരങ്ങളായിരിക്കുന്നു. കൊഴുക്കട്ടയെന്നും നെയ്യപ്പമെന്നും പറയപ്പെടുന്ന പ്രത്യേകതരം പലഹാരങ്ങൾ, കുടുംബത്തിൽ ആരുടെയെങ്കിലും മരണത്തെത്തുടർന്നു പത്തോ പതിനൊന്നോ ദിവസത്തേക്കു നിയമപരമായ പുല ആചരിക്കൽ, പരേതരുടെ ഓർമ്മക്കു വേണ്ടി നടത്തപ്പെടുന്ന പലതരം ആഘോഷങ്ങൾ—ഇവയെല്ലാം അതേ ഉൽപത്തിതന്നെയാണുള്ളതു്. അവയോടു അനുബന്ധിച്ചുള്ള ക്രൈസ്തവ പ്രതിരൂപങ്ങൾ അവയ്ക്കു ക്രൈസ്തവമായ പ്രാധാന്യം നൽകിയിരുന്നു. ചില പ്രദേശങ്ങളിൽ ഇവയെല്ലാംതന്നെ ഇന്നുനിലവിലിരിക്കുന്നുവെന്നതും പ്രസ്താവാർഹമാണു്.

www.malankaralibrary.com

കുടുംബത്തിൽ പിതാവായിരുന്നു പരമാധികാരി പ്രായംചെന്ന കുട്ടികൾ ഒരിക്കലും തങ്ങളുടെ പിതാവിന്റെ മുൻപിൽ ഇരിക്കുകയില്ല; വീട്ടിൽ സ്ത്രീകൾക്കു പ്രത്യേക ഇടങ്ങളുണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചിരുന്നു ഭക്ഷിക്കുകയില്ല; ഭാര്യാ ഭർത്താക്കന്മാർപോലും ഇതിന്നൊരു അപവാദമായിരുന്നില്ല. ഭാര്യമാർ, ഭർത്താക്കന്മാരുടെ പേരുവിളിച്ചു അവരോടു സംസാരിക്കുകയില്ല. പ്രായംചെന്ന മാതാപിതാക്കന്മാരെ സഹായിക്കേണ്ടതു ഒരു പാവന കർത്തവ്യമായി മക്കൾ കരുതിയിരുന്നു. പ്രായമായ ആൺകുട്ടികളും പെൺകുട്ടികളും ഒരിക്കലും ഒരുമിച്ചു പുറത്തു സഞ്ചരിക്കുകയോ പരസ്പരം സംസാരിക്കുകയോ ചെയ്യില്ല. ഈ എല്ലാ സവിശേഷതകളും ഇന്നും മാർത്തോമ്മാ ക്രിസ്ത്യൻ കുടുംബങ്ങളിൽ കാണാവുന്നതാണു്. തങ്ങളുടെ കുടുംബപാരമ്പര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി അവർ ഒരിക്കലും പെൺമക്കളെ തങ്ങളുടെ സ്വത്തുക്കൾക്കു് അവകാശികളാക്കാറില്ല. ഒരു പുരുഷനു് ആൺ സന്താനങ്ങളില്ലെങ്കിൽ, ആൺവഴിയിൽ തനിക്കു ബന്ധപ്പെട്ട ഒരു ആണിനെ ദത്തെടുക്കുകയും പെൺമക്കളെ സ്ത്രീധനം കൊടുത്തു് കെട്ടിച്ചയക്കുകയും ചെയ്യുന്നു. എന്നാൽ ഇന്നു് ആൺമക്കളില്ലാത്ത ഒരുവൻ തന്റെ പെൺമക്കളിൽ ഒരാളെ അവകാശിയാക്കുകയും അവൾ ഭർത്താവിനോടുകൂടി വീട്ടിൽ താമസിക്കുകയും ചെയ്യുന്നു.

### വസ്ത്രധാരണം.

പുരുഷന്മാർ അരയ്ക്കു മുകളിലേക്കു നഗ്നരായിട്ടാണു പുറത്തു സഞ്ചരിക്കുന്നതു്. എന്നാൽ ആഘോഷാവസരങ്ങളിൽ ചിലർ അലങ്കാരപ്പണികളുള്ള അയഞ്ഞ

www.malankaralibrary.com

ഒരു അംഗവസ്ത്രം ധരിക്കാറുണ്ട്. ആഭരണങ്ങൾ ധരിക്കുന്നതിലേക്ക് അവർ കാതു കുത്തിയിരുന്നു. ബ്രഹ്മചര്യം പാലിക്കുന്നവരും മൈലാപ്പൂരുള്ള മാർത്തോമ്മായുടെ കുഴിമാടത്തിലേക്ക് തീർത്ഥയാത്രപോയിട്ടുള്ളവരും ഒഴികെയുള്ള എല്ലാവരും അവരുടെ തലമുടി കുടുമ്മയായികെട്ടിയിരുന്നു. ഈ കുടുമ്മയിൽ ലോഹം കൊണ്ടുള്ള ഒരു കുരിശു തിരുകിയിരുന്നു. വാസ്തവത്തിൽ ഈ കുരിശാണ് അക്രൈസ്തവ സഹോദരന്മാരിൽനിന്നു അവരെ വേർതിരിച്ചു കാണിച്ചിരുന്നത്. കുടുമ്മയോടു ചേർത്തു ഒരു സ്വർണ്ണപ്പൂവ് ധരിക്കുന്നതിനുള്ള അവകാശം മണവാളന്മാർക്കുണ്ടായിരുന്നു (2). സ്ത്രീകൾ അവരുടെ വേഷത്തിലും പെരുമാററങ്ങളിലും വളരെ അടക്കമൊതുക്കമുള്ളവരായിരുന്നു. ദേഹവും മണിക്കെട്ടുവരെയുള്ള കൈയുടെ ഭാഗങ്ങളും മൂടിയിരുന്ന ചട്ടയും, പ്രത്യേകമായവിധം ഞൊറിഞ്ഞുടുത്തിരുന്നതും കണങ്കാൽ വരെയെത്തുന്നതുമായ കച്ചമുറിയും ആയിരുന്നു അവരുടെ വേഷം. പള്ളിയിൽ പോകുമ്പോഴോ, വൈദികരെ സന്ദർശിക്കുമ്പോഴോ ഒരു വലിയ ശിരോവസ്ത്രം കൊണ്ടു മുഖം മാത്രം കാണത്തക്കവിധത്തിൽ അവർ തലയും ദേഹവും അച്ഛാദനം ചെയ്തിരുന്നു (3).

പതിനേഴാം നൂററാണ്ടിൽ കേരളത്തിലുണ്ടായിരുന്ന പോർത്തുഗീസ് വനിതകളെക്കാൾ വളരെയധികം അടക്കമൊതുക്കമുള്ളവരായിരുന്നു അവർഎന്നുജോസഫ് സെബസ്ത്യാനി രേഖപ്പെടുത്തുന്നു (4). കാതുകൾക്കും, കൈകൾക്കും, കഴുത്തിനും കാലുകൾക്കും അവർക്കു പല തരത്തിലുള്ള ആഭരണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ നാസികാഭരണങ്ങൾ ഉണ്ടായിരുന്നില്ല. വേഷത്തിലുണ്ടായിരിക്കുന്ന ആധുനിക ഫാഷനുകളുടെ കൈയേററ

www.malankaralibrary.com

ത്തിൽ ഇവയ്ക്കൊന്നും തന്നെ മൗലികമായ മാററം വന്നിട്ടില്ല. 'സാരി' സംപ്രദായം വേഷത്തെ ഒന്നു ലഘൂകരിച്ചിട്ടുണ്ടെന്നുമാത്രം. ഈ നൂററാണ്ടിന്റെ ആരംഭഘട്ടംവരെ ചില പ്രത്യേക സ്ഥലങ്ങളിൽ (ഉദാ: കുന്ദംകുളം) സ്ത്രീകൾ പുറത്തേക്കു പോകുമ്പോൾ, ബാഹ്യലോകത്തിന്റെ ദൃഷ്ടിയിൽനിന്നു തങ്ങളെ മറയ്ക്കുന്നതിനായി വലിയ ഓലക്കുട ഉപയോഗിച്ചിരുന്നു. ബ്രാഹ്മണ സ്ത്രീകൾ ഇന്നും ഇങ്ങനെചെയ്യുന്നു.

### ഭക്ഷ്യപേയങ്ങൾ.

ചോറും സസ്യക്കറികളുമടങ്ങിയ മിതമായ ഭക്ഷണമായിരുന്നു അവരുടേത്. അവർ അപൂർവമായേ മാംസം ഭക്ഷിച്ചിരുന്നുള്ളു. ഒരിക്കലും മാട്ടിറച്ചി ഉപയോഗിച്ചിരുന്നില്ല. ലഹരിപാനീയങ്ങളുടെ ഉപയോഗം തങ്ങളുടെ സാമൂഹ്യ പദവിക്കു ചേരാത്തതായി അവർ കരുതി (5). ദേശീയാഘോഷാവസരങ്ങളിൽ നീളം കൂടിയ പായിൽ ഇരുന്നു വിരലുകൾ ഉപയോഗിച്ച് അവർ ഭക്ഷിച്ചിരുന്നു. അവരുടെ ഭോജനഭാജനം രണ്ടായി മടക്കിയ വാഴയിലയിലായിരുന്നു. ബ്രാഹ്മണരെപ്പോലെ രണ്ട് ഇല ഉപയോഗിക്കുവാനുള്ള തങ്ങളുടെ അവകാശത്തെയാണു ഇതു സൂചിപ്പിക്കുന്നത്. ഇന്നും ഇതുതന്നെയാണു സ്ഥിതി.

### അസ്പർശ്യത

രാജ്യത്തിലെ ഉന്നതജാതിക്കാരെപ്പോലെതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളും താണജാതിയിൽ പെട്ടവരെ സ്പർശിക്കുകയോ അവരുടെ സമീപം പോകുകയോ ചെയ്തിരുന്നില്ല. അവരെ സ്പർശി

www.malankaralibrary.com

ക്കുന്നതിനോ അവരുടെ സമീപം പോകുന്നതിനോ ഇടയായാൽ അവർ കുളിച്ചു ശുദ്ധിവരുത്തിയിരുന്നു. സമുദായത്തിൽ തങ്ങൾക്കുള്ള സ്ഥാനവും തങ്ങളുടെ കുലീനതയും നിലനിർത്തുന്നതിനുള്ള ഒരു മാർഗ്ഗമായിരുന്നു ഇത്. പൊതുനിരത്തുകളിൽ താണജാതിയിൽപെട്ടവർ അവർക്കു വഴിമാറിക്കൊടുക്കേണ്ടിയിരുന്നു. ശ്രേഷ്ഠതയുടെ ഈ അടയാളം നിഷേധിക്കുന്ന ആരെയും കൊല്ലുന്നതിനുള്ള അവകാശം അവർക്കുണ്ടായിരുന്നു(6). താണജാതിക്കാരുടെ സമ്പർക്കംകൊണ്ടു അശുദ്ധമാക്കപ്പെട്ട സാധനങ്ങൾ ശുദ്ധീകരിക്കുന്നതിന് ഉയർന്ന ജാതിക്കാരെ സംബന്ധിച്ചിടത്തോളം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്പർശനം മതിയായിരുന്നു. കേരളത്തിലെ രാജാക്കന്മാരും ഇടപ്രഭുക്കന്മാരും, അശുദ്ധമായ സാധനങ്ങൾ തൊട്ടു ശുദ്ധമാക്കുകയെന്ന സേവനം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി മാർത്തോമ്മാ ക്രിസ്ത്യാനികളെ പലപ്പോഴും ക്ഷണിച്ചുവരുത്തി തങ്ങളുടെ വാസസ്ഥലങ്ങൾക്കു സമീപം പാർപ്പിച്ചിരുന്നു (7).

### ചില അവകാശങ്ങൾ :
### ചാവേറുമാർ

രാജാക്കന്മാരുടെ സമക്ഷം ഇരിക്കുക, ആനപ്പുറത്തു സവാരിചെയ്യുക മുതലായ അസാധാരണ അവകാശങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നു (8). ഇവയെല്ലാം ഇന്നു ചരിത്രമായി അവശേഷിച്ചിരിക്കുകയാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾ കമ്മാളവർഗ്ഗത്തിൽപെട്ട പലജാതിക്കാരുടെയും സംരക്ഷകരായിരുന്നു; തെങ്ങുകൃഷി ചെയ്തിരുന്നവർ അവരുടെ ആശ്രിതരായിരുന്നു (8 a). മാർത്തോമ്മാ ക്രിസ്ത്യാ

www.malankaralibrary.com

നികളെയും അവരുടെ ദേവാലയങ്ങളെയും സംരക്ഷിക്കു ന്നതിനുവേണ്ടി മരണം വരിച്ചുകൊള്ളാമെന്നു പ്രതിജ്ഞയെടുത്തിട്ടുള്ള അക്രൈസ്തവരായ ചാവേറുകൾ (യൂറോപ്യൻ ഗ്രന്ഥകാരന്മാർ ഇവരെ അമോൽച്ചിയെന്നും അമൂച്ചിയെന്നും വിളിക്കുന്നു) അവർക്കുണ്ടായിരുന്നു. തങ്ങളുടെ യജമാനന്മാരോടു ചെയ്യപ്പെടുന്ന തെറ്റുകൾക്കു പ്രതികാരം ചെയ്യുന്നതിനായി ഈ ജനങ്ങൾ (ചാവേറുകൾ) സ്വന്തം രക്തം ചിന്തിക്കൊണ്ട്, ഒടുവിൽ സ്വന്തം ജീവൻ പണയപ്പെടുത്തിക്കൊണ്ടുതന്നെയും കുറ്റക്കാരനെ, അയാൾ രാജാവുതന്നെയായിരുന്നാൽപ്പോലും, ആക്രമിക്കുകയും ചെയ്യുന്നു (9). ചാവേറു ഉദ്യോഗം പലപ്പോഴും പാരമ്പര്യവഴിക്കുള്ളതാകുന്നു. ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുകയെന്ന ഒറ്റക്കാര്യത്തിലൊഴികെ ചാവേറുകൾ എല്ലാകാര്യത്തിലും മാർത്തോമ്മാ ക്രിസ്ത്യാനികളെ അനുസരിക്കുമായിരുന്നു (10). സാമൂഹ്യ പരിതസ്ഥിതികളിലുണ്ടായിരിക്കുന്ന മാററങ്ങൾ മൂലം ഇവയെല്ലാം ആധുനികകർണ്ണങ്ങൾക്കു വിചിത്രങ്ങളായി തോന്നിയേക്കാം.

## തൊഴിൽ

മാർത്തോമ്മാ ക്രിസ്ത്യാനികൾ സുകുമാര കലകളിൽ അത്രവളരെ പ്രാവീണ്യമുള്ളവരായിരുന്നില്ല. എന്നാൽ ശ്രേഷ്ഠങ്ങളായി കരുതപ്പെട്ടിരുന്ന കൃഷി, കച്ചവടം, സൈന്യസേവനം മുതലായ തൊഴിലുകളിൽ അവർ വ്യാപൃതരായിരുന്നു. വനങ്ങൾ വെട്ടിത്തെളിച്ച്, നെല്ല്, തെങ്ങ്, റബർ, തേയില, ഏലം മുതലായവ കൃഷിചെയ്യുന്നതിൽ ഇന്നും അവർ ആരുടേയും പിന്നിലല്ല. പതിനെട്ടുമാസം കൊല്ലത്തു താമസിച്ച (1348) ചൈനായിലെ പേപ്പൽ ലിഗേററായിരുന്ന

www.malankaralibrary.com

ജോൺ മരിഞ്ഞോളി പറയുന്നതു മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിൻെറ ഉടമസ്ഥന്മാരും പൊതു ചുങ്കസ്ഥലത്തിൻെറ ജയമാനന്മാരുമാണെന്നാണ് (11). ആൺകുട്ടികൾക്കു എട്ടാമത്തെ വയസ്സുമുതൽ ഇരുപതാമത്തെ വയസ്സുവരെ ആയുധപരിശീലനം നൽകിയിരുന്നു. ഇതു് അവരെ വിദഗ്ദ്ധ പടയാളികളാക്കിത്തീർത്തിരുന്നു. പുരുഷന്മാർ എപ്പോഴും ആയുധം ധരിച്ചേ പുറത്തുസഞ്ചരിച്ചിരുന്നുള്ളു. മതകർമ്മങ്ങളിൽ സംബന്ധിക്കുമ്പോൾ അവർ അതു ദൈവാലയത്തിൻെറ മുഖമണ്ഡപത്തിൽ സൂക്ഷിച്ചിരുന്നു (13).

## രാജ്യസേവനം

തങ്ങൾ അധിവസിച്ചിരുന്ന പ്രദേശങ്ങളിലെ രാജാക്കന്മാരുടെ (കേരളത്തിൽ അനേകം രാജാക്കന്മാരുണ്ടായിരുന്നു) വിശ്വസ്തപ്രജകളെന്നനിലയിൽ യുദ്ധകാലത്തു് അവർ രാജാവിനുവേണ്ടി ആയുധമെടുത്തിരുന്നു. യുദ്ധത്തിൽ ഒരു രാജാവിൻെറ വിജയം പലപ്പോഴും അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യൻ പ്രജകളുടെ സംഖ്യയെ ആശ്രയിച്ചിരുന്നു. പള്ളികൾ പണിയുന്നതിനും അവയ്ക്കു കരമൊഴിവായി വസ്തുക്കൾ നൽകുന്നതിനും ഇതു അക്രൈസ്തവ രാജാക്കന്മാരെ പ്രേരിപ്പിച്ചിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ, ഇടനിലക്കാരായ ഉദ്യോഗസ്ഥന്മാരെ നോക്കാതെ, രാജാക്കന്മാരോടു നേരിട്ടു വിധേയത്വം പ്രകടിപ്പിരുന്നു (14). പലരും പ്രാദേശിക രാജാക്കന്മാരുടെ മന്ത്രിമാരും ഉപദേഷ്ടാക്കളുമായിരുന്നു. ഇവരിൽ പലരുടെയും കുടുംബങ്ങളെ ഇന്നും തിരിച്ചറിയുവാൻ സാധിക്കുന്നതാണ്. തങ്ങളുടെ പദവികൾക്കോ മതത്തിനോ എതിരായ രാജകീയ തീരുമാനങ്ങൾ അന്ന

www.malankaralibrary.com

സരിക്കപ്പെട്ടിരുന്നില്ല. എന്നല്ല, തങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിലേക്കു അവർ ഒററക്കെട്ടായി യോജിച്ചിരുന്നു ([15]). ഇക്കാര്യത്തിൽ അവർ ഒരു ക്രിസ്ത്യൻ റിപ്പബ്ളിക്കുപോലെ വർത്തിച്ചിരുന്നുവെന്നു പൗലിനോസു പറയുന്നു ([16]). അക്രൈസ്തവരായ അപരാധികളും, കുററത്തിൻെറ സ്വഭാവമനുസരിച്ചു പള്ളിക്കു സ്വർണ്ണമോ വെള്ളിയോ കാഴ്ചകൊടുത്തുകൊണ്ടു പരിഹാരം ചെയ്യുകയോ വധിക്കപ്പെടുകയൊ ചെയ്തിരുന്നു ([17]).

## അർക്കദിയാക്കോൻ

അവരുടെ സിവിൽ കേസുകളെല്ലാം അർക്കദിയാക്കോൻ ഇടപെട്ടു തീരുമാനിച്ചിരുന്നു; ക്രിമിനൽ കേസുകൾക്കു മാത്രമേ അവർ രാജാക്കന്മാരെ സമീപിച്ചിരുന്നുള്ളു ([18]). എന്നാൽ കൊടുങ്ങല്ലൂരിൽ ഒരു പ്രത്യേക പ്രദേശത്തു് വധശിക്ഷ കൂടെയും നൽകുന്നതിനുള്ള അവകാശം അവർക്കുണ്ടായിരുന്നു ([19]). എല്ലായിടത്തും അർക്കദിയാക്കോനായിരുന്നു മുൻഗണന. 1786 നു മുൻപു് പോർത്തുഗീസു ഭാഷയിൽ എഴുതിയിട്ടുള്ള ഒരു രേഖയിൽ അർക്കദിയാക്കോനെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു : ‹‹അർക്കദിയാക്കോൻ.... പെരുമ്പടപ്പിലെ (അതായതു കൊച്ചി രാജാവിൻെറ) എഴുപത്തിരണ്ടു മാടമ്പിമാരിൽ ഒന്നാമനാകുന്നു. രാജാവു രാജാവായി അംഗീകരിക്കപ്പെടുന്നതിനുവേണ്ടി, ആചാരമനുസരിച്ചു രാജാവിനെ കിരീടം ധരിപ്പിക്കേണ്ടിയിരുന്നതു് അർക്കദിയാക്കോനാണു്. അർക്കദിയാക്കോൻ, സ്വർണ്ണക്കുരിശോടുകൂടിയ ഒരു സ്വർണ്ണമാല രാജാവിൻെറ കഴുത്തിൽ ധരിപ്പിക്കുന്നതിലാണു കിരീടധാരണം അടങ്ങിയിരുന്നതു്. പെരുമ്പടപ്പിൽ രാജാവു്

www.malankaralibrary.com

എന്ന വിളിക്കപ്പെട്ടുന്നതിന മുൻപ് അദ്ദേഹം (രാജാവു്) ഇതു അഞ്ചുദിവസം ധരിക്കേണ്ടിയിരുന്നു ([20])

രാജവംശം (?)
പദവികൾ

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക സ്വന്തമായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നെന്ന ചിലരും, ക്രിസ്ത്യാനികളുടെ പദവികൾ കാത്തുരക്ഷിക്കവാൻ പ്രത്യേക ശ്രദ്ധകാണിച്ചിരുന്ന ഒരു അക്രൈസ്തവനായിരുന്നെന്നു മററുചിലരും പറയുന്നു ([21]). ഈ പദവികൾ വളരെയധികമുണ്ടായിരുന്നു. കേരളത്തിലെ പ്രാചീന ഭരണകർത്താക്കൾ അവർക്ക പ്രദാനം ചെയ്തവയാണു് അവയെന്നു വിശ്വസിക്കപ്പെടുന്നു. ഈ പദവികളിൽ ചിലതു ചെപ്പേടുകളിൽ ആലേഖനം ചെയ്തിട്ടുണ്ടു്. അത്തരം ചില ചെപ്പേടുകൾ ഇന്നു കോട്ടയത്തും തിരുവല്ലായിലും സൂക്ഷിക്കപ്പെടുന്നുണ്ടു്. ഈ ചെപ്പേടുകളുടെ കാലം തീർച്ചയായും 14–ാം നൂററാണ്ടിന മുൻപാണു് ([22]). ഒരു കാലത്തു മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സംരക്ഷണത്തിലായിരുന്ന ചില സമുദായങ്ങളിലെ ഗായകന്മാർ ഇന്നും ആഘോഷാവസരങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പദവികൾ ഗാനങ്ങളിൽ ആലപിക്കുന്നുണ്ടു്, അതിനു ഉദാരമായി പ്രതിഫലം നൽകപ്പെടുന്നുമുണ്ടു്.

മുകളിൽപ്പറഞ്ഞ എല്ലാ സംഗതികളുടെയും വെളിച്ചത്തിൽ, ക്രിസ്തുമതം ഒരു ദേശീകരണ വിരുദ്ധ ശക്തിയാണെന്നു യാതൊരു അക്രൈസ്തവനും പറയുക സാദ്ധ്യമല്ല. ആദ്യത്തെ മാർത്തോമ്മാ ക്രിസ്ത്യാ

www.malankaralibrary.com

നികളെല്ലാം ഉയർന്ന ജാതിക്കാരിൽ നിന്നുള്ള വരാണെന്നു പാരമ്പര്യം പറയുന്നു. അവർ തങ്ങളുടെ പഴയ സാമൂഹ്യ–രാഷ്ട്രീയ വ്യവസ്ഥിതി തങ്ങളുടെ അക്രൈസ്തവ സഹോദരന്മാരോടൊപ്പം തുടർന്നു പാലിച്ചുപോരുന്നു. അവരുടെ നേട്ടങ്ങളിൽ നല്ലതായിട്ടുള്ളതിനെയെല്ലാം ക്രിസ്തുമതം നശിപ്പിക്കുകയല്ല, മഹത്വീകരിക്കുകയാണു ചെയ്തിട്ടുള്ളത്.

## മതവിശ്വാസം

ഇനി നമുക്കു അവരുടെ മതപരമായ വിശ്വാസത്തെയും ജീവിതത്തെയുംപററി പ്രതിപാദിക്കാം.

തങ്ങളുടെ പൂർവപിതാക്കന്മാരെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തിയതു മാർത്തോമ്മാ ശ്ളീഹയാണെന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നും അഭിമാനിച്ചിരുന്നു. മെസോപ്പൊട്ടേമിയായിൽ നിന്ന് അവർക്കു കിട്ടിയിരുന്ന ആരാധനക്രമപരവും മററുമായ ഗ്രന്ഥങ്ങളിൽ നെസ്തോറിയൻ പദപ്രയോഗങ്ങൾ കടന്നുകൂടിയിരുന്നു. എന്നാൽ ആ പദപ്രയോഗങ്ങളുടെ ദൈവശാസ്ത്രപരമോ വിവാദപരമോ ആയ സ്വഭാവത്തെപ്പററി യാതൊരു അറിവും അവർക്കില്ലായിരുന്നതിനാൽ അത്തരം പദപ്രയോഗങ്ങളുടെ പാഷണ്ഡതാപരമായ വശം ഒരുവിധത്തിലും അവരെ ബാധിച്ചിരുന്നില്ല. ആ പദപ്രയോഗങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ നിർജീവാക്ഷരങ്ങളായി കിടന്നിരുന്നു. തെററാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ട എന്തും അവർ സന്തോഷപൂർവം തിരുത്തിയിരുന്നു. ചരിത്രം അതിനു സാക്ഷ്യം വഹിക്കുന്നുണ്ട് (23). പതിനാറാം നൂററാ

www.malankaralibrary.com

ങ്ങിൽ അവരുമായി സമ്പർക്കത്തിലേർപ്പെട്ട ഉടനെ തന്നെ പോർത്തുഗീസു വൈദികരേയും സന്യാസിക ളെയും തങ്ങളുടെ ഇടയിലേക്കു മാർത്തോമ്മാ ക്രിസ്ത്യാനികൾ സന്തോഷപൂർവം സ്വീകരിച്ചു. വിശുദ്ധവസ്തു കാര്യങ്ങളിലുള്ള സംസർഗ്ഗം അഥവാ സമ്പർക്കം (Communicatio in saeris) ഇരുഭാഗത്തും നിരന്തരം നടന്നിരുന്നു.

1624 ഡിസംബർ 21–ാംതീയതി അന്നത്തെ അർക്കദിയാക്കോൻ എഴുതിയിട്ടുള്ള കത്തിൽ ഇതു വിശദമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: "....തെറ്റുകൾ ഒരുപക്ഷേ ഉണ്ടായിരുന്നിരിക്കാം. എന്നാൽ ശാഠ്യപൂർവം ഉറച്ചുനിന്നിരുന്ന പാഷണ്ഡതകൾ ഉണ്ടായിരുന്നില്ല.... ഈ സഭ പാഷണ്ഡതയിൽ പെട്ടിരുന്നതായിരുന്നെങ്കിൽ (24) ഈശോസഭാ വൈദികരേയും മറ്റു കത്തോലിക്ക സന്യാസികളെയും അതിലേക്കു സ്വീകരിക്കുമായിരുന്നില്ല...." (25).

1570 ജനുവരി 4–ാംതീയതി കൊച്ചിയിൽനിന്ന് ഒരു ഈശോസഭാ വൈദികനെഴുതി: പൊതുവായി ഈ ക്രിസ്ത്യാനികൾ നിഖ്യാവിശ്വാസപ്രമാണത്തിലെ എല്ലാ വകുപ്പുകളും ഏറ്റുപറയുന്നു. അതുപോലെ തന്നെ, മെത്രാപ്പോലീത്തായും അർക്കദിയാക്കോനും ഏറ്റുപറയുന്നുണ്ട്; മൂന്നുദൈവിക ആളുകളുടെ സമത്വവും ക്രിസ്തുവിലെ രണ്ടുസ്വഭാവങ്ങളും ഒരു ആളും എന്ന പഠനവും അവർ ഏറ്റുപറയുന്നുണ്ട്. മാർപ്പാപ്പായെ സംബന്ധിച്ച് അദ്ദേഹം ഭൂമിയിൽ നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ വികാരിയാണെന്നു അവർ കരുതുന്നു. പാത്രിയർക്കീസു മാർപ്പാപ്പായ്ക്കു വിധേയനാണെന്നും അദ്ദേഹത്തിൽനിന്നു തന്റെ അധികാരങ്ങൾ

www.malankaralibrary.com

സ്വീകരിക്കുന്നെന്നും (അവർ കരുതുന്നു)....''(26). ഫാദർ റോസ് എസ്. ജെ. മാർത്തോമ്മാ ക്രിസ്ത്യാനികളെ നെസ്തോറിയന്മാർ എന്നു വിളിക്കുന്നുണ്ടെങ്കിലും, അതേസമയം അവരുടെ പുസ്തകങ്ങളിൽ നെസ്തോറിയൻ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും അവർ ഏററുപറയുന്നതു റോമൻ കത്തോലിക്കാ വിശ്വാസമാണെന്നു സമ്മതിക്കുകയും ചെയ്യുന്നു. അവർ പരിശുദ്ധ കന്യാകാമറിയത്തെ ദൈവമാതാവെന്നു പരസ്യമായി പ്രസംഗിച്ചിരുന്നുവെന്നും, യാമപ്രാർത്ഥനകളിൽനിന്നു നെസ്തോറിയസിൻെറയും കൂട്ടുകാരുടെയും പേരുകൾ വിട്ടുകളഞ്ഞിരുന്നുവെന്നും കൂടി അദ്ദേഹം പറയുന്നുണ്ട് (27).

കുറവിലങ്ങാട്ടു പള്ളിക്കുവേണ്ടി 1584-ൽ വാർത്തിട്ടുള്ള ഒരു ഓട്ടുമണിയിൽ പൊങ്ങിയ അക്ഷരത്തിലുള്ള ഒരു ലേഖനത്തിൽ പരിശുദ്ധ കന്യകാമറിയത്തെ "ദൈവമാതാവു്" എന്നു സംബോധനം ചെയ്യുന്നു (28). മാർത്തോമ്മ ക്രിസ്ത്യാനികൾ നെസ്തോറിയൻ പദപ്രയോഗങ്ങൾക്കും സിദ്ധാന്തങ്ങൾക്കും തങ്ങളെത്തന്നെ സമർപ്പിച്ചിരുന്നില്ലെന്നും, ക്ലുദാശകളിൽ തങ്ങളുമായി സംസർഗ്ഗത്തിലേർപ്പെട്ടിരുന്നവർ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രമാദങ്ങളെല്ലാം സസന്തോഷം തിരുത്തിയിരുന്നെന്നും മുകളിൽ പറഞ്ഞവയെല്ലാം തെളിയിക്കുന്നു. ഒരു ഫെർഡിനാൻറു പാസ് 1557-ൽ എഴുതുന്നു: നെസ്തോറിയൻ വർഗ്ഗത്തിൽപെട്ട ഒരു മെത്രാൻ കേരളത്തിലുണ്ടു്; എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ആ പാഷണ്ഡത സംബന്ധിച്ച യാതൊന്നും ഞാൻ കണ്ടില്ല (29).

www.malankaralibrary.com

അതേ വത്സരത്തിൽതന്നെ മെൽക്കിയോർ കാർണീറാ എസ്. ജെ. — അദ്ദേഹത്തിന്റെ മാർത്തോമ്മാ ക്രിസ്ത്യാനികളെല്ലാം നെസ്തോറിയന്മാരായിരുന്ന — റോമാ സഭയാണ് എല്ലാവിധത്തിലും പ്രധാനപ്പെട്ട സഭയെന്ന് അവർ ഏററുപറഞ്ഞിരുന്നുവെന്ന എഴുതി. തങ്ങൾ എല്ലാ പ്രമാണങ്ങളും അനുസരിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം മുൻ മാർപ്പാപ്പാമാർ അതിൽനിന്ന ഒഴിവുതന്നിട്ടുള്ളതാണ് എന്ന അവരിൽ ചിലർ തന്നോട് പറഞ്ഞുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്(30). അവരെപ്പററി 1561–ൽ നൂനെസ് ബാറെറോ എസ്. ജെ. എഴുതിയിട്ടുള്ളത് ഇവിടെ ഉദ്ധരിക്കുന്നത് രസകരമായിരിക്കുമെന്ന തോന്നുന്നു. ബാറെറോ എഴുതുന്നു :

"ഏററം പ്രിയ സഹോദരന്മാരെ, ഈ ക്രിസ്ത്യാനികളെ കാണുകയും അവരുമായി ഇടപെടുകയും ചെയ്യുവാനിടയായതിൽ ഞാൻ നമ്മുടെ കർത്താവിൽ എത്രമാത്രം ആശ്വസ്തനായിരിക്കുന്നുവെന്ന് എനിക്ക പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഈ ക്രിസ്ത്യാനികൾ മാർത്തോമ്മായുടെ കാലംമുതൽ ഇന്നുവരെ നമ്മുടെ കർത്താവീശോ മിശിഹായുടെ വിശ്വാസത്തിൽ നിലനിന്നുപോരുന്നു. മതപ്രസംഗങ്ങളോ, കൂദാശകളുടെ പരികർമ്മങ്ങളോ, നമ്മുടെ ഇടയിൽ നിലനിൽക്കുന്ന ദിവ്യപരിപാലനയുടെ മററുപാധികളോ കൂടാതെതന്നെ എന്നല്ല, സംഖ്യയില്ലാത്തുള്ള അവിശ്വാസികളുടെ ഇടയിൽ ജീവിച്ചുകൊണ്ട്, അവരുടെ മദ്ധ്യേ താമസിക്കുന്ന അവിശ്വാസികളാൽ ദ്രോഹിക്കപ്പെട്ടിട്ടും മുഹമ്മദീയരാലും യൂദന്മാരാലും പീഡിപ്പിക്കപ്പെട്ടിട്ടും, ഏററം പരിശുദ്ധ കുരിശിലുള്ള വിശ്വാസവും വണക്കവും അനുസരണയും അവർ എപ്പോഴും നിലനിർത്തുകയും, ക

www.malankaralibrary.com

ത്തോലിക്ക വിശ്വാസരഹസ്യങ്ങൾ അനുസ്മരിച്ചു പോരികയും ചെയ്തിരിക്കുന്നു. ഈ ക്രിസ്ത്യാനികളുടെ ഇടയിൽ ആയിരിക്കുന്നതിലും, നമ്മുടെ പരിശുദ്ധ വിശ്വാസത്തിന്റെ രഹസ്യങ്ങൾ അവർ മനസ്സിലാക്കിയിട്ടുണ്ടെന്നു് ചോദ്യങ്ങൾ വഴിയും സംഭാഷണങ്ങൾ വഴിയും പഠിക്കുവാൻ സാധിച്ചതിലും ഞാൻ സന്തോഷിക്കുന്നു. പരിശുദ്ധപരമത്രിത്വത്തിന്റെ രഹസ്യത്തിലും, മനുഷ്യാവതാര രഹസ്യത്തിലും അതുപോലെ തന്നെ അംത്താരയിലെ ഏററം പരിശുദ്ധ കുദാശയുടെ രഹസ്യത്തിലും അവർ സ്ഥിരനിഷ്ഠരാണെന്നു ഞാൻ മനസ്സിലാക്കി. സിറിയായിൽനിന്നു വരുന്നവരും, ദൈവശാസ്ത്രപണ്ഡിതന്മാരല്ലാത്തവരുമായ മെത്രാന്മാരാൽ — അവരിൽ ചിലർ നെസ്തോറിയസിന്റെ പാഷണ്ഡതയോടുകൂടിയവരായിരുന്നു—പഠിപ്പിക്കപ്പെടുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം ഇതു വളരെയധികമാകുന്നു....". അവരുടെ തെററുകളായി ബാറെറോ ചൂണ്ടിക്കാണിക്കുന്നതു (ദിവ്യപൂജയിൽ) പുളിച്ച അപ്പം ഉപയോഗിക്കുന്നതു—ഇതിനോടുനമ്മുടെ കർത്താവു ആശീർവദിച്ചതെന്നു് അവർ വിശ്വസിച്ചിരുന്ന ഒരു എണ്ണ അവർ കൂട്ടിച്ചേർത്തിരുന്നു - പട്ടം സ്വീകരിച്ചതിനുശേഷം വൈദികർ വിവാഹം ചെയ്യുന്നതു, അന്യായ പലിശ ഈടാക്കുന്നതു, ചില പ്രത്യേക കർമ്മങ്ങൾ, അതുപോലെയുള്ള മററു തെററുകൾ എന്നിവയാണു്. അവരുടെ ആരാധനക്രമ ഭാഷയിൽ അവരുടെ വൈദികർ രാവിലെയും വൈകുന്നേരവും ചൊല്ലിയിരുന്ന യാമപ്രാർത്ഥനകളിൽ അവർ പങ്കെടുത്തിരുന്നുവെന്നും അദ്ദേഹം പറയുന്നു (30a).

www.malankaralibrary.com

മാർത്തോമ്മ ക്രിസ്ത്യാനികളുടെ സഭ മെസോപ്പൊട്ടേമിയായിലെ സഭയുടെ ഒരു അവിഭാജ്യഘടകമോ അതിൽനിന്നു പൊട്ടിമുളച്ചുണ്ടായതോ അല്ലെന്നും കേരളസഭയും മെസോപ്പൊട്ടേമിയൻ സഭയും തമ്മിലുള്ള ബന്ധം പ്രായോഗിക കാര്യങ്ങൾക്കെന്നല്ലാതെ വിശ്വാസപരമായ കാര്യങ്ങൾക്കായിരുന്നില്ലെന്നുമുള്ള വസ്തുത ഈ ഘട്ടത്തിൽ സ്മർത്തവ്യമാകുന്നു.

## റോമയുമായുള്ള ബന്ധം

റോമയോടുള്ള അവരുടെ മനോഭാവത്തെപ്പററി ഏതാനും കാര്യങ്ങൾകൂടി പ്രസ്താവിക്കാം. തങ്ങളുടേതു ഒരു സ്വതന്ത്രസഭയാണെന്നോ, റോമായിൽനിന്നു വേർപെട്ടുനിൽക്കുന്ന ഒരു സഭയാണെന്നോ അവർ കരുതിയിരുന്നില്ല. മുകളിൽ സൂചിപ്പിച്ചതുപോലെ റോമിൻെറ പരമാധിപത്യത്തിൽ അവർ വിശ്വസിച്ചിരുന്നു. റോമയുമായി സമ്പർക്കത്തിലേർപ്പെടാൻ അവർക്കു യാതൊരു സന്ദർഭവും ഉണ്ടായിരുന്നില്ലെന്നേയുള്ളു. മെസോപ്പൊട്ടേമിയായിൽ നിന്നു കൊണ്ടുവന്നിരുന്ന ആരാധനക്രമപരവും മററുമായ അവരുടെ ഗ്രന്ഥങ്ങളിൽ, മറെറല്ലാ പാത്രിയർക്കീസുമാരുടെ മേലും വിശുദ്ധ പത്രോസിനും അദ്ദേഹത്തിൻെറ പിൻഗാമികളായ റോമാ മാർപ്പാപ്പാമാർക്കുമുള്ള ദൈവസ്ഥാപിതമായ പരമാധിപത്യത്തെ ഏററം വ്യക്തമായ ഭാഷയിൽ തറപ്പിച്ചു പറയുന്ന പ്രസിദ്ധങ്ങളായ ഭാഗങ്ങൾ (ഒന്നോ രണ്ടോ അല്ല അനവധി) ഉണ്ടായിരുന്നു [31]. വാസ്തവത്തിൽ എപ്പോഴൊക്കെ സന്ദർഭം കിട്ടിയോ അപ്പോഴെല്ലാം മാർത്തോമ്മാ ക്രിസ്ത്യാനികൾ റോമൻ പരമാധിപത്യത്തിലുള്ള തങ്ങളുടെ വിശ്വാസം പരസ്യമായി ഏററുപറഞ്ഞിരുന്നു.

www.malankaralibrary.com

ചൈനയിൽ പേപ്പൽ ലിഗേററായിരുന്ന ജോൺ മരിഞ്ഞോലി (1348) പറയുന്നു : പേപ്പൽ ലിഗേററു് എന്ന തന്റെ ഉദ്യോഗത്തിന്റെ അവകാശമായി കൊല്ലത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ 18 മാസത്തേക്ക പ്രതിമാസം ഒരുന്നൂറു പൊൻപണം (ഒരു മലബാർ നാണയം) വീതവും, അവിടം വിട്ടുപോയപ്പോൾ ആയിരം പൊൻപണവും നൽകിയിരുന്നുവെന്നു് (32). പതിനാറാം നൂററാണ്ടിൽ പോർത്തുഗീസുകാരുടെ ആഗമനത്തോടുകൂടി കടൽവഴി പാശ്ചാത്യ ലോകവുമായി അവർക്കൊരു ബന്ധംകിട്ടി. അവർ ഉടൻതന്നെ, പരപ്രേരണകൂടാതെ, ഈ സന്ദർഭം ഉപയോഗപ്പെടുത്തി മാർപ്പാപ്പായുമായി അദ്ദേഹത്തിന്റെ മക്കളും പ്രജകളുമെന്നനിലയിൽ നിരന്തരബന്ധം പുലർത്തിപ്പോന്നു. 16-ാം നൂററാണ്ടിലെ അവരുടെ ചരിത്രം ഇതു വ്യക്തമായി തെളിയിക്കുന്നു (33).

മാർത്തോമ്മാ ക്രിസ്ത്യാനികൾ നെസ്തോറിയൻ പാഷണ്ഡികളും ശീശ്മക്കാരുമായിരുന്നെന്നും, ഗോവയിലെ പോർത്തുഗീസു മെത്രാപ്പോലീത്തായായിരുന്ന ഡോം മെനേസിസ് അവരുടെ പള്ളികൾ സന്ദർശിച്ചതുവഴിയും ഉദയംപേരൂർ നടത്തിയ സൂനഹദോസുവഴിയും 1599-ൽ അവരെ കത്തോലിക്കാ സഭയിലേക്ക മാനസാന്തരപ്പെടുത്തിയെന്നും യൂറോപ്യൻ സഞ്ചാരികളും പോർത്തുഗീസുകാരും ലോകത്തെ മുഴുവൻ വിശ്വസിപ്പിച്ചിട്ടുണ്ടെന്നതു ശരിതന്നെ. അവരെക്കൊണ്ടു തന്നെ അനുസരിപ്പിക്കുന്നതിനു ഡോം മെനേസീസു് സ്വീകരിച്ച മാർഗ്ഗം തുടസ്സം മുതൽ തന്നെ അവരെ മഹറോൻ (Exconnunicatio latae sententiae) ചൊല്ലുമെന്നു ഭീഷണിമുഴക്കയും, ചിലപ്പോൾ ബലം

www.malankaralibrary.com

പ്രയോഗിച്ച അവരുടെ പള്ളികരം തുറന്നശേഷം അവയിൽ കൂദാശകരം പരികർമ്മം ചെയ്കയുമായിരുന്നു എന്നുപറഞ്ഞാൽ മതിയല്ലൊ (34). തന്റെ യൂറോപ്യൻ വായനക്കാർക്കുവേണ്ടി ഗൂവയാ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുപോലെ (35) ഡോം മെനേസിസാനെപ്പററിയും ഉദയംപേരൂർ സൂന്നഹദോസിനെപ്പററിയും (നാം അറിഞ്ഞിരിക്കുന്നതു) കേരളത്തിൽ യഥാർത്ഥത്തിൽ നടന്നതുമായി (36) പൂർണ്ണമായി പൊരുത്തപ്പെടുന്നില്ലെന്നു അടുത്തകാലത്തെ ഗവേഷണപഠനങ്ങരം വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഏതൊരു പൗരസ്ത്യ പാത്രിയർക്കീസിനെ പരസ്യ പാഷണ്ഡിയും ശീശ്മക്കാരനുമെന്നു ശപിക്കുവാൻ ഡോം മെനേസിസ് മാർത്തോമ്മാ ക്രിസ്ത്യാനികളെ നിർബന്ധിച്ചുവോ, ആ പൗരസ്ത്യ സുറിയാനി പാത്രിയർക്കീസ്, മാർപ്പാപ്പായുമായി സ്പഷ്ടമായ സംസർഗ്ഗമുണ്ടായിരിക്കുകയും അദ്ദേഹത്തിൽനിന്നു വിശുദ്ധ പാലിയം സ്വീകരിക്കുകയും ചെയ്ത മാർ ദനഹാ ശിമയോൻ അല്ലാതെ മററാരുമല്ല.

## ക്രൈസ്തവ ജീവിതം

മാർത്തോമ്മാ ക്രിസ്ത്യാനികരം പൊതുവേ, അവരുടെ ജ്ഞാനത്തിനനുസരണമായി, അവർ ആയിരുന്ന ചുററുപാടുകളിൽ സാമാന്യം നല്ല ഒരു ക്രൈസ്തവ ജീവിതം നയിക്കുകയായിരുന്നുവെന്നു നമുക്കു പറയാവുന്നതാണ്. സാദ്ധ്യമാകുന്നിടത്തോളം അവർ അടുത്തടുത്ത ദൈവാലയത്തിൽ പോകുകയും കൂദാശകരം സ്വീകരിക്കുകയും ചെയ്തിരുന്നു. മാതാവിനോടും മാർത്തോമ്മായോടും പ്രത്യേക ഭക്തി പ്രദർശിപ്പിക്കുകയും കുരി

www.malankaralibrary.com

ശിനെ വണങ്ങുകയും, തീർത്ഥയാത്രകൾ നടത്തുകയും, സാധുക്കൾക്കു ഭക്ഷണം കൊടുക്കുകയും, അവരുടെ റീതിയിൽ അനുശാസിച്ചിട്ടുള്ള നോയമ്പുകൾ കൃത്യമായി അനുഷ്ടിക്കുകയും ചെയ്തിരുന്നു. അമ്പതുനൊയമ്പ് വിഭൂതി ബുധനാഴ്ച മാത്രം തുടങ്ങുവാനും, നോയമ്പു കാലത്തു മൽസ്യം ഭക്ഷിക്കുവാനും വീഞ്ഞു കുടിക്കുവാനും 16-ാം നൂററാണ്ടിൽ പോർത്തുഗീസുകാർ അവരെ നിർബന്ധിച്ചപ്പോൾ പോർത്തുഗീസുകാരുടെ വക സ്ഥലങ്ങളിൽനിന്നു അവർ ഓടിപ്പോയിരുന്നു (37). അവരുടെ വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും ആത്മാർത്ഥതയ്ക്കു മതിയായ ഒരു തെളിവാണിത്. തങ്ങളുടെ ആരാധനക്രമപരമായ കാര്യങ്ങളിലുള്ള പോർത്തുഗീസുകാരുടെ കൈകടത്തലിനെ ഒഴിഞ്ഞുമാറിയ അതേ മാർത്തോമ്മാ ക്രിസ്ത്യാനികൾതന്നെ ജപമാലയും മററു ചില മരിയൻ ഭക്തികളും സന്തോഷപൂർവം സ്വാഗതം ചെയ്തുവെന്നതു പ്രസ്താവാർഹമായിരിക്കുന്നു.

### വൈദികർ

അവരുടെ ജീവിതം ദേവാലയ കേന്ദ്രീകൃതമായിരുന്നു. ഇന്നും അങ്ങനെതന്നെ. അവരുടെ വൈദികർ ബഹുമാന്യ കുടുംബങ്ങളിൽ നിന്നുള്ളവരും സാമാന്യമായി വിവാഹിതരും ആയിരുന്നു. അവരുടെ വൈദികർ യാമപ്രാർത്ഥനകൾ ഗാനമായി ആലപിച്ചിരുന്നു. വൈദികരുടെ സംഘമാണ് ഇടവക ഭരിച്ചിരുന്നതു്. ഏററവും പ്രായംകൂടിയ ആൾ നേതൃത്വം വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ മററുള്ളവർ തവണ അനുസരിച്ചു ഇടവക ജോലികൾ നിർവഹിച്ചിരുന്നു. അവർ താടി വളർത്തിയിരുന്നു. ഭവനത്തിനുള്ളിലാ

www.malankaralibrary.com

യിരിക്കുമ്പോൾ അവരുടെ വേഷം അയഞ്ഞ കാൽച്ചട്ടയും അംഗവസ്ത്രവുമായിരുന്നു. പുറത്തേക്കു പോകുമ്പോൾ നീണ്ട വെള്ളവസ്ത്രവും തൊപ്പിയും ധരിച്ചിരുന്നു. (കറുപ്പുവസ്ത്രം അപൂർവമായേ ഉപയോഗിച്ചിരുന്നുള്ളു) അലംകൃതമായ ഒരു വടി കരങ്ങളിൽ വഹിക്കുകയും ചെയ്തിരുന്നു. രണ്ടുതരം വൈദികരുണ്ടായിരുന്നു; സാധാരണക്കാരും, കൂടുതൽ ഏകാന്തരായിരിക്കുന്നവരും. ഈ ഒടുവിൽപറഞ്ഞവർ ഒരിക്കൽപോലും മാംസം ഭക്ഷിക്കുകയോ വീഞ്ഞു കുടിക്കുകയോ ചെയ്തിരുന്നില്ല. അവർ ഒരുതരം തപോജീവിതമാണു നയിച്ചിരുന്നതു്.

## വൈദികാർത്ഥികൾ

ഒരു അക്രൈസ്തവൻ ഒരു വൈദികനെ വധിക്കുന്നതായാൽ, അവനെ കൊല്ലുന്നതുവരെ, സാദ്ധ്യമാണെങ്കിൽ അവൻെറ രാജാവിനെയും കൊല്ലുന്നതുവരെ ക്രിസ്ത്യാനികൾ അടങ്ങിയിരിക്കുകയില്ല (38). പൗരോഹിത്യത്തിലേക്കുള്ള കുട്ടികളെ പ്രായംചെന്ന വൈദികർ പഠിപ്പിച്ചിരുന്നു. പട്ടംസ്വീകരിക്കുവാനുള്ള സ്ഥാനാർത്ഥികളെ ഇടവകക്കാരുടെ യോഗമാണു സമർപ്പിച്ചിരുന്നതു്. ഇടവകകൾക്കു വേണ്ടിയാണു്, ദ്രവ്യപതാകൾക്കുവേണ്ടിയല്ല, വൈദികർക്കു പട്ടം കൊടുത്തിരുന്നതു്. ഇടവകകളാലും വിശ്വാസികളുടെ ഉദാരമായ കാണിക്കകളാലും വൈദികർ സംരക്ഷിക്കപ്പെട്ടിരുന്നു. പെരുനാളുകളുടെയും വിവാഹങ്ങളുടെയും അവസരങ്ങളിൽ നൽകപ്പെടുന്ന മധുരപലഹാരങ്ങൾ, വസ്ത്രങ്ങൾ, പണം എന്നിവ ഈ കാണിക്കയിലുൾപ്പെട്ടിരുന്നു.

www.malankaralibrary.com

## സന്യാസാഭിമുഖ്യം

പുരുഷന്മാരുടെ സന്യാസാശ്രമങ്ങളുണ്ടായിരുന്ന മൂന്നു സ്ഥലങ്ങളുടെ പേരുകൾ പൗലീനോസു പറയുന്നുണ്ടു് (39). അങ്കമാലിയിലുള്ള ഒരു പള്ളിക്കടുത്തു് ചില പ്രത്യേക കുടുംബക്കാർക്കു ചെറിയ മുറികളുണ്ടായിരുന്നുവെന്നതു ഓർമ്മയിൽ നിൽക്കുന്നു. പ്രാർത്ഥനയ്ക്കും ഏകാന്തതയ്ക്കുമായി ആ കുടുംബങ്ങളിലെ അംഗങ്ങൾ ഓരോ സമയങ്ങളിൽ ഈ മുറികൾ ഉപയോഗിച്ചിരുന്നു. ചാരിത്രശുദ്ധി അക്രൈസ്തവർപോലും വളരെയേറെ മതിച്ചിരുന്നു.

## ഇടവകഭരണം

ഇടവകയിലെ വൈദികരും പ്രായപൂർത്തിയായ അൽമേനികളും ചേർന്ന യോഗമാണു സ്ഥലത്തെ പള്ളികളുടെ ഭരണം നിർവഹിച്ചിരുന്നതു്. ഈ യോഗം കേസുകൾ കേട്ടു തീരുമാനിക്കുകയും ശിക്ഷവിധിക്കുകയും ചെയ്തിരുന്നു. ശിക്ഷ ചിലപ്പോൾ "മഹറോൻ"വരെയായെന്നുവരും. മഹറോൻ ചൊല്ലപ്പെട്ടവർക്കു കുമ്പസാരം കർബാന എന്നീ കൂദാശകളോ, പള്ളിയിൽ 'സമാധാനാശംസ'യൊ നൽകപ്പെട്ടിരുന്നില്ല. അവർക്കു യോഗത്തിൽ ഇരിക്കുവാൻ അവകാശമുണ്ടായിരുന്നില്ല. അവരുടെ വീടുകളിൽ വൈദികർ പ്രവേശിച്ചിരുന്നുമില്ല. അവരുടെ വിവാഹങ്ങൾ ആശീർവദിക്കുകയോ, അവരുടെ വീടുകളിൽ നടത്തപ്പെട്ടിരുന്ന "സ്നേഹവിരുന്നു"കളിൽ പങ്കെടുക്കുകയോ ചെയ്തിരുന്നില്ല. യോഗം അവരുടെമേൽ ചുമത്തിയിട്ടുള്ള പരിഹാരങ്ങൾ നിർവഹിച്ചതിനുശേഷം മാത്രമേ മഹറോൻപോക്കി അവരെ തിരിച്ചെടുത്തിരുന്നുള്ളു

www.malankaralibrary.com

മഹറോൻ പോകുന്നതിനുമുൻപ് അവർ ദൈവാലയ വാതിൽക്കൽനിന്നു മററുള്ളവരോടു ക്ഷമചോദിക്കണം. മഹറോൻ പോകുമ്പോൾ വൈദികൻ ഒരു കെട്ടുവടി കൊണ്ടു അവരെ മെല്ലെ അടിച്ചിരുന്നു. യോഗങ്ങളിൽ വൈദികനും മൂപ്പന്മാരും, കണക്കനും സർവപ്രധാന ഭാഗം വഹിച്ചിരുന്നു ([40]). ഇന്നും ഇടവകക്കാരുടെ യോഗങ്ങൾ ഉണ്ടു്. എന്നാൽ അവ ഭൗതിക സ്വത്തുക്കളുടെ ഭരണം മാത്രമേ നിർവഹിക്കുന്നുള്ളു. അവരുടെ അധികാരങ്ങൾ വളരെയധികം വെട്ടിച്ചുരുക്കപ്പെട്ടിരിക്കുന്നു.

## അർക്കദിയാക്കോൻ

സഭ മുഴുവന്റെയും 'വാസ്തവ'ത്തിലുള്ള ഭരണം നിർവ്വഹിച്ചിരുന്നതു് അർക്കദിയാക്കോനാണ്. അവർ മിക്കവാറും ഒരു കുടുംബത്തിൽനിന്നുള്ള അവിവാഹതരായ വൈദികരായിരുന്നു. ഒരേസമയത്തു് ഒരു അർക്കദിയാക്കോനെ ഉണ്ടായിരുന്നുള്ളു. 'പൗരസ്ത്യ സുറിയാനി റീത്തും കാനൻ നിയമവും ഒരു മെത്രാനു് ഒരു അർക്കദിയാക്കോനെവീതം അനുവദിക്കുന്നുണ്ടെങ്കിലും ഒരേസമയം ഒന്നിലധികം മെത്രാന്മാരുണ്ടായിരുന്നപ്പോഴും ഇവിടെ ഒരു അർക്കദിയാക്കോനെ ഉണ്ടായിരുന്നുള്ളു

## കാനൻനിയമം

മുകളിൽപ്പറഞ്ഞ വിവരങ്ങൾ തെളിയിക്കുന്നതു മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ ചുററുപാടുകൾക്കു യോജിച്ച ഒരു കാനൻ നിയമം രൂപപ്പെടുത്തിയെന്നാണ്. മെസോപ്പൊട്ടേമിയാക്കാരായ മെത്രാന്മാ

www.malankaralibrary.com

രാണ കേരളത്തിൽ ഉണ്ടായിരുന്നതെങ്കിലും ഈ കാനൻ നിയമം മെസോപ്പൊട്ടേമിയായിലെ സഭയുടെ കാനൻ നിയമത്തിൽനിന്നു ഭിന്നമായിരുന്നു.

### ചില ന്യൂനതകൾ

ക്രിസ്തു മതത്തിൻെറ കേന്ദ്രത്തിൽ നിന്നുള്ള അകൽച്ചമൂലവും, അക്രൈസ്തവരുടെ ഇടയിലുള്ള അവരുടെ ജീവിതം മൂലവും മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക ക്രിസ്തീയ സിദ്ധാന്തങ്ങളിൽ കൃത്യമായ ശിക്ഷണമുണ്ടായിരുന്നില്ല. തന്മൂലം ചില വിശ്വാസ സത്യങ്ങൾ അവർക്ക മറഞ്ഞുകിടന്നിരുന്നു; അന്ധവിശ്വാസപരമായ ചില ആചാരങ്ങൾ അവരുടെയിടയിൽ നുഴഞ്ഞ് കയറുകയും ചെയ്തു. അവരിൽ ചിലർ എങ്ങനെ അക്രൈസ്തവക്ഷേത്രങ്ങളുടെ കൈസ്ഥാനം ഏററുവെന്നും, ക്ഷേത്രങ്ങളും പള്ളികളും എങ്ങനെ ആഘോഷാവസരങ്ങളിൽ അവയുടെ അലങ്കാരവസ്തുക്കൾ കൈമാററം ചെയ്തിരുന്നുവെന്നും ഇതിൽനിന്നു വ്യക്തമാകുന്നതാണ്.

### ജാതിയും മതവും

രാജ്യത്തിൻെറ സാമൂഹ്യ—രാഷ്ട്രീയ സംവിധാനത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരു കുലീന ഘടകമായിരുന്നു. മററുഘടകങ്ങൾ ഓരോ ജാതികളായിരുന്നു. ജാതിമാററം ജാത്യഭിമാനിയായ ഒരു മനുഷ്യന അചിന്ത്യമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ജാതിനിയമങ്ങളും മതവും മിക്കവാറും ഒന്നുതന്നെയായിരുന്നു. അക്രൈസ്തവരുടെ ഭാഗത്തുണ്ടായിരുന്ന ഏതാദൃശമായ മനോഭാവം മാർത്തോമ്മാ ക്രിസ്

www.malankaralibrary.com

ത്യാനികൾക്ക് അവരുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനു സഹായകമായി ഭവിച്ചു. പക്ഷേ അതിനു അതിന്റേതായ ദോഷങ്ങളുമുണ്ടായിരുന്നു. മതം മാററം മൂലം കുലീനത്വം നഷ്ടപ്പെട്ടതായി, ജാതിതന്നെ നഷ്ടപ്പെട്ടതായി, ഉയർന്ന ജാതിക്കാർ കരുതിപ്പോന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കാര്യത്തിലാകട്ടെ, താണജാതിക്കാരുമായി സമ്പർക്കപ്പെടുന്നതു കുലീനത്വം നഷ്ടപ്പെടുന്നതിനു തുല്യമായിരുന്നു. അവരുടെ ഇടയിൽ ജാതിചിന്തകളും ഇല്ലാതിരുന്നില്ല. വിപുലമായ തോതിൽ അവർ മാനസാന്തരങ്ങൾ നടത്താതിരുന്നതിന്റെ കാരണം ഇതാകുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെകൂട്ടത്തിൽ മതം മാറി കൂടിയവർ വളരെ ചുരുക്കമായിരുന്നു. മാനസാന്തരപ്പെട്ട വ്യക്തികൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹത്തിൽ ക്രമേണ ലയിച്ചു ചേർന്നു. ഒരു പ്രത്യേക ജാതിയിൽ നിന്നു കൂട്ടമായി മാനസാന്തരപ്പെട്ടവർ ഒരു പ്രത്യേക സാമൂഹ്യ ഘടകമായി നിലനിന്നുപോന്നു. സാമൂഹ്യമായ കാരണങ്ങളാൽ അവരും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിൽ മിശ്രവിവാഹം നടന്നിരുന്നില്ല, അഥവാ അപൂർവമായിരുന്നു; സമ്പന്നരായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഇതായിരുന്നു സ്ഥിതി. മാർത്തോമ്മാ ക്രിസ്ത്യാനികൾ മൂലമല്ലാതെ മാനസാന്തരപ്പെട്ടവരുടെ കാര്യത്തിലും എപ്പോഴും സ്ഥിതി ഇതുതന്നെയായിരുന്നു. ഈ അകൽച്ചയുടെ അടിയിൽ ഉണ്ടായിരുന്നതു തീർച്ചയായും ജാതിചിന്തകളായിരുന്നു.

## മാനസാന്തരപ്രവർത്തനം

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്നു വിപുലമായതോതിൽ മാനസാന്തരപ്രവർത്തനങ്ങൾ നടത്തുന്നു

www.malankaralibrary.com

ണ്ടു്. അവരുടെ സ്വന്തം വൈദിക സംസ്ഥാനത്തിൽ അവർ അക്രൈസ്തവരെ അവരുടെ വൈദിക മേലദ്ധ്യക്ഷന്മാരുടെ ഭരണത്തിൻ കീഴിൽ അവരുടെ റീത്തിലേക്കു മാനസാന്തരപ്പെടുത്തുന്നു. ഇതിനു പുറമേ അവരിൽ മൂവായിരത്തിലധികംപേർ—വൈദികരും, സഹോദരന്മാരും, കന്യാസ്ത്രീകളും—ഇൻഡ്യയിലും പാക്കിസ്ഥാനിലുമുള്ള മിക്കവാറും എല്ലാ ലത്തീൻ മിഷ്യനുകളിലും ഇന്നു സേവനം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഇവർ ലത്തീൻ റീത്തു സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ജാതിതടസ്സം ക്രമേണ അന്തർദ്ധാനം ചെയ്തുകൊണ്ടിരിക്കുന്നു.

## 3 ആരാധന

ഈ വിഭാഗത്തിൽ പറയുന്ന പല കാര്യങ്ങളും കഴിഞ്ഞ വിഭാഗത്തിലും മറിച്ചും പറയാമായിരുന്നു.

### റീത്തും റീത്തു ഭാഷയും

16-ാം നൂററാണ്ടിന്റെ അവസാനംവരെ മാർത്തോമ്മാ ക്രിസ്ത്യാനികളെല്ലാവരും തനി രൂപത്തിലുള്ള പൗരസ്ത്യ സുറിയാനി റീത്താണു ഉപയോഗിച്ചിരുന്നതു്. ഈ റീത്തു റോമാ സാമ്രാജ്യത്തിന്റെ അതിർത്തിക്കു പുറത്തുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ റീത്തായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ റീത്തിനോടു് പ്രത്യേക മമത കാണിച്ചിരുന്നു. ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ അവർ

www.malankaralibrary.com

അതിനെ മാർത്തോമ്മായോടു ബന്ധപ്പെടുത്തുകയും ചെയ്തു. വളരെ പ്രാചീന കാലംമുതൽ കേരളവുമായി സാംസ്കാരികവും വാണിജ്യപരവുമായ ബന്ധങ്ങളുണ്ടായിരുന്ന മെസോപ്പൊട്ടേമിയായിലും പേർഷ്യായിലുമാണു ഈ റീത്തു ഉണ്ടായതും വികാസം പ്രാപിച്ചതും. തങ്ങളുടെ ആരാധനക്രമ ഭാഷയായ സുറിയാനിയോട് (ആറാമായയോട്) മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ഒരു പ്രത്യേക ഇഷ്ടവും ഉണ്ടായിരുന്നു. തങ്ങളുടെ പ്രാർത്ഥനകൾ അതിൽ ചൊല്ലുന്നതുകൂടാതെ അൽമായ ജനങ്ങൾ പോലും ആ ഭാഷ പഠിച്ചിരുന്നു(40) എന്നുതന്നെയല്ല ക്രിസ്തവബ്ദത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ പൗരസ്ത്യ ദിക്കിലെ വാണിജ്യ ഭാഷയും അതായിരുന്നു. ഈ ഭാഷയിൽ അല്ലാതെ സമർപ്പിക്കപ്പെടുന്ന യാതൊന്നും അവർ വിശ്വസിച്ചിരുന്നില്ലെന്നും ലത്തീൻഭാഷയിൽ അവർക്കു യാതൊരു വിശ്വാസവും ഉണ്ടായിരുന്നില്ലെന്നും ന്യൂനെസ് ബാറെറോ (1561) പറയുന്നുണ്ട്(41 a).

തങ്ങളുടെ ആരാധനയ്ക്കു പൗരസ്ത്യ സുറിയാനി റീത്ത് ഉപയോഗിക്കുമ്പോൾതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അതിനു ഒരു പ്രാദേശിക നിറം നൽകിയിരുന്നുവെന്നതു് പ്രസ്താവാർഹമാകുന്നു. ഇതു നമുക്കു പ്രകൃതത്തിൽ വളരെ താൽപ്പര്യകരമായിരിക്കുന്നു.

### ദേവാലയങ്ങൾ

ദേവാലയങ്ങൾ ദീർഘ ചതുരത്തിലുള്ള കെട്ടിടങ്ങളായിരുന്നു. ഇവ മദ്ബഹാ, കെസ്ത്രോമാ, ഹൈക്കലൊ എന്നു മൂന്നായി തിരിച്ചിരുന്നു. ബാഹ്യമായി അവ അക്രൈസ്തവ ക്ഷേത്രങ്ങളെപ്പോലെയായി

www.malankaralibrary.com

രുന്നു. ഇപ്പോഴും നിലനിൽക്കുന്ന പതിനാറാം നൂററാണ്ടിനു മുൻപുള്ള ചില പള്ളിക്കെട്ടിടങ്ങളിൽ നിന്നു ഇതു വിശദമാകുന്നതാണ്. പള്ളിയുടെ തറ ചാണകം കൊണ്ടു മെഴുകിയിരുന്നു (42). അക്രൈസ്തവരുടെ ഇടയിൽ ക്ഷേത്രങ്ങളുടെയും വീടുകളുടെയും തറ ചാണകം കൊണ്ടുമെഴുകുന്നതിനു പവിത്രമായ ഒരു പ്രാധാന്യമുണ്ടായിരുന്നു അവർക്കു പശു ഒരു പവിത്ര മൃഗമാണല്ലൊ. ക്രിസ്തുമസിനും ഈസ്റ്ററിനും പള്ളിയുടെ തറയിൽ 'എടന' എന്ന ഒരു സുഗന്ധച്ചെടിയുടെ ഇലകൾ വിതരണം ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ ഈ ആചാരം ഇന്നും നിലനിർത്തിപ്പോരുന്നുണ്ട്. പുരുഷന്മാർ ഇന്നത്തെപ്പോലെ തന്നെ മദ്ബഹായുടെ മുൻഭാഗവും സ്ത്രീകൾ പിൻഭാഗവും ഉപയോഗിച്ചുപോന്നു. ഓരോ കൂട്ടർക്കും പ്രത്യേക തറകൾ തന്നെ ഉണ്ടായിരുന്നു (43). മതകർമ്മാനുഷ്ഠാനസമയത്തു പുരുഷന്മാരുടെ ആയുധങ്ങൾ സൂക്ഷിക്കുന്നതിനു പള്ളിയുടെ മുൻവശത്തുള്ള മുഖമണ്ഡപം ഉപയോഗപ്പെട്ടു. ദേവാലയങ്ങളുടെ ഭിത്തികളിൽ വേട്ടക്കാരുടെയും, മയിലിന്റെയും, മത്സ്യപുമാന്മാരുടെയും ചിത്രങ്ങളുണ്ടായിരുന്നു.

## ദേവാലയഘോഷങ്ങൾ

ദേവാലയ പ്രദക്ഷിണങ്ങൾക്കു ഉപയോഗിച്ചിരുന്ന കോപ്പുകളെല്ലാം അക്രൈസ്തവ ക്ഷേത്രങ്ങളിൽ ഉപയോഗിച്ചിരുന്നവപോലെയുള്ളതായിരുന്നു. ഇവയിൽ 'മുത്തുക്കുട' എന്ന പ്രത്യേകതരം കുടയുടെ കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. അവ മുൻകാലങ്ങളിൽ രാജകീയ ചിഹ്നമായിരുന്നു. ദേവാലയ പ്രദക്ഷിണങ്ങൾക്കല്ലാതെയും ഈ കുട ഉപയോഗിക്കുന്നതിനു മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു അവകാശമുണ്ടാ

www.malankaralibrary.com

യിരുന്നു, ദൈവാലയപ്രദക്ഷിണങ്ങൾ ബാഹ്യമായി ആകൈ്രസ്തവ ക്ഷേത്രങ്ങളിലെ പ്രദക്ഷിണങ്ങൾ പോലെതന്നെയായിരുന്നു എന്നാൽ സാധാരണ പ്രദക്ഷിണങ്ങളിൽ വൈദികർ കൈകളിൽ ചെറിയ കുരിശുകൾ പിടിച്ചിരുന്നു. അസാധാരണ പ്രദക്ഷിണങ്ങളിൽ വിശുദ്ധ വേദപുസ്തകം പുറത്തേക്കു സംവഹിക്കുകയും എല്ലാവരും അതു ചുംബിക്കുകയും ചെയ്തിരുന്നു, എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ വേദപുസ്തകത്തിന്റെ സ്വർണ്ണവും വെള്ളിയും അമൂല്യരത്നങ്ങളും കൊണ്ടു അലങ്കരിച്ചിട്ടുള്ള ഒരു പ്രതി ഉണ്ടായിരുന്നു. "വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈ ഗ്രന്ഥം മദ്ബഹായിൽ നിന്നു പുറത്തേക്കു എടുക്കുന്നതു ശരിയല്ലെന്നു കരുതി സ്വകാര്യോപയോഗത്തിനായി അവർ അതു പുറത്തേക്കു എടുത്തിരുന്നില്ലാ"യെന്നു വിൻസെൻസോ മറിയാ പറയുന്നു(44). പ്രദക്ഷിണങ്ങൾ ഇന്നത്തെപ്പോലെതന്നെ പള്ളിയുടെ മുൻവശത്തുള്ള കുരിശിൻതൊട്ടിക്കും പള്ളിക്കും, ചിലപ്പോൾ മൂന്നു വട്ടം ചുററുകയായിരുന്നു. ഇക്കാലത്തു വൈദികർ കുരിശുകളോ വേദപുസ്തകമോ സംവഹിക്കുന്നില്ല.

## സ്നേഹവിരുന്നു്

ദൈവാലയങ്ങളിൽ നടത്തപ്പെട്ടിരുന്ന "സ്നേഹവിരുന്നു്" കളിൽ പങ്കെടുക്കുമ്പോൾ വൈദികർ മദ്ബഹായിലും അൽമേനികൾ ഹൈക്കലൊയിലും ഇരിക്കുകയത്രേ പതിവ് ( 45 ). സന്നിഹിതരല്ലാത്ത വൈദികർക്കും ശമ്മാശന്മാർക്കുമുള്ള വിഹിതങ്ങൾ അവരുടെ വീടുകളിലേക്കു കൊടുത്തയച്ചിരുന്നു. ഈ രീതി ഇന്നും തുടരുന്നു. പള്ളിയുടെ അൽമായ ട്രസ്റ്റികൾ, കപ്യാർ, മററു ജോലിക്കാർ മുതലായവർക്കു പ്രത്യേകം ഓഹരിയുണ്ടായിരുന്നു.

www.malankaralibrary.com

### കാഴ്ചകൾ

കോഴി, കാള, പണം മുതലായ രീതിയിലാണ് ജനങ്ങൾ പള്ളികൾക്ക് ഇന്നത്തെപ്പോലെ അന്നും കാഴ്ചകൾ സമർപ്പിച്ചിരുന്നത്. കോഴികളെയും മററും ലേലം ചെയ്തു കിട്ടുന്ന സംഖ്യ ഭണ്ഡാരത്തിൽ മുതൽ കൂട്ടിയിരുന്നു. തിരുനാൾ ദിവസങ്ങളിൽ പണം കാണിക്കയിടുന്നവർക്ക് അൽപ്പം ഉണക്കച്ചോറോ, അപ്പക്കഷണമൊ നൽകിയിരുന്നു (ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്). ഇത് അവർ വളരെ ഭക്തിയോടുകൂടി ഭക്ഷിച്ചിരുന്നു. അവരുടെ പെരുമാററത്തിൽ ദേവത പ്രസാദിച്ചിരിക്കുന്നുവെന്നു കാണിക്കാൻ തങ്ങളുടെ ക്ഷേത്രങ്ങളിൽ നിന്നു ഭസ്മമോ പ്രസാദമോ ലഭിച്ചിരുന്ന അക്രൈസ്തവ ഭക്തജനങ്ങളെയാണ് ഇത് അനുസ്മരിപ്പിക്കുന്നത്.

### കൊടിമരം

അക്രൈസ്തവ ക്ഷേത്രങ്ങളുടെ മുൻഭാഗത്തെന്നപോലെ, പള്ളികളുടെ മുൻഭാഗത്തും കൊടിമരങ്ങളുണ്ടായിരുന്നു. അത്തരം കൊടിമരത്തിൽ ഒരു കൊടികയററിയിരിക്കുന്നതു അവിടെ ഒരു പെരുനാൾ ആഘോഷിക്കുന്നുവെന്നതിനു തെളിവാണ്. ചില പെരുനാൾ അവസരങ്ങളിൽ പള്ളിച്ചെലവിൽ എല്ലാവർക്കും ഭക്ഷണം നൽകിയിരുന്നു. ഈ സമ്പ്രദായങ്ങൾ ഇപ്പോഴും തുടരുന്നു.

### സ്നാന-സ്ഥിരീകരണങ്ങൾ

പൗരസ്ത്യ സുറിയാനി റീത്തനുസരിച്ച് ജ്ഞാനസ്നാനവും സ്ഥിരീകരണവും ഒന്നിച്ചു നൽകിയിരു

www.malankaralibrary.com

ന്നു. ആദ്യത്തെ ആൺകുട്ടിക്കോ പെൺകുട്ടിക്കോ യഥാക്രമം പിതാമഹൻെറയൊ പിതാമഹിയുടെയോ പേരു നൽകിയിരുന്നു. ഇതു് ഇന്നും ഇങ്ങനെതന്നെയാണു്. രണ്ടാമത്തെ കുട്ടിക്കു് അതുപോലെ മാതാമഹൻെറയൊ മാതാമഹിയുടെയോ പേരു നൽകപ്പെട്ടിരുന്നു കേരളീയ അഭിരുചിക്കു ചേരത്തക്കവണ്ണം ക്രിസ്തീയ നാമങ്ങൾക്കു രൂപാന്തരീകരണം നൽകിയിരുന്നു. ജേക്കബ്, ചാക്കോ, ചാക്കപ്പൻ എന്നിങ്ങനെയും, തോമ്മസ് തൊമ്മി, തൊമ്മൻ എന്നിങ്ങനെയും, ആൻ, അന്നമ്മ, അന്നക്കുട്ടി എന്നിങ്ങനെയുമായി. ഇവയിലൊന്നും മെസോപ്പൊട്ടേമിയൻ സ്പർശനം അൽപ്പം പോലും കാണാനില്ല. അക്രൈസ്തവരുടെ ഇടയിൽ ഹിന്ദു നാമങ്ങൾക്കും ഇത്തരം രൂപാന്തരീകരണം സാധാരണമാണു്.

## ബലിസംബന്ധിച്ചു്

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പരിശുദ്ധ പരമദിവ്യ കാരുണ്യത്തോടു് അത്യധികമായ ബഹുമാനമുണ്ടായിരുന്നു. അവരുടെ ഇടയിലെ ശിശ്മക്കാരായ വൈദികർ, പ്രാചീനാചാരത്തെ തുടർന്നുകൊണ്ടു്, ഇന്നും വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നതിനു ഏതാനും മണിക്കൂർ മുൻപുമുതൽ അക്രൈസ്തവരോടു സംസാരിക്കാറില്ല. ഈ സമയങ്ങളിൽ, അക്രൈസ്തവർ ഓടിക്കുന്ന വാഹനങ്ങളിൽ യാത്രചെയ്യാതിരിക്കാനും അവർ കഴിയുന്നതു ശ്രമിക്കുന്നു. കാഴ്ചവെയ്പിനു് അൽപ്പം മുൻപ് ഒരു പുത്തൻ ഇലയിൽ പുതുതായി ചുട്ടെടുത്ത അപ്പം (സാധാരണയായി പുളിച്ചതു്) വൈദികൻെറ പക്കൽ കൊണ്ടുവന്നിരുന്നു (46). ഉണങ്ങിയ

www.malankaralibrary.com

മുന്തിരിങ്ങായിൽ നിന്നു കർബാനവീഞ്ഞു് ഉണ്ടാക്കിയിരുന്നു. കാസാകാം, വക്കിൽ നിന്നു തൂങ്ങിക്കിടന്ന ചെറിയ മണികളാൽ അലംകൃതമായിരുന്നു (47). വിശുദ്ധ കുർബാന സ്വീകരിച്ചിരുന്നവരുടെ പെരുമാററം മിക്കവാറും മുകളിൽപ്പറഞ്ഞ വൈദികരുടേതുപോലെയായിരുന്നു. വളരെ പ്രായം ചെന്നവരിൽനിന്നു ഇതു മനസ്സിലാക്കാവുന്നതാണു്.

## പാപോച്ചാരണവും അന്തിമലേപനവും

പരസ്യപാപികളെ എങ്ങനെ ശിക്ഷിച്ചിരുന്നുവെന്നും എങ്ങനെ ശിക്ഷയിൽനിന്നു ഒഴിവാക്കിയിരുന്നുവെന്നും കഴിഞ്ഞ 'വിഭാഗ'ത്തിൽ നിന്നു നാം മനസ്സിലാക്കിയല്ലോ. 16-ാം നൂററാണ്ടിൻെറ ആരംഭത്തിൽ പോർത്തുഗലും റോമയും വെനീസും സന്ദർശിച്ച ഒരു മാർത്തോമ്മാ ക്രിസ്ത്യൻ വൈദികനായ ഇൻഡ്യാക്കാരനായ ജോസഫ് പറയുന്നതു ലത്തീൻ കാരുടെ ഇടയിലെന്നതുപോലെ കേരളത്തിലും കുമ്പസാരത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും കൂദാശ ഉണ്ടായിരുന്നുവെന്നാണു് (48).

അന്തിമലേപനത്തെപ്പററി പതിനാറാം നൂററാണ്ടിനു മുൻപുള്ള യാതൊരു വിവരവും നമുക്കു ലഭിച്ചിട്ടില്ല. വൈദികർ രോഗികളെ ആശീർവദിക്കുകയും, അവരുടെമേൽ സുവിശേഷം വായിക്കുകയും, വിശുദ്ധ ഗ്രന്ഥത്തിൽനിന്നുള്ള വാക്യങ്ങൾ ലേഖനം ചെയ്തിട്ടുള്ള ഓലയുടെയോ കടലാസിൻെറയോ കഷണങ്ങൾ അവരുടെ ശരീരത്തോടു ബന്ധിക്കുകയും ചെയ്തിരു

www.malankaralibrary.com

ന്നു. മാർത്തോമ്മായുടെ ശവകുടീരത്തിൽനിന്നു എടുത്തിട്ടുള്ള മണ്ണുകലക്കിയ വെള്ളം രോഗികൾക്ക കുടിക്കാൻ കൊടുത്തിരുന്നു. മാർക്കോപോളോ 1293-ൽ ഇതിനൊരു ദൃക്സാക്ഷിയായിരുന്നു (49).

### നവവൈദികൻ

കാനൻ നിയമത്തിൽ അനുശാസിച്ചിട്ടുള്ള പ്രായമാകുന്നതിനു മുൻപുതന്നെ യുവജനങ്ങൾക്ക വൈദികപട്ടം കൊടുത്തിരുന്നു. ഒരു ചെറുപ്പക്കാരനെ വൈദികപദവിയിലേക്ക പ്രവേശിപ്പിച്ച ഉടനെ, നവദമ്പതികളുടെ കാര്യത്തിലെന്നപോലെ മധുരം കൊടുത്തിരുന്നു. പുത്തൻ കുർബാനയ്ക്കുശേഷം വൈദികനെ ആഘോഷമായി തന്റെ വീട്ടിലേക്ക സ്വീകരിച്ചിരുന്നു. എല്ലാത്തരത്തിലുമുള്ള ആഭരണങ്ങളും അദ്ദേഹത്തിനു സംഭാവന നൽകപ്പെട്ടിരുന്നു (50).

### വിവാഹാഘോഷം

തരുണപ്രായമെത്തുന്നതിനുമുൻപുതന്നെ കുട്ടികളുടെ വിവാഹം നടത്തപ്പെട്ടിരുന്നു. തങ്ങളുടെ ആൺമക്കൾക്കും പെൺമക്കൾക്കും മാതാപിതാക്കൾ തന്നെ ഇണകളെ തിരഞ്ഞെടുത്തിരുന്നു. ഇതിൽ ഇണകളുടെ അമ്മാച്ചന്മാർ (മാതൃസഹോദരന്മാർ) വലിയ ഒരു ഭാഗം വഹിച്ചിരുന്നു. ആഘോഷമായ കല്യാണങ്ങളി, വിവാഹത്തിനു മുൻപും പിൻപും വധൂവരന്മാർക്കു മധുരം കൊടുക്കൽ തുടങ്ങി പല സാമൂഹ്യാചാരങ്ങളും ഉണ്ടായിരുന്നു. പൗരസ്ത്യ സുറിയാനി റീത്തിൽ നിശ്ചയിച്ചിരിക്കുന്ന വിവാഹമോതിരത്തിനു പകരം മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക 'താലി' എന്നു പറയുന്ന ഒരു ചെറിയ സ്വർണ്ണാഭരണമാണുണ്ടായിരുന്നത്.

www.malankaralibrary.com

ഇതു മണവാളൻ മണവാട്ടിയുടെ കഴുത്തിൽ കെട്ടിയിരുന്നു (50a). ബ്രാഹ്മണരുടെ താലിയിൽ നിന്നു ക്രിസ്ത്യാനികളുടെ താലിക്കുള്ള വ്യത്യാസം 21 ചെറുമണികൾ കൊണ്ടുള്ള ഒരു കുരിശായിരുന്നു. ബ്രാഹ്മണരെ അനുകരിച്ചു താലികെട്ടുവാനുള്ള ചരടു് വധുവിന്റെ മന്ത്രകോടിയിൽനിന്നാണു് എടുത്തിരുന്നതു്. വിവാഹിതരായ സ്ത്രീകൾ (വിധവകൾ ഇതിനു് അപവാദമാണു്) ഒരിക്കലും അവരുടെ കഴുത്തിൽനിന്നു താലി വേർപെടുത്തിയിരുന്നില്ല. മരണവേളയിൽ ഒന്നുകിൽ ഇതു അവരോടുകൂടി സംസ്കരിച്ചിരുന്നു; അല്ലെങ്കിൽ ദൈവാലയത്തിലെ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരുന്നു.

ഈ ആചാരങ്ങളെല്ലാംതന്നെ ഇന്നും അനുഷ്ഠിച്ചുപോരുന്നുണ്ടു്. പൗരസ്ത്യ സുറിയാനി റീത്തിൽ വിധിച്ചിട്ടുള്ള മണവറയുടെ അടയ്ക്കലും തുറക്കലുമെന്ന ചടങ്ങിനു പകരമാണെന്നു തോന്നുന്നു ഇവിടെ പാട്ടുകളും, അമ്മായിഅമ്മയുടെ ആഹ്വാനമനുസരിച്ചു തന്റെ മുറിയിൽ നിന്നു പുറത്തുവരുന്ന മണവാളന്റെ ആഘോഷമായ കുളിയും മററും ഏർപ്പെടുത്തിയിട്ടുള്ളതു്. അമ്മായിഅമ്മ ഓട്ടുപാത്രങ്ങളും ഒരു പശുവിനെയും കിടാവിനെയും കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുന്നതുവരെ മണവാളൻ പുറത്തേക്കു വരുന്നില്ല. കടിഞ്ഞൂൽ ശിശുവിന്റെ ജനനത്തോടുകൂടി ഈ വാഗ്ദാനങ്ങളെല്ലാം നിർവഹിക്കപ്പെടുന്നു (51). വിവാഹാനന്തരം വരന്റെ മാതാവു വധൂവരന്മാരെ തന്റെ വീട്ടിലേക്കു സ്വീകരിച്ചിരുന്നു. അപ്പോൾ അവർ തന്റെ കൈയിൽ ഒരു കത്തിച്ച വിളക്കും വെള്ളത്തിലിട്ടിട്ടുള്ള കുറച്ചു നെല്ലും വഹിച്ചിരിക്കും (52). വിവാഹാവസരങ്ങളിലാണു മററേതു സന്ദർഭത്തെക്കാളും കൂടുതലായി മാർത്തോമ്മാ ക്രി

www.malankaralibrary.com

സ്യാനികൾ തങ്ങളുടെ പദവികളും കലീന നിലയും പ്രദർശിപ്പിച്ചിരുന്നത്.' അവയെല്ലാം ഇവിടെ വിട്ടുകളയുന്നു. അക്രൈസ്തവരുടെ ഇടയിലാണ് അവർ താമസിച്ചിരുന്നതെങ്കിലും വിവാഹ മോചനം അവരുടെ ഇടയിൽ കേട്ടുകേൾവിപോലും ഇല്ലായിരുന്നു.

## മരണാനന്തര ചടങ്ങുകൾ

മരിച്ചവരെ സംസ്കരിക്കുന്നതിനു പൗരസ്ത്യ സുറിയാനി ക്രമമാണു സ്വീകരിച്ചിരുന്നത്. മരിച്ചവരെ സംബന്ധിച്ച ആ ക്രമത്തിൽ വിധിച്ചിട്ടുള്ള മററു കാര്യങ്ങൾ കേരളത്തിൽ വ്യത്യസ്തമായ ഒരു രീതിയിലാണ് അംഗീകരിച്ചിരുന്നത്. ശവസംസ്കാരം കഴിയുന്നതുവരെ പരേതന്റെ വീട്ടിൽവെച്ച് എന്തെങ്കിലും ഭക്ഷണം പാകം ചെയ്യുകയോ ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. പരേതനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ചില വർഗ്ഗക്കാരായ ആളുകൾ ഏതാനും ദിവസത്തേക്കു പരേതനെപ്പററി പാട്ടുപാടി വിലപിച്ചിരുന്നു. ഇതിനു അവർക്കു പ്രതിഫലവും നൽകപ്പെട്ടിരുന്നു. ശവസംസ്കാരത്തിനുശേഷം വൈദികൻ ഒരു കരിക്കു വെട്ടി അതിലെ വെള്ളം അൽപം കുടിക്കുകയും ബാക്കി പരേതന്റെ അടുത്ത ബന്ധുക്കൾക്കു കുടിക്കുവാൻ കൊടുക്കുകയും ചെയ്തിരുന്നു. പരേതന്റെ ഓർമ്മയ്ക്കായി തുടർന്നു നടത്തപ്പെടുന്ന അടിയന്തിരങ്ങളെല്ലാം പേരിലും സ്വഭാവത്തിലും ഹൈന്ദവമായിരുന്നു; എന്നാൽ വൈദികരുടെ പ്രാർത്ഥനയാലും ആശീർവാദങ്ങളാലും അവയെ ക്രൈസ്തവീകരിച്ചിരുന്നു ഈ അടിയന്തിരങ്ങൾക്കു ക്ഷണിക്കപ്പെടുന്നവർ ഒരു തളികയിൽ പണം നിക്ഷേപിക്കുകയും വൈദികനിൽ നിന്നു 'സ്വസ്തി' സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ

www.malankaralibrary.com

പണം പരേതന്മവേണ്ടിയുള്ള കർമ്മങ്ങരം നടത്തുന്നതിനോ വൈദികരുടെ സംരക്ഷണത്തിനോ ഉപയോഗിച്ചിരുന്നു. ഈ അടിയന്തിരങ്ങളിൽ ചിലതിൽ സസ്യാഹാരം മാത്രമേ അനുവദിച്ചിരുന്നുള്ളു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യാഥാസ്ഥിതിക സ്വഭാവം മൂലം ഈ ആചാരങ്ങളെല്ലാം തന്നെ വലിയ മാററം കൂടാതെ ആധുനികകാലത്തും നിലവിലിരിക്കുന്നു.

## നോയമ്പുപവാസങ്ങരം

പൗരസ്ത്യ സുറിയാനി റീത്തിൽ വിധിച്ചിട്ടുള്ള എല്ലാ നൊയമ്പുകളും വർജ്ജനങ്ങളും മാർത്തോമ്മാ ക്രിസ്ത്യാനികരം വളരെ കണിശമായി കാത്തുപോന്നിരുന്നു. കുളിച്ചുകൊണ്ടാണ് അവർ നൊയമ്പ് ആരംഭിച്ചിരുന്നത്. ഒരു അക്രൈസ്തവൻെറ സ്പർശനം നൊയമ്പിനെതിരായ പ്രതിബന്ധമായികരുതപ്പെട്ടിരുന്നു (53) പൗരസ്ത്യ സുറിയാനി റീത്തിൽ വിധിച്ചിട്ടുള്ള നൊയമ്പുകരംക്കു പുറമെ, പരിശുദ്ധ കന്യകമറിയത്തിൻെറ ബഹുമാനാർത്ഥം സെപ്ററംബർ 8—ാം തീയതിക്കു മുൻപുള്ള ഏഴു ദിവസങ്ങരം അവർ നൊയമ്പു നോക്കിയിരുന്നു, ഇതു സ്ത്രീകരംക്കു പ്രത്യേകമായ ഒരു നൊയമ്പു ആയിരുന്നു; (ഇന്നും ആയിരിക്കുന്നു) ഈ നോയമ്പുനോക്കിയിരുന്നവർ ഉച്ചവരെ പള്ളിയിൽ കഴിഞ്ഞിരുന്നു. പള്ളിയിൽനിന്നു പുറത്തേക്കു പോകുമ്പോരം അവർക്കായി പള്ളിവാതിൽക്കൽ വെച്ചിരുന്ന ഭക്ഷ്യങ്ങളും മററും ഭുജിച്ചിരുന്നു. ചില സ്ഥലങ്ങളിൽ ഇപ്പോഴും അക്രൈസ്തവ സ്ത്രീകളും ഈ നോയമ്പു നോക്കുന്നുണ്ടെന്നും അവർ പ്രാർത്ഥിക്കുന്നതിനും കാഴ്ചകരം സമർപ്പിക്കുന്നതിനുമായി

www.malankaralibrary.com

പള്ളിപ്പരിസരങ്ങളിൽ വരുന്നുണ്ടെന്നുമുള്ളതു പ്രസ്താവാർഹമാകുന്നു.

### ദുഃഖവാരാചരണം

വലിയആഴ്ച ഉറക്കിളച്ചിരുന്നും ഉദാരമായി ധർമ്മം കൊടുത്തും പ്രത്യേക വിധത്തിൽ ആചരിച്ചിരുന്നു. പെസഹാ വ്യാഴാഴ്ച അത്താഴത്തിനുശേഷം (അഥവാ മുൻപ്) കുടുംബത്തിലെ പിതാവു പുളിപ്പില്ലാത്ത അപ്പം മുറിക്കുകയും, ഒരു മധുര പാനീയത്തോടു കൂടി കുടുംബാംഗങ്ങൾക്കെല്ലാം ഭക്ഷിക്കുവാൻ കൊടുക്കുകയും ചെയ്തിരുന്നു. ദുഃഖവെള്ളിയാഴ്ച വീടിന്റെ തറപോലും തൂത്തിരുന്നില്ല. കൊച്ചുകുട്ടികളും പോലും അല്പം കൈപ്പുനീരു കുടിച്ചിരുന്നു. ഈ ആചാരങ്ങളിൽ പലതും വളരെ കണിശമായി ഇന്നും പാലിച്ചുപോരുന്നുണ്ട്.

### ഉപസംഹാരം

### പഴയകൂറും പുത്തൻകൂറും

മാർത്തോമ്മാ ക്രിസ്ത്യാനികളെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിവരണമാണു മുകളിൽ നൽകിയിരിക്കുന്നതു്. ഈ ആചാരങ്ങളിൽ മിക്കതിലും പോർത്തുഗീസുകാർക്കു ഇടർച്ചതോന്നി. തങ്ങളുടെ (ലത്തീൻ റീത്തിൽ) തിൽ നിന്നു ഭിന്നമായ ഒരു റീത്തിനെപ്പറ്റി ചിന്തിക്കുവാൻപോലും അവർക്കു കഴിഞ്ഞില്ല. ഈ റീത്തു അവർക്കു ഇടർച്ചയായിരുന്നു. പതിനാറാം നൂററാണ്ടിന്റെ അവസാനത്തിൽ, ദുരുപദിഷ്ടമായ ശുഷ്കാന്തിയാലും പൗരസ്ത്യ കാര്യങ്ങളിലുള്ള അജ്ഞതയാലും പരിപുഷ്ടമായ, കൗശല പൂർവമുള്ള

www.malankaralibrary.com

സിവിൽ-വൈദികനയം മൂലം മാർത്തോമ്മാ ക്രിസ്ത്യാനികളെ തങ്ങളുടെ ഭരണത്തിൻകീഴിൽ കൊണ്ടുവരുവാൻ പോർത്തുഗീസുകാർക്ക സാധിച്ചു. പോർത്തുഗീസുകാർക്ക ലത്തീൻ അല്ലാത്ത യാതൊന്നും മനസ്സിലാകാതിരുന്നതിനാൽ, മററുള്ളതെല്ലാം അവക്ക ശീശ്മയോ, ഇടത്തൂടോ, അന്ധവിശ്വാസമോ ആയിരുന്നു പൗരസ്ത്യ സുറിയാനി റീത്തിൻെറ ലത്തിനീകരണം, അർക്കദിയാക്കോൻെറ അധികാരം വെട്ടിച്ചുരുക്കൽ, ലത്തീൻ കാനൻ നിയമത്തിൻെറ കെട്ടിയേൽപ്പിക്കൽ, ക്രൈസ്തവീകൃതമായ ഹൈന്ദവാചാരങ്ങളുടെ നിരസനം, ഇവയെല്ലാം അനിവാര്യമായിത്തീർന്നു ഇതിൻെറ ഫലം 1653-ലെ വിപ്ളവമായിരുന്നു. പല മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കാര്യത്തിലും ഇതു ശീശ്മയിലും യാക്കോബാ സഭയുടെ ഇറക്കമതിയിലുമാണു പര്യവസാനിച്ചതു് (54). വിശ്വസ്തരായിനിന്നവരെ 'പഴയ കൂററുകാർ' (പഴയ കക്ഷിക്കാർ) എന്നു വിളിച്ചിരുന്നു. ഇന്നും അങ്ങനെതന്നെ വിളിച്ചുവരുന്നു.

### പഴയകൂർ

പഴയകൂററുകാർക്ക അവരുടെ സ്വന്തജാതിയിലും റീത്തിലും മെത്രാന്മാരെ ലഭിക്കുന്നതിനു ഉദ്ദേശം മൂന്നൂററാണ്ടു കാലത്തേക്ക കഠിനാദ്ധ്വാനം ചെയ്യേണ്ടിവന്നു. വൈദികപരമായി അവർ ഇന്നു കേരളീയ സുറിയാനിക്കാർ' എന്നറിയപ്പെടുന്നു. അവർ ഇന്നു രണ്ടു് അതിരൂപതകളിലും അഞ്ചു രൂപതകളിലുമായി പത്തു ലക്ഷത്തിലധികം വരും. അവരുടെ ലത്തീനീകൃതമായ പൗരസ്ത്യ സുറിയാനി റീത്തു ക്രമേണ അതിൻെറ യഥാർത്ഥ രൂപത്തിലേക്കു്, തിരുസിംഹാസനം സ്വീകരിച്ച നിലപാടിൻെറ ഫലമായി, പുനഃസ്ഥാപിത

www.malankaralibrary.com

മായി വരുകയാണ്. തിരുസിംഹാസനം നടപ്പാക്കിയ പൗരസ്ത്യ കാനൻനിയമം മൂലം, ലത്തീൻ സ്വാധീനശക്തി വഴിയായി അവരുടെ ഇടയിൽ കടന്നുകൂടിയ കാനോനികമായ ക്രമക്കേടുകൾ ദൂരീകരിക്കപ്പെടുന്നതാണ്. സ്വന്തം റീത്തിൽ മെത്രാന്മാരെ കിട്ടുവാനുള്ള അവരുടെ യത്നങ്ങളിൽ ദയനീയമായ ശീശ്മകൾക്ക അവർ ദൃക്സാക്ഷികളാകേണ്ടിവന്നു. അവയിൽഒന്നു (അതായതു് 1874 ലേതു്) നെസ്തോറിയൻ ആയിത്തീർന്ന ഏതാനും കുടുംബങ്ങളിൽ ഇന്നും നിലനിന്നു പോരുന്നു ( 55 ). പ്രാചീനമായ സുറിയാനി റീത്താണ് അവർ സ്വീകരിച്ചിരിക്കുന്നതു്.

## പുത്തൻകൂർ

'പുത്തൻകൂറുകാർ' കാലക്രമത്തിൽ വിദേശയാക്കോബായക്കാരിൽനിന്നു പാശ്ചാത്യ സുറിയാനി റീത്തു സ്വീകരിച്ചു. അഞ്ഞൂർ സഭയെന്നും മാർത്തോമ്മാ സഭയെന്നും അറിയപ്പെടുന്നവ അവരിൽ നിന്നു പിരിഞ്ഞുപോയവരാണ്. ചുരുക്കം ചിലർ പ്രൊട്ടസ്റ്റൻറു മതം സ്വീകരിക്കുകയുണ്ടായി. ബാക്കിയുള്ളവർ അടുത്ത കാലംവരെ രണ്ടുകക്ഷികളായി തിരിഞ്ഞിരുന്നു. വിദേശയാക്കോബായ പാത്രിയർക്കിസിൻെറ അധികാരത്തെ അതിൽ ഒരു കക്ഷി അംഗീകരിക്കുകയും മറേറകക്ഷി നിഷേധിക്കുകയും ചെയ്തു. ഇവരെല്ലാം കൂടി പത്തുലക്ഷത്തോളം വരും.

## മലങ്കരറീത്തു്

'പുത്തൻകൂറുകാരി'ൽ നിന്നു 1930 നു ശേഷം കത്തോലിക്കരായവർ പാശ്ചാത്യ സുറിയാനി റീത്തു

www.malankaralibrary.com

നിലനിർത്തിപ്പോരുന്നു. അവർ 'മലങ്കര സുറിയാനിക്കാർ' എന്നറിയപ്പെടുന്നു. അവർക്കു ഒരു അതിരൂപതയും ഒരു രൂപതയും ഉണ്ടു്. അവരുടെ സംഖ്യ ഒരു ലക്ഷത്തിലധികം വരും. 1930—ൽ കത്തോലിക്കരായ മാർ ഇവാനിയോസിനോടും മാർ തെയോഫിലൊസിനോടും കൂടെയാണു് അവരുടെ ആരംഭം.

### അവർഒന്നുതന്നെ

മാർത്തോമ്മാ ക്രിസ്ത്യാനികൾ,തങ്ങളിൽത്തന്നെ വിശ്വാസത്തിലും റീത്തിലും വിഭിന്നരാണെങ്കിലും, പ്രാചീനമായ പൗരസ്ത്യ ഭാരതീയ വീക്ഷണത്തിലും മനസ്ഥിതിയിലും അവർ കാര്യമായി ഒന്നുതന്നെയാകുന്നു. പഴയ കൂറുകാരുടെ ഈ മനസ്ഥിതിക്കു്, അവരുടെ റീത്തിന്റെ ഇന്നത്തെ രൂപത്തിൽ, അവർക്കു ഇപ്പോഴും അറിഞ്ഞു കൂടാത്ത ഭാഷയായ സുറിയാനിയിൽ ആ റീത്തു നിലനിൽക്കുന്നതുകൊണ്ടു്, കാര്യമായ മാററമൊന്നും വന്നിട്ടില്ല.

### പഴയകൂർവൈദികരിലെ മാററം

ഈ നൂററാണ്ടിന്റെ ആരംഭത്തിനുശേഷം ഇതിനു വിരുദ്ധമായ ഒരു മനോഭാവം വൈദികരിൽ കാണുന്നുണ്ടെങ്കിൽ അതു പ്രധാനമായും അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പരിശീലനത്തിന്റെ ഫലമായിട്ടാകുന്നു. എന്നാൽ ഇതു് അവർക്കു എപ്പോഴും ഹൃദയത്തിലുണ്ടായിരിക്കേണ്ട കത്തോലിക്ക താല്പര്യത്തിനു ഹാനികരമായിത്തീരാവുന്നതാണു്. യഥാർത്ഥ ക്രിസ്തുമതത്തിനു് ഒരു പൗരസ്ത്യ ഭാരതീയ പ്രകാശനം

www.malankaralibrary.com

പൊരുത്തപ്പെടാത്ത ഒന്നല്ലെന്നും ക്രിസ്തുമതത്തിന്റെ ആരംഭകാലംമുതൽ അത്തരമൊരു പ്രകാശനം എന്നും ഇൻഡ്യയിൽ ഉണ്ടായിരുന്നെന്നും തങ്ങളുടെ അക്രൈസ്തവ സഹോദരന്മാർക്കു കാണിച്ചുകൊടുക്കേണ്ടതു്, മുൻപെന്നത്തേക്കാളുമധികമായി ഇന്നു് അവരുടെ ചുമതലയാകുന്നു. തീർച്ചയായും ഇതു്, ആധുനികകാലത്തു് ഇത്രയും മെച്ചമായി മററാരാലും നിർവഹിക്കപ്പെടുക ശക്യമല്ലാത്ത മഹനീയവും അടിയന്തിരവുമായ ഒരു ആവശ്യമാകുന്നു. വിശുദ്ധ വേദപുസ്തകത്തിന്റെയും, പൗരസ്ത്യ (പ്രത്യേകിച്ചു സുറിയാനി) ആരാധനക്രമങ്ങളുടെയും ജ്ഞാനസ്നാനം സംബന്ധിച്ച പൗരസ്ത്യ പിതാക്കന്മാരുടെ പാരമ്പര്യങ്ങളുടെയും അതുപോലെതന്നെ മഹത്തായ ഭാരതീയ തത്വചിന്തകളുടെയും സഹായത്തോടുകൂടി ദൈവശാസ്ത്രത്തിനു ഒരു പൗരസ്ത്യ ഭാരതീയ സമീപനം അവർ വികസിപ്പിച്ചെടുക്കുകയും വേണം. ഭാരതീയ തത്വചിന്തയുടെ കാര്യത്തിൽ, ഇൻഡ്യയിലെ ഏററവും വലിയ തത്വജ്ഞാനിയായ ശ്രീ. ശങ്കരൻ ഒരു കേരളപുത്രനാണെന്നതിൽ, തങ്ങളുടെ ഏതു് അയൽക്കാരനെപ്പോലെയും അവർക്കു് അഭിമാനം കൊള്ളാം.

www.malankaralibrary.com

# കുറിപ്പുകൾ

## I

1. Vincenzo Maria, 'IlViaggio Alle Indie Orientali, Roma, 1672, L. II c. v.

2. Ibidem, Some times gold crowns were substituted instead while the pectoral cross was indispensable.

3. Ibidem.

4. Joseph Sebastani (Guiseppe a. S. Maria) Prima Spedizione alle Indie Orientali, Roma, 1616. pp. 103, 104.

5. Vincenzo Maria op. c. l. c.

6. Ibidem.

7. The present writer knows many old people who in their childhood rendered this service to their neighbours.

8. Ibidem.

9. Raulin 'Historia Ecclesiae Malabaricae cum Diamperitana Synodo Romae. 1745, p. 511 Syllabus.

www.malankaralibrary.com

Vincenzo Maria, 'Ibidem' 'Chavar' in the language of the country means one who courts death.

10. Vincenzo Maria, Ibidem.

11. Meckenzie G. T. 'Christianity in Travencore'—Trivandrum 1901, p. 9.

12. Nicola Pimienta S. J , 'Letter'—Dec. 21, 1599.

Archivum Romanum S. J , Goa, 11 32 f. 706 v.

13 Vincenzo Maria, Ibidem.

14. Ibidem.

15. Ibidem.

16. Paulinus a. S. Bartholomaeo, Viaggio alle Indie Orientali. Roma, 1796, p. 137.

17. Vincenzo Maria Ibidem.

18, Ibidem.

19. Schurhammer S. J., 'The Malabar Church and Rome' Trichy, 1934, p. 14.

20. 'Noticias de regno do Malabar' Bibl. Nacional, Fomdo Geral, 536 (ff 1–29)

www.malankaralibrary.com

21. Gouvea 'Jornado of Archbishop Menezes of Goa, Coimbra, 1606, Fol. 5.

D' Souza 'Oriente Conquistado a Jesu Christo' Bombay, 1886, II 69.

22. Joseph T. K., 'The Malabar Christians and their ancient Documents' Trivandrum, 1929; The Malabar Christian copper plates, Trivandrum, 1925.

II

23. Cf. Tisserant, Cardinal, E. "Eastern Christianity in India" Calcutta, 1957, Passim.

24. The means during the Sixteenth century.

25. Archivum Romanum S. J. 'Goa 18 f. 72.

26. Toera de tombe, Jesuitas Armario., lib. no. 28 f. 34-38.

27. Roz S. J. 'De Erroribus Nestorianorum qui in hac India Orientali versantur in Orientalia Christiana' Romae No. 40 pp, 15,21, 32, 33.

28. The bell is still kept in Kuravilangad.

www.malankaralibrary.com

29. Silva Rego 'Documentacao' para a Historia dos Missoes dos Portugese do Oriente' Lisbonne, 1951, Vol. VI. pp. 247 sq

30. J. Wicki, S. J 'Documenta Indica' Romae, III. p. 806.

30. a. Letter from Cochin, Dec. 31, 1561 Marriage of clerics after priesthood was an abuse and was also punishable.

31. Khayyath G., 'Syri Orientales seu Chaldaei Nestoriani et Romanorum Pontificum Primatus' Romae, 1870.

32. Mackenzie, C, T., Op. C. l. C

33. Cf. Tisserant, Card. E., Ibidem. 'Giamil, Genuinae Relationes inter Sedem Apostolicam et Assyriorum Orientalium seu Chaldaeorum Ecclesiam' Romae 1902.

34. Raulin, Op. c ubi journey of Meneses and the convocation of the Synod.

35. ഗോവായിലെ മെനേസീസ് മെത്രാപ്പോലീത്തായുടെ ജോർണാഡാ എന്നാണ് ഈ പുസ്തകത്തിന്റെ പേര് (മുകളിൽ ഉദ്ധൃതം). പിൽക്കാല ചരിത്രകാരന്മാർ അവരുടെ നിഗമനങ്ങൾ ആധാരമാക്കിയിട്ടുള്ള സർവപ്രധാനമായ കൃതി ഇതാകുന്നു. നിർഭാഗ്യവശാൽ അതിലെ തെറ്റുകൾ ഇന്നും ആവർത്തിക്കപ്പെടുന്നു. 'Konfessiona Kunde' von Konard Algermissen. Paderbon [5]1957 pp 276, 277 എന്ന കൃതിയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെപ്പറ്റിയുള്ള വിവരണം നോക്കുക.

www.malankaralibrary.com

36. Tisserant, Cardinal E. Op. C. ubi de Diamper.

37. Roz S. J., 'Report for 1604, British Museum'. Add Ms. 9853 f. 90. Unfortunately the 'SYNOD' of Diamper has given us a pessimistic picture of everything depicting exceptions as though they were rules.

38. Vincenzo Maria. Op. C. L. II. C. VI.

39. Paulinus a S. Bartholomaeo, Op. C. P. 80.

40. Idem 'Ibidem' p. 137.

III

41. Giamil, op. C. Document, 22

42. Vincenzo Maria, 'Ibidem'

43. By an exception, in the churches of the Syro-Malabarians men now occupy the right and the women the left side of the nave. This is an innovation of the 20th cent.

44. Vincenzo Maria 'Ibidem'.

45 Idem 'Ibidem'. Today among Catholics all eat outside the church.

www.malankaralibrary.com

46. Idem 'Ibidem'

47. One such Chalice is still kept at Diamper

48. Raulin. Op. C. P. 386.

49. Cited by Meddlycott in 'India and the Apostle St. Thomas'. London, 1905 pp 84–87.

50. This custom was in vogue almost tiil the end of the last cent.

50 a. പതിനാറാം നൂററാണ്ടിനുശേഷം കേരളത്തിലെ മററുചില ക്രിസ്ത്യാനികൾ താലിയും മററുചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളരെക്കാലത്തേക്കു ഈ ക്രിസ്ത്യാനികളും മാർത്തോമ്മാ ക്രിസ്ത്യാനികളും ഒരേ വൈദിക ഭരണാധികാരത്തിൽ കീഴിലായിരുന്നു. അവരുടെ ദൈവാലയങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യൻ വൈദിക സേവനമനുഷ്ഠിച്ചിരുന്നതും അപൂർവമല്ല.

51. ഈ ശതകത്തിന്റെ ആദ്യദശകത്തിൽ ഇതു സാധാരണമായിരുന്നു,

52, ഒരു രൂപത്തിലല്ലെങ്കിൽ മറെറാന്നിൽ ഇതു് ഇന്നും നിലനിൽക്കുന്നു,

53. Raulin, Op. C. Sessio VIII of the Synod of Diamper.

www.malankaralibrary.com

54. 1653 ലെ വിപ്ളവം റോമായ്ക്കു് എതിരായിട്ടല്ലായിരുന്നു. പ്രത്യുത വിദേശികളായ ഈശോ സഭക്കാർക്കും ഈശോസഭാ മെത്രാനുമെതിരായിരുന്നു. ആകയാൽ ആരംഭത്തിൽ അതൊരു ശീശ്മയുമല്ലായിരുന്നു. വിപ്ളവത്തിന്റെ നേതാക്കൾ, അവരുടെ തെററായ പ്രവർത്തികൾക്കിടയിലും തങ്ങൾ റോമായുടെ കൂടെയാണെന്നു ജനങ്ങളെ വിശ്വസിപ്പിച്ചിരുന്നു. ഈ ചുററുപാടുകൾ മനസ്സിലാക്കിയ ചുരുക്കം ചിലർ മാർപ്പാപ്പാക്കു് എഴുതുകയും, ഇററലിയൻ കർമ്മലിത്താ മിഷ്യനറിമാരെ വരുത്തുകയും ചെയ്തു, അനന്തരം പലരും (സമുദായത്തിൽ പകുതിയിൽ കുറവു്) യാക്കോബായ (ഏകസ്വഭാവവാദി) മെത്രാനെ അനുസരിക്കുകയും, റോമൻ പരമാധിപത്യം നിഷേധിക്കുകയും, അങ്ങനെ ശീശ്മക്കാരാകുകയും ചെയ്തു. അതേവരെ ഈ യാക്കോബായ മെത്രാനെ പിൻചെന്ന നേതാക്കന്മാർപോലും, തങ്ങൾ റോമായുടെ കൂടെയാണെന്നു പരസ്യമായി പറഞ്ഞിരുന്നു. ആകയാൽ മാർത്തോമ്മാ ക്രിസ്ത്യാനികളിലെ ഭൂരിപക്ഷം (പഴയകൂററുകാർ അഥവാ ഇന്നത്തെ കേരളീയ സുറിയാനിക്കാർ) 1653 ലെ വിപ്ളവത്തിന്റെ ഫലമായി ശീശ്മക്കാരായി തീർന്നില്ല. പക്ഷേ യൂറോപ്യൻ ഗ്രന്ഥകാരന്മാർ നേരെ മറിച്ചാണു് പറഞ്ഞിരിക്കുന്നതു്. ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ആ തെററു് ആവർത്തിക്കപ്പെടുന്നു. (See Konfessionakunde eited above)

55, ഈ ശീശ്മകളും തങ്ങൾ റോമായുടെ കൂടെയാണെന്നു ആരംഭത്തിൽ ജനങ്ങളെ വിശ്വസിപ്പിച്ചിരുന്ന നേതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്.

www.malankaralibrary.com

# 3

# ഇൻഡ്യയ്ക്ക് ഏകരീത്തോ ?

MALANKARA
LIBRARY

www.malankaralibrary.com

# ഇൻഡ്യയ്ക്കു് ഏകറീത്തോ?

എല്ലാ ഇൻഡ്യൻ കത്തോലിക്കർക്കും ഒരേക റീത്തു് എന്ന ആശയത്തെ അനുകൂലിക്കുന്ന ശക്തിയായ ഒരു പ്രസ്ഥാനം, യൂറോപ്പിലും അമേരിക്കയിലും നിന്നുള്ള പിന്തുണയോടുകൂടി കേരളത്തിലും ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലും ഉണ്ടായിരിക്കുന്നു. കേരളത്തിൽ ഈ പ്രസ്ഥാനത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ സജീവമായി പങ്കെടുക്കുന്ന അൽമായരും വൈദികരും, കേരളത്തിലെ കത്തോലിക്കരുടെ ഇടയിലുള്ള ഭിന്നതകൾ പ്രധാന കാരണം അവിടെ ഒന്നിലധികം റീത്തു് ഉണ്ടെന്നുള്ളതാണെന്ന തങ്ങളുടെ അഭിപ്രായം വൈദികാധികാരികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടു്. ഏകറീത്തിനുവേണ്ടി അവർ വാദിക്കുന്നതു്, ഇൻഡ്യൻ സംസ്ക്കാരത്തിനു ചേർന്നവിധം പ്രകടിപ്പിക്കാവുന്ന ഒരു റീത്തു് എന്ന അർത്ഥത്തിലാണു്.

## റീത്തും ആരാധനക്രമവും

ഈ വിവാദത്തിൽ റീത്തിനെപ്പററി പറയുന്നവർ പലപ്പോഴും ആരാധനക്രമം എന്ന അർത്ഥത്തിലാണു് ഇതു മനസ്സിലാക്കുന്നതു്. പക്ഷേ ഒരു റീത്തിൻെറ പല ഘടകങ്ങളിൽ ഒന്നുമാത്രമാണു് ആരാധനക്രമം. അലക്സാൺട്രിയായിലെ വിശുദ്ധ കുറില്ലോസിനെപ്പററിയുള്ള തൻെറ തിരുവെഴുത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ, പൗരസ്ത്യ റീത്തുകളെപ്പററി, 'അവയിൽ പരിശുദ്ധമായ ആരാധനക്രമം....പവിത്രാധിപത്യപരമായ പട്ടങ്ങൾ....ക്രിസ്തീയ ജീവിതത്തിൻെറ മററു ഘടകങ്ങൾ....തുടങ്ങി ഓരോ പ്രത്യേക ജനതയു

www.malankaralibrary.com

ടെയും ചരിത്രത്തെയും ബുദ്ധിപ്രഭാവത്തെയും സ്വഭാത്തെയും ആശ്രയിച്ചിരിക്കുന്ന സമസ്തവും നമ്മുടെ പൂർവപിതാക്കന്മാരിൽ നിന്നു പരമ്പരാഗതമായി കിട്ടിയിട്ടുള്ള പ്രത്യേക പൈതൃകാവകാശമായി ഉൾക്കൊള്ളുന്നു'വെന്നു പ്രസ്താവിച്ചിരിക്കുന്നു (1). പൗരസ്ത്യ സഭകളെപ്പററിയുള്ള ഡിക്രിയിൽ സ്വന്തമായി 'ആരാധനക്രമവും സഭാഭരണ സംപ്രദായവും ആദ്ധ്യാത്മിക പൈതൃകവു'മുള്ള പ്രത്യേക സഭകളെ അഥവാ റീത്തുകളെപ്പററി പറയുന്നതിനാൽ രണ്ടാം വത്തിക്കാൻ സൂനഹദോസും ഈ ആശയത്തെ അനുകൂലിക്കുന്നതായി തോന്നുന്നു. കിഴക്കും പടിഞ്ഞാറും ഇത്തരം പ്രത്യേക സഭകളുടെ ഗണത്തിൽ ലത്തീൻസഭയും ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു (2).

പല പ്രത്യേക സഭകളും അഥവാ റീത്തുകളും ഉൾപ്പെട്ടതാണു സാർവത്രിക സഭ. ഇൻഡ്യയിൽ കേരളീയ (Syro–Malabar), മലങ്കര, ലത്തീൻ എന്നു മൂന്നു പ്രത്യേക സഭകളും അഥവാ റീത്തുകളുണ്ടു്. ഇവയിൽ ലത്തീൻ മററു രണ്ടിനെയുംപോലെ 'സ്വയംഭരണാധികാരമുള്ള' ഒരു സ്വതന്ത്രസഭ അഥവാ റീത്തു് അല്ല. ഇൻഡ്യയിലും മററു സ്ഥലങ്ങളിലും കാണപ്പെടുന്ന ലത്തീൻ സ്വതന്ത്രസഭയുടെ ഒരുഭാഗം മാത്രമാണതു്. ഗ്രീക്കു്, റുമേനിയൻ, ഉക്രേനിയൻ എന്നിവപോലെയുള്ള ചില സ്വതന്ത്ര സഭകൾക്കു ഒരേ ബിസാൻറയിൻ ആരാധനക്രമമാണുള്ളതു്. പക്ഷേ അതുകൊണ്ടു് അവയെല്ലാം ഒരേ പ്രത്യേക സഭയൊ റീത്തോ ആയിത്തീരുന്നില്ല. ആരാധനക്രമമല്ലാ ഒരു സഭയെ പ്രത്യേകമോ വ്യതിരിക്തമോ ആക്കിത്തീർക്കുന്നതു്. ആകയാൽ ആരാധനക്രമങ്ങൾ ഏകീകരിച്ചതുകൊണ്ടുമാത്രം റീത്തുകളെ

www.malankaralibrary.com

ഒന്നാക്കിത്തീർക്കുകയില്ല. ഒരേ റീത്തിൽ തന്നെ രണ്ടോ മൂന്നോ ആരാധനക്രമങ്ങൾ ഒരു ക്രമക്കേടായി തോന്നാം. എന്നാൽ ഏകറീത്തു വാദികൾ തീർച്ചയായും ഇതിനെതിരായതുകൊണ്ടു നാം ഇതിനെപ്പററി ചിന്തിക്കേണ്ടതില്ല.

ഇൻഡ്യയ്ക്കു് ഒരേ ഒരു റീത്തു് എന്നുപറഞ്ഞാൽ (a) ഒരേ ആരാധനക്രമത്തോടുകൂടിയ ഒരേ ഒരു സ്വയംഭരണാധികാരമുള്ള ഇൻഡ്യൻ സഭയെന്നോ റീത്തെന്നോ (b) ഇൻഡ്യയിലെ സ്വയംഭരണാധികാരമുള്ള മൂന്നു പ്രത്യേക സഭകൾക്കു അഥവാ റീത്തുകൾക്കുകൂടി ഒരേ ആരാധനക്രമമെന്നോ അർത്ഥമാകാം. ഇവയിൽ ആദ്യത്തേതു സാധിക്കുന്നതിനു നിലവിലുള്ള മൂന്നു റീത്തുകളും ഒന്നാക്കി കൂട്ടിയുരുക്കിയെടുക്കുകയൊ രണ്ടെണ്ണം മൂന്നാമത്തേതിൽ ലയിപ്പിക്കുകയോ വേണം. നിലവിലുള്ള മൂന്നു സഭകൾ അഥവാ റീത്തുകൾ ഒരേ ആരാധനക്രമം സ്വീകരിക്കുന്നതുകൊണ്ടു രണ്ടാമത്തേതു സാധിക്കാം. ഇവയിലെല്ലാം ഒരു ആരാധനക്രമം വിഭാവന ചെയ്യപ്പെടുന്നു. ആ ആരാധനക്രമമാകട്ടെ ഇൻഡ്യൻ സംസ്കാരത്തെ ആധാരമാക്കി രൂപവത്കരിക്കപ്പെടുകയും വേണം. ഒരേ ആരാധനക്രമത്തോടുകൂടിയ അത്തരമൊരു പ്രത്യേക സഭ അഥവാ റീത്തു് ഉണ്ടാകുകയാണെങ്കിൽ ഒരേ സ്ഥലത്തു ഒരേ വൈദിക ഭരണാധികാരമെന്നതായിരിക്കണം ആദർശമെന്നതാണു പൊതുവേയുള്ള ധാരണ. റീത്തുകൾ ഇടകലർന്നു കഴിയുന്ന കേരളത്തിലും കേരളത്തിനു പുറത്തു ചില സ്ഥലങ്ങളിലും ഇപ്പോൾ ഇതിനു നേരെ വിപരീതമാണു സ്ഥിതി.

www.malankaralibrary.com

## ഭിന്നതകൾക്കു പ്രതിവിധി ഏകറീത്താണോ?

കേരളത്തിലെ കത്തോലിക്കരുടെ ഇടയിലുള്ള ഭിന്നതകൾക്കു ഏക കാരണമല്ലെങ്കിൽതന്നെ പ്രധാന കാരണം ഇവിടത്തെ റീത്തുകളുടെ വൈവിദ്ധ്യമാണെന്നു ഏക റീത്തുവാദികൾ (അതിശയോക്തി കൂടാതെയല്ല) അവകാശപ്പെടുന്നു. ഇതു് യഥാർത്ഥത്തിൽ ശരിയാണെങ്കിൽ ഏക റീത്തു് ഈ ഭിന്നതകൾ പരിഹരിക്കുന്നതിനു വളരെയേറെ പ്രയോജനപ്പെടാതിരിക്കയില്ല. എന്നാൽ കേരളത്തിലെ കത്തോലിക്കർ തങ്ങളിൽതന്നെ ഭിന്നിച്ചിരിക്കുന്നതു റീത്തുകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല; പ്രത്യുത പ്രധാനമായും അവർ ഭിന്നസമുദായങ്ങളിൽ പെട്ടവരായതുകൊണ്ടാണു്. വടക്കുംഭാഗരും തെക്കുംഭാഗരും ഒരേ കേരളീയ ആരാധനക്രമംതന്നെയാണു ഉപയോഗിച്ചുവരുന്നതു്. പന്ത്രണ്ടു നൂററാണ്ടു കാലത്തിലധികമായി അവർ ഒരേ വൈദികാധികാരത്തിൻ കീഴിലായിരുന്നു ജീവിച്ചിരുന്നതും. എന്നിട്ടും ഒരേ പ്രദേശത്തുതന്നെ പ്രത്യേക മെത്രാന്മാരെ അവർക്കു അനുവദിച്ചു കൊടുക്കുന്നതുവരെ അവരുടെയിടയിലെ ഭിന്നതകൾ അവസാനിച്ചില്ല. അതുപോലെതന്നെ, കൊച്ചി രൂപതയിൽ എഴുനൂററിക്കാരെന്നും അഞ്ഞൂററിക്കാരെന്നും അറിയപ്പെടുന്ന രണ്ടു പ്രബല സമുദായങ്ങൾ, നാലുനൂററാണ്ടിലേറെക്കാലം ഒരേ ലത്തീൻ റീത്തു് അനുസരിച്ചുകൊണ്ടു ഒരേ ലത്തീൻ വൈദികാധികാരിയുടെ കീഴിൽ കഴിഞ്ഞിരുന്നു. എന്നിട്ടും അവക്കു സമാധാനകരമായി കഴിഞ്ഞുപോകാൻ സാധിച്ചില്ല. ഇപ്പോഴും അവർ ഓരോ കൂട്ടർക്കും പ്രത്യേകം മെത്രാന്മാർ (കൊച്ചിയിലെയും ആലപ്പുഴയിലെയും) ഉണ്ടായിരിക്കുന്നു.

www.malankaralibrary.com

ഈ മെത്രാന്മാർ ഓരോരുത്തരും അവരുടെ ഭരണമേഖലയിൽ മാത്രമല്ല, അപരന്റെ ഭരണ മേഖലയിൽപെട്ട സ്വന്ത സമുദായത്തിലെ പള്ളികളുടെ മേലും അധികാരമുള്ളവരായിരിക്കുന്നു. കേരളത്തിൽ, ഒരേ ലത്തീൻ ഭരണാധികാരത്തിൽ, ഒരേ റീത്തിൽ പെട്ടവരായി സമാധാനപരമായി കഴിയുവാൻ സാധിക്കാത്ത മററു സമുദായങ്ങളുമുണ്ട്. ഈ അനിഷേദ്ധ്യ വസ്തുതകഠം തെളിയിക്കുന്നതു റീത്തിന്റെയും ഭരണാധികാരത്തിന്റെയും ഐക്യംകൊണ്ടു കേരളത്തിലെ സമുദായങ്ങളുടെ ഇടയിൽ സമാധാനവും ഒരുമയും സ്ഥാപിക്കുക സാദ്ധ്യമല്ലെന്നാണ്. അങ്ങനെയെങ്കിൽ, ഇൻഡ്യയിലെ വളരെയേറെ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഏക റീത്തു പ്രയോജനം ചെയ്യുമോ ?

രോഗത്തിനു കാരണം റീത്തുകളുടെ ബാഹുല്യമല്ലാത്തതിനാൽ ഏക റീത്തല്ല, പ്രതിവിധി. വിവാദവിഷയമായ ഭിന്നതകഠം യഥാർത്ഥത്തിൽ പൗരസ്ത്യ റീത്തിലെയും ലത്തീൻ റീത്തിലെയും വിശ്വാസികഠം തമ്മിലല്ലാ ഉള്ളതു്. ഒരേ റീത്തിലോ വിവിധ റീത്തുകളിലോ പെട്ട സമുദായങ്ങഠം തമ്മിലാണ് മൗലികമായും ഭിന്നത ഉള്ളതു്. ഏക റീത്തിനുവേണ്ടിയുള്ള പ്രചാരത്തിൽ ഈ സത്യം മുങ്ങിപ്പോയതായി കാണുന്നു. കേരളത്തിലെ സമുദായങ്ങഠം ജാതിയുടെ അടിസ്ഥാനത്തിൽ രൂപവത്കൃതങ്ങളായിട്ടുള്ളതാണ്. ഈ സമുദായങ്ങളുടെ ഘടനയിൽ ചരിത്രം, തൊഴിൽ, സാമൂഹ്യാചാരങ്ങഠം മുതലായ ഘടകങ്ങഠം സ്വാധീനം ചെലുത്തുന്നു. ഓരോ സമുദായവും സാമാന്യമായി സ്വന്ത ജാതിയുമായി മാത്രം വിവാഹബന്ധം പുലർത്തുന്നതും സ്വന്തമായ ഒരുതരം സംസ്കരത്തോടുകൂടിയതുമാകുന്നു.

www.malankaralibrary.com

ഈ സമുദായിക വിശേഷതകൾ അതിൽതന്നെ നല്ലതാകുന്നു. എന്നാൽ അവയെ പരിധികളിൽ ഒതുക്കി നിർത്താത്തപക്ഷം അനാരോഗ്യകരമായ മൽസരങ്ങൾക്കും ഭിന്നതകൾക്കും കാരണമാകാവുന്നതാണ്. ഇവയുള്ള കുററം പലപ്പോഴും റീത്തുവ്യത്യാസങ്ങളിന്മേൽ ആരോപിക്കാറുണ്ട്; അതു ചിലകാര്യങ്ങളിൽ വിഷമതകളെ തീർച്ചയായും വർദ്ധിപ്പിക്കുന്നതേയുള്ളു.

കേരളത്തിൽ ജാതിയുടെ അടിസ്ഥാനത്തിൽ സമുദായങ്ങൾ രൂപവത്കൃതങ്ങളായിരിക്കുന്നതു പോലെ യൂറോപ്പിലും മററു പ്രദേശങ്ങളിലും ഭാഷയുടെയും വർഗ്ഗത്തിന്റെയും, ഗോത്രപരവും ദേശീയവുമായ വ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിലാണു സമുദായങ്ങൾ ഉണ്ടായിരിക്കുന്നത്. തന്റെ വ്യക്തിത്വത്തെപ്പററി ബോധമുള്ള ഏതൊരു സമുദായവും അതിനെ സംരക്ഷിക്കുന്നതിനും അതിന്റെ അഭിവൃദ്ധിയെ സഹായിക്കുന്നതിനും വേണ്ടി യത്നിക്കുക സ്വാഭാവികമാണ്. ഈ യത്നത്തിൽ, അസൂയ കൂടികലരുമ്പോൾ, ഓരോ സമുദായവും പലപ്പോഴും ന്യായപൂർവമായ പരിധി കടന്നുപോകാറുണ്ട്. ഒരേ റീത്തിലൊ ഭരണാധികാരത്തിലോ പെട്ടവരായിരുന്നാലും വിവിധ റീത്തുകളിൽ പെട്ടവരായിരുന്നാലും വിവിധ സമുദായങ്ങൾ ഒരുമിച്ചു താമസിക്കുന്ന സ്ഥലങ്ങളിൽ ഇതുമൂലമുണ്ടാകുന്ന മൽസരങ്ങളും ഭിന്നതകളും കൂടുതൽ രൂക്ഷമാകാറുണ്ട്.

റീത്തുകൾ എന്നു തോന്നിക്കുന്ന കൃത്രിമ മറകളുള്ളിൽ പലപ്പോഴും തുടർന്നുപോരുന്ന തിന്മകൾക്കുത്തരവാദി, ആത്യന്തികമായി റീത്തുകളോ വിശ്വാസികളെ വിവിധ സമുദായങ്ങളായി വേർതിരിച്ചു നിർത്തുന്ന മററു ഘടകങ്ങൾ ഏതെങ്കിലുമോ അല്ല, പ്രത്യുത 'പഴയ ആദം' തന്നെയാകുന്നു. നിയമത്തെയും പാപത്തെയും പററി

www.malankaralibrary.com

വിശുദ്ധ പൗലോസു പറയുന്നതു സമുദായങ്ങാംക്കും ഭിന്നതകാംക്കും ബാധകമാക്കാവുന്നതാണു്. "പാപം നിയമംമുഖേന തനിക്കായി കണ്ടെത്തിയ അവസരംമൂലം എന്നെ വഴിതെററിച്ചു; അതുകൊണ്ടു് എന്നെ മൃതിപ്പെടുത്തി. ആകയാൽ നിയമം പരിശുദ്ധമാകുന്നു. കൽപനയും പരിശുദ്ധവും നീതിയുക്തവും നല്ലതും തന്നെ. എന്നാൽ നന്മ എനിക്കു മരണത്തിനായിട്ടാകുന്നുവോ പരിണമിച്ചതു്? ഒരിക്കലുമല്ല. മറിച്ചു്, പാപമത്രേ. കൽപനമൂലം പാപം കൂടുതൽ കുററമായിത്തീരുമാറു് നന്മമുഖേന എന്നിൽ മരണത്തെ പൂർത്തിയാക്കിയതു പാപമാകുന്നു എന്നു പ്രത്യക്ഷപ്പെടുവാൻ തന്നെ." (റോമാ VII II—13)

സമുദായങ്ങാം വിവിധ റീത്തുകളിൽ പെട്ടവരാകുമ്പോഠം റീത്തു് ഒരു കാരണമായി കൊണ്ടുവരുന്നുവെന്നേയുള്ളു. യഥാർത്ഥത്തിൽ, ഒരേ റീത്തിൽപെട്ട സമുദായങ്ങാം തമ്മിലുള്ള വഴക്കുകളാണു പലപ്പോഴും കൂടുതൽ രൂക്ഷമായിരിക്കുന്നതു്. വിവാദ സമുദായങ്ങാം അവരുടെ സ്വന്തം ആരാധനക്രമങ്ങളിൽ തഴങ്ങിയിരിക്കുന്നവരാകയാൽ, പൊതുവായ ഒരു പുതിയ ആരാധനക്രമം അതിൻെറ പുതിയ സംവിധാനത്തിൽ വഷളാകുകയേയുള്ളു. പൊതുവായ പുതിയ ആരാധനക്രമം ഭാരതീയവും ഭാരതീയ സംസ്കാരത്തെ ആധാരമാക്കിയുള്ളതുമാകയാൽ പ്രത്യേകിച്ചും ഓരോ സമുദായവും സ്വന്തം സാംസ്ക്കാരിക പ്രവണതകാംക്കും അഭിരുചികാംക്കും യോജിക്കത്തക്കവണ്ണം അതിൽ അനാവശ്യമായി കൈകടത്തുകയെന്ന ഒരു വിപത്തുകൂടിയുണ്ടു്. ഒരേ ഒരു പ്രത്യേക സഭ അഥവാ റീത്തു് രൂപം കൊള്ളുകയാണെങ്കിൽ അതിൻെറ ഫലമെന്തായിരിക്കും? പ്ര

www.malankaralibrary.com

ത്യേക റീത്തുകളുടെ ഘടകങ്ങളായിരിക്കുന്ന ചരിത്രപരവും നൈസർഗ്ഗികവും മററുമായ സ്വഭാവ വിശേഷതകളെ ഉന്മൂലനം ചെയ്യുക ഏററവും പ്രയാസകരമായിരിക്കുന്നു. വടക്കും ഭാഗരും തെക്കും ഭാഗരും, കൊച്ചിയിലെ ഏഴുനൂററിക്കാരും അഞ്ഞൂററിക്കാരും പോലെയുള്ള ജാത്യാധിഷ്ഠിതങ്ങളായ സമുദായങ്ങളുടെ ഘടനയിൽ ഈ സ്വഭാവ വിശേഷതകൾ കടന്നുകൂടുന്നു.

ആരാധനക്രമം ഒരു പ്രശ്നമല്ലാതിരിക്കുന്ന ടെസ്ററു കേസുകളായിരിക്കുന്നു ഇവ. എന്നാൽ ഭാരതീയ സംസ്കാരത്തിൻെറ ബഹുലമായ സ്വഭാവം നിമിത്തം ഒരു ഇൻഡ്യൻ റീത്തിൽ ആരാധനക്രമം വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നതാണ്. വിവാദതിന്മകൾ പരിഹരിക്കുന്നതിനുള്ള പ്രായോഗികവും യഥാതഥവുമായ ഏകമാർഗ്ഗം പരസ്പര ധാരണയും ക്രിസ്തീയ ഉപവിയുമാണെന്നു തോന്നുന്നു. അതേസമയം ഏകറീത്തുവാദികൾ പലപ്പോഴും ചെയ്യുന്നതുപോലെ ഈ തിന്മകളെ അതിവർണ്ണനം ചെയ്കയുമരുത്. അക്രൈസ്തവരുടെ മാനസാന്തരത്തിനുവേണ്ടിയെന്ന കപടശുഷ്കാന്തിയുടെ പേരിൽ എതിർ പള്ളികളും സ്ഥാപനങ്ങളും ഏർപ്പെടുത്തുന്ന വിഭ്രാന്തമായ നടപടികളെ മെത്രാന്മാരുടെയും വൈദികരുടെയും ഇടയിലുള്ള യോജിപ്പും അജപാലനപരമായ സഹകരണവും കൊണ്ടു വളരെയധികം നിയന്ത്രിക്കാവുന്നതാണ്. ഡയലോഗിൻെറ ഈ യുഗത്തിൽ കത്തോലിക്കരുടെ ഇടയിൽ ഇതു സാദ്ധ്യമല്ലെങ്കിൽ എക്യുമെനിസത്തെപ്പററിയോ കത്തോലിക്കരും അകത്തോലിക്കരും അക്രൈസ്തവരും തമ്മിലുള്ള ഡയലോഗിനെപ്പററിയോ പറയുന്നതിനു വലിയ അർത്ഥമൊന്നുമില്ല. ഈ പ്രതിവിധി പ്രാ

www.malankaralibrary.com

യോഗികമാക്കുന്നതിന് വിഷമമുള്ളതാകാം. എന്നാൽ അതിന്റെ ഫലങ്ങൾ കൂടുതൽ ധാരാളവും കൂടുതൽ സ്വാഭാവികവുമായിരിക്കുന്നതിനാൽ ഏക റീത്ത് എന്ന പ്രതിവിധിയെക്കാൾ ഇതിന്റെ പ്രയോഗം കൂടുതൽ എളുപ്പമായിരിക്കുന്നു.

1964 ഡിസംബർ 4-ാം തീയതി സീറോ മലങ്കര കുർബാനയിൽ പ്രസംഗിക്കവെ പരിശുദ്ധ പിതാവ് ആറാം പൗലോസു മാർപ്പാപ്പാ മററു പലതിന്റെയും കൂട്ടത്തിൽ പറഞ്ഞു: "മൂന്നു പാരമ്പര്യങ്ങളുടെ ബഹുത്വം ക്രിസ്തുവിന്റെ സഭയുടെ സാർവത്രികതയ്ക്കു ഒരു സജീവ സാക്ഷ്യമായിരിക്കുന്നു....ഈ സത്യം അംഗീകരിക്കുന്നതു വഴി അതു നമ്മിൽ ചുമത്തുന്ന കടമകളെ നാം സമ്മതിക്കുകയാണു ചെയ്യുന്നതു്. ഇവയിൽ ആദ്യത്തേതു വിഭിന്നങ്ങളായ ആരാധനക്രമ പാരമ്പര്യങ്ങളിൽ ഭാഗഭാക്കാകുന്നവരുടെയിടയിൽ ആഗാധവും ഭ്രാതൃത്വവുമായ ഒരു സഹകരണത്തിന്റെ ആവശ്യകത നാം സമ്മതിക്കുകയാകുന്നു....ഒരു പക്ഷെ കഴിഞ്ഞ കാലങ്ങളിൽ പരസ്പര സഹകരണത്തോടു കൂടിയ നിയമാനുസൃതമായ ബഹുത്വമെന്ന ആശയം മങ്ങിപ്പോയിരുന്നുവെന്നുവരാം. എന്നാൽ ഈ ആശയത്തിനായുള്ള ഒരു പുതിയ അർപ്പണം ഉണ്ടായേ മതിയാവു....ആധുനിക കാലത്തിന്റെ ആവശ്യങ്ങൾക്കു നിങ്ങളെത്തന്നെ അനുരൂപപ്പെടുത്തുവാൻ ശ്രമിക്കുന്ന അതേസമയംതന്നെ നിങ്ങളുടെ പാരമ്പര്യങ്ങൾക്കു വിശ്വസ്തമായിരിക്കുക....എന്ന മറെറാരു കടമയുമുണ്ടു്. നിങ്ങളുടെ പാരമ്പര്യങ്ങളോടുള്ള വിശ്വസ്തത, കഴിഞ്ഞ കാലങ്ങളിൽ നല്ലതും അകൃത്രിമവുമായിരുന്നവയുമായി പല ബന്ധങ്ങളും പുലർത്തുവാൻ സഹായിക്കു

www.malankaralibrary.com

ന്നതാണ്.......വിശ്വാസ്തതയുടെയും ഉപവിയുടെയും ചൈതന്യത്തിൽ.......അടുത്തടുത്ത് ഒന്നിച്ചു താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളുടെയിടയിൽ ഐക്യം സ്ഥാപിക്കുന്നതിൽ നിങ്ങൾക്കു വളരെയധികം സംഭാവനനൽകാൻ സാധിക്കും. നിങ്ങളുടെ ജനങ്ങളുടെ ആവശ്യങ്ങളോടുള്ള സജീവമായ അനുരൂപണവുമായി ഇതു ബന്ധിച്ചിരിക്കണം' ([3]).

മാർപ്പാപ്പായുടെ വാക്കുകൾ വാസ്തവികവും പ്രായോഗികവുമാകുന്നു. ആരാധനക്രമപരമായ പാരമ്പര്യങ്ങളുടെ ബഹുത്വത്തിൽ അവിടുന്നു ഖണ്ഡിതമായി അനുകൂലിയാകുന്നു; അതു വിശ്വസ്തതാപൂർവ്വം അനുസരിക്കപ്പെടണമെന്ന് അവിടുന്നു നിർബന്ധിക്കുകയും ചെയ്യുന്നു. ക്രിസ്തുരാജ്യപ്രചരണത്തിന്റെ യഥാർത്ഥമായ മർമ്മം വൈദിക മേലദ്ധ്യക്ഷന്മാരുടെയും അവരുടെ അനുഗാമികളുടെയും ഇടയിൽ ഉപവിയുടെ ചൈതന്യത്തിലുള്ള പരസ്പര സഹകരണമാകുന്നു. ഇതേ രീതിയിൽ പ്രതിപാദിക്കുന്ന വൈദികപരമായ മററു രേഖകൾ ഇവിടെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

## പുതിയതും പഴയതുമായ ആരാധനക്രമങ്ങൾ

ഏകുക റീത്തു പ്രസ്ഥാനം ഭാരത സംസ്ക്കാരത്തെ അടിസ്ഥാനപ്പെടുത്തി രൂപവത്കൃതമാകുന്ന ഒരു പുതിയ ആരാധനക്രമത്തെപ്പററി വളരെ തറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ ഈ സംസ്ക്കാരമെന്താണ്? ഹൈന്ദവ സംസ്ക്കാരമോ മുസ്ലീം സംസ്ക്കാരമോ അതോ അവയുടെ സമ്മിശ്രണമോ? ഇൻഡ്യൻ റീത്തിനെപ്പററി വാദിക്കുന്ന പലർക്കും ഹൈന്ദവ സംസ്ക്കാ

www.malankaralibrary.com

മാണു മനസ്സിലുള്ളതെന്നു തോന്നുന്നു. പക്ഷെ ഇൻഡ്യയിലെ മുസ്ലീമിങ്ങളും ഇൻഡ്യാക്കാരാണ്. ഇനി ഹൈന്ദവസംസ്കാരം തന്നെ ഒരേതരത്തിലുള്ളതല്ല. വടക്ക് ആര്യസംസംകാരത്തിനാണ് പ്രാമുഖ്യമെങ്കിൽ തെക്കു ദ്രാവിഡസംസ്കാരത്തിനാകുന്നു. ഹിന്ദുസമുദായം അസംഖ്യം ജാതികളായും ഉപജാതികളായും വിഭജിക്കപ്പെട്ടിരിക്കുന്നു. അവ ഓരോന്നും സ്വന്തമായ സംസ്കാരത്തോടുകൂടിയ, അന്യപ്രവേശമില്ലാത്ത സമൂഹങ്ങളാകുന്നു. ഓരോ ജാതിക്കും ഭക്ഷണവും വസ്ത്രധാരണവും ഒരേ ഭാഷയുടെതന്നെ ഉച്ചാരണവും വെവ്വേറെയാകുന്നു. ഈ ജാതികൾ തമ്മിൽ സാമാന്യമായി അന്യോന്യവിവാഹമോ സാമൂഹ്യസംസർഗ്ഗമോ ഉണ്ടായിരിക്കുന്നില്ല.

ഈ ജാതിവരമ്പുകളെല്ലാം തട്ടിത്തകർത്തുവരികയാണെന്നുള്ളതു ശരിതന്നെ. പക്ഷെ അവ സ്ഥാപിക്കുകയും രൂപപ്പെടുത്തുകയും ചെയ്തിട്ടുള്ള മാതൃകകൾ മൗലികമായി മാററപ്പെടാതെ നിലകൊള്ളുന്നു. ഉന്നതജാതികളുടെ വിശുദ്ധഗ്രന്ഥങ്ങളും പ്രാചീന വേദാന്തകൃതികളും—അവയിലാണല്ലൊ അവരുടെ സംസ്കാരം സംഘടിതമായിരിക്കുന്നതു്—മററുള്ളവർക്ക് അപ്രാപ്യമാക്കിവെച്ചിരുന്നു; അവർക്ക് ഈ അടുത്തകാലത്തു മാത്രമാണ് അവ പ്രവേശനക്ഷമമായിട്ടുള്ളു. ഈ അടുത്ത കാലത്തുമാത്രം അവയെപ്പററി ലഭിച്ചിരിക്കുന്ന അറിവ് അവരുടെ സ്വന്തം സംസ്കാരങ്ങൾക്ക് ബദലായിരിക്കുന്നതല്ല. അത്തരം അറിവ് അവർക്ക് ഇപ്പോൾതന്നെ ഉണ്ടായിരിക്കുന്ന സംസ്കാരങ്ങളോടു കൂട്ടിച്ചേർക്കപ്പെടുകയോ അഥവാ അവയിൽ ലയിപ്പിക്കുകയോ മാത്രമേ സാദ്ധ്യമാകുകയുള്ളു.

www.malankaralibrary.com

ഉയൎന്ന ജാതികളുടെ കൈവശമുള്ള വേദാന്തപരവും താത്വികവുമായ പദ്ധതികൾ ഒന്നു മറ്റൊന്നിനെ നിഷേധിക്കുന്നവയാകുന്നു. ഒന്നു് അദ്വൈതമാണു്; അതു് പ്രപഞ്ചത്തിൽനിന്നു് വ്യതിരിക്തമായ ഒരു പുരുഷാത്മകദൈവത്തെ നിഷേധിക്കുന്നു. മറ്റൊന്നു് ദ്വൈതമാണു്; അതു സൃഷ്ടിയെ നിഷേധിക്കുന്നു. മൂന്നാമതൊന്നു് ലൗകായതികമാണു്; ഇത്തരം വേറേയും പലതുണ്ടു്. എല്ലാ സമുദായങ്ങൾക്കും പൊതുവായിട്ടുള്ളതിൽ ആത്മാവിന്റെ പുനർജന്മത്തിലുള്ള വിശ്വാസവും ഉൾപ്പെടുന്നു. ഉയൎന്ന ജാതികളുടെ സാഹിത്യത്തിൽ ക്രിസ്ത്യാനികൾക്കു സ്വീകാര്യമായി തോന്നുന്ന, യഥാർത്ഥത്തിൽ ശ്രേഷ്ഠമായ, വേദാന്തപരവും സന്യാസപരവുമായ ചിന്തകളുണ്ടു്. ഉപവാസം, അനുതാപാഭ്യാസങ്ങൾ, വിശുദ്ധീകരണം തുടങ്ങി ഹിന്ദുമതത്തിലുള്ള പലതും ക്രിസ്തുമതത്തിൽ സമാനമായുള്ളവയോടു സാദൃശ്യമുള്ളവയാകുന്നു. എന്നാൽ അവയുടെ അഭ്യന്തരമായ അർത്ഥവും സാരവും അല്പംപോലും ക്രിസ്തീയമായിരിക്കുന്നില്ല. ഈ ബഹുലങ്ങളായ എല്ലാ പരസ്പരവിരുദ്ധഘടകങ്ങളെയും ഏകീകരിക്കുകയും ക്രൈസ്തവീകരിക്കുകയും വേണം, അവയെ ഒരു ഭാരതീയ ആരാധനക്രമത്തിന്റെ അടിസ്ഥാനമാക്കുവാൻ. ഞാൻ നേരത്തെ പറഞ്ഞതുപോലെ മുസ്ലിം സംസ്കാരത്തെയും അവഗണിക്കുക സാദ്ധ്യമല്ല. ഹിന്ദു-മുസ്ലീം സംസ്കാരങ്ങളുടെ ഉൽഗ്രഥനമാകട്ടെ ഇരുകൂട്ടർക്കും സ്വീകാര്യമായിരിക്കുകയുമില്ല.

സഭയിൽ ഉപയോഗിച്ചുവരുന്ന പ്രാചീന ആരാധനക്രമങ്ങളിൽ ഒന്നുംതന്നെ കുമിൾ (കൂണു്) പോലെ പെട്ടെന്നു മുളച്ചുണ്ടായവയല്ല. അവ സഭയോടൊപ്പം, പടിപടിയായ ഒരു വികസനപദ്ധതിയനുസരിച്ചു് വ

www.malankaralibrary.com

ളുന്നിട്ടുള്ളവയാണ്. ഓരോന്നും ഒരു നിശ്ചിതമാതൃകയനുസരിച്ച് പരിപൂർണ്ണതയിലേക്ക് സ്വയം വളർന്നുവന്നിട്ടുള്ളവയാകുന്നു. മാററമില്ലാത്ത ഘടകങ്ങൾ, വിശുദ്ധകുർബ്ബാനയെന്ന ബലിയുടെയും കൂദാശകളുടെയും സത്ത, ക്രിസ്തുതന്നെ സംസ്ഥാപിച്ചിട്ടുള്ളതും അപ്പസ്തോലന്മാർക്ക് നൽകിയിട്ടുള്ളതുമാകുന്നു. പ്രധാന ക്രൈസ്തവകേന്ദ്രങ്ങളിൽ, ഈ ഘടകങ്ങൾക്കു ചുററും ആരാധനക്രമങ്ങൾ വളർന്നുവരാൻ തുടങ്ങി. അവ ഓരോന്നും അവയുടെ സ്വന്തം ഘടനാപരമായ പൂർണ്ണതയിൽ എത്തുവാൻ ശതവർഷങ്ങൾതന്നെ വേണ്ടിവന്നു. ഓരോന്നും ഇനിയും സഭയോടൊപ്പം വളരാനുണ്ട്. എന്നാൽ അത് എപ്പോഴും സ്വന്തം ഘടനാപരമായ രൂപത്തിനോ ചൈതന്യത്തിനോ ഉള്ളിലായിരിക്കണം.

ചില സഭകൾ മററു ക്രൈസ്തവകേന്ദ്രങ്ങളിൽ വികാസം പ്രാപിച്ചിട്ടുള്ള ആരാധനക്രമങ്ങൾ സ്വീകരിക്കുകയും ആഭ്യന്തരമായ ഉള്ളടക്കത്തിനോ ഘടനയ്ക്കോ ചൈതന്യത്തിനോ കോട്ടംവരാത്തവിധം ബാഹ്യാംശങ്ങളിൽ സ്വന്തം അഭിരുചിക്കൊത്തവിധം അവയെ അനുരൂപപ്പെടുത്തുകയുമുണ്ടായി. പ്രാചീന ആരാധനക്രമങ്ങൾ ഓരോന്നും അപരിച്ഛേദ്യമായ മാനുഷികവും ചരിത്രപരവും മതപരവുമായ മൂല്യങ്ങളുടെ പവിത്രപാരമ്പര്യമാകുന്നു. അവ ഓരോന്നും, സഭ പുതിയതും പഴയതുമായ കാര്യങ്ങൾ പുറത്തേക്കെടുക്കുന്ന ഭണ്ഡാഗാരങ്ങളാകുന്നു. Lex orandi, lex credendi എന്ന ആപ്തവാക്യം അവയ്ക്കു പ്രത്യേകമായവിധം ബാധകമാകുന്നു. കാരണം സഭാപിതാക്കന്മാർ നമുക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വേദപുസ്തകത്തിലും പാരമ്പര്യങ്ങളിലും അടങ്ങിയിരിക്കുന്ന വിശ്വാസത്തിന്റെ പ്രകടനങ്ങളാകുന്നു അവ.

www.malankaralibrary.com

ക്രിസ്തു സംസ്ഥാപിച്ചിട്ടുള്ള മാററമില്ലാത്ത ഘടകങ്ങൾ ഏതെങ്കിലും ഒരു രാജ്യത്തിലെ സാംസ്കാരികഘടകങ്ങളുമായി യോജിപ്പിച്ചുകൊണ്ടു് ഒരു പുതിയ ആരാധനക്രമം രൂപവത്കരിക്കാമെന്നു തീർച്ചയായും നമുക്കു് വാദിക്കാവുന്നതാണു്. എന്നാൽ പ്രസ്താവിത സാംസ്കാരിക ഘടകങ്ങൾ അനേകങ്ങളും പരസ്പരം ബന്ധപ്പെടാത്തവയുമാണെങ്കിൽ ഇതു് അൽപ്പവും എളുപ്പമായ കാര്യമല്ല. ഈ വൈഷമ്യങ്ങളെല്ലാം തരണംചെയ്യാമെന്നിരുന്നാൽതന്നെയും, ലോകത്തിൻെറ വിവിധപ്രദേശങ്ങളിൽ ചരിത്രത്തിൻെറ വിവിധഘട്ടങ്ങളിലൂടെ കടന്നുപോന്നപ്പോഴത്തെ സഭയുടെ ജീവിതത്തെയും ചിന്തയേയും പ്രാർത്ഥനയേയും പ്രകടമാക്കുന്ന വൈദികപരമായ പാരമ്പര്യത്തിൻെറയും ചരിത്രപരമായ നൈരന്തര്യത്തിൻെറയും പ്രയോജനങ്ങൾ പുതിയ ആരാധനക്രമത്തിനു ഉണ്ടായിരിക്കുന്നതല്ല. (4)

* The Eastern Church Review, Vol II, No. 2, Canterbury Road, Oxford, England.

(1) Acta Apostolicae Sedis 36 (Rome 1944) pp. 136-7.

(2) Documents of Vatican II, ed. W. M. Abbott (London and Dublin 1966) p. 374.

(3) Osservatore Romano, 4 Dec. 1964.

(4) പല ആരാധന ക്രമങ്ങളിലെ പാരമ്പര്യ ഘടകങ്ങളെ ഒന്നിച്ചു ഒരു ആരാധന ക്രമമാക്കാനാണു ഏക റീത്തു പ്രസ്ഥാനക്കാർ ഉദ്ദേശിക്കുന്നതെങ്കിലും ഇതുതന്നെ പറയാം. എന്തെന്നാൽ വ്യതിരിക്തമായ ഒരേ മാതിരിയുള്ള പാരമ്പര്യ ദൈവശാസ്ത്രം അഥവാ ദൈവശാസ്ത്ര പരമായ പാരമ്പര്യമാണു ഓരോ , ആരാധനക്രമത്തിനും ഉണ്ടായിരിക്കുന്നതു്,

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com